
കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം ഒരുക്കുന്ന സ്വതന്ത്രചർച്ചാവേദി

Vol 4 Issue 5
July 2016
Published on 15 July
Price Rs. 15.00

# സത്യജ്വാല

മാസിക



## സഭാസമൂഹത്തിനുമേൽ അശനിപാതംപോലൊരു കോടതിവിധി

## എഴുപുന്നപ്പള്ളി പൂട്ടിയിട്ട ആറു വർഷം

## ഞാറയ്ക്കലെ ആറു കന്യാസസ്ത്രീകൾ നീതിക്കുവേണ്ടി നടത്തിയ പോരാട്ടം

‘അല്മായശബ്ദം’ ബ്ലോഗ് സന്ദർശിക്കാൻ : www.almayasabdam.blogspot.in

‘അല്മായശബ്ദം’ വെബ്സൈറ്റ് സന്ദർശിക്കാൻ : www.almayasabdam.com

# സത്യജ്വാല മാസിക

**കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം (KCRM) ഒരുക്കുന്ന സ്വതന്ത്ര ചർച്ചാവേദി**

ജൂലൈ 2016 | പുസ്തകം 4 | ലക്കം 5



*രചനകൾ അയയ്ക്കാൻ :*
*എഡിറ്റർ*
ജോർജ് മൂലേച്ചാലിൽ
വള്ളിച്ചിറ പി.ഒ. കോട്ടയം-686574
ഫോൺ: 9497088904
e- mail: geomoole@gmail.com

*വരിസംഖ്യ അയയ്ക്കേണ്ട വിലാസം:*
മാത്യു എം. തറക്കുന്നേൽ
സർക്കുലേഷൻ മാനേജർ, 'സത്യജ്വാല'
പാലാ പി.ഒ., കോട്ടയം- 686 575
ഫോൺ: 9495188610
e- mail: mtharakunnel@gmail.com

*ബാങ്ക് :* S B T, Pala Branch
A/c No. 67117548175
A/c Name: Kerala Catholic Church Reformation Movement
IFSC Code: SBTR0000120

അൽമായശബ്ദം ബ്ലോഗ്: www.almayasabdam.blogspot.in
അല്മായശബ്ദം' വെബ്സൈറ്റ് : www.almayasabdam.com


## ഈ ലക്കത്തിൽ


**സഭാസമൂഹത്തിനുമേൽ അശനിപാതംപോലൊരു കോടതിവിധി**
മുഖക്കുറി ..... 3

**കത്തോലിക്കാപള്ളി കൂദാശയോടെ സഭയുടേതാകുമെന്നു ഹൈക്കോടതി**
..... 5

**ഹൈക്കോടതിവിധിയെക്കുറിച്ചുള്ള അഭിപ്രായപ്രകടനങ്ങൾ**
..... 6

**എഴുപുന്നപള്ളി പൂട്ടിയിട്ട ആറു വർഷം**
സെന്റ് റാഫേൽ ചർച്ച് ലേമെൻസ് അസ്സോസിയേഷൻ ..... 8

**സഭാകോടതിയിലൂടെയുള്ള വിവാഹമോചനത്തിന് നിയമസാധുതയില്ല: സുപ്രീം കോടതി**
..... 10

**"ഇന്ത്യൻ സഭകൾ ഭരിക്കപ്പെടേണ്ടത് ഇന്ത്യൻ ഭരണഘടനയ്ക്കു വിധേയമായിട്ടായിരിക്കണം"-ജസ്റ്റീസ് കെ.റ്റി.തോമസ്**
..... 11

**ആധുനിക കത്തോലിക്കാസഭയ്ക്കൊരു അത്മായവേദോപദേശം**
സന്തോഷ് ജേക്കബ് ..... 12

**യേശുവിന്റെ ബലി, വി.കുർബ്ബാന, സത്താമാറ്റം**
പി.എം. ചാക്കോ, പേനാട്ടുകളപ്പുരയിൽ ..... 14

**യഹോവായും യേശുവും, പിന്നെ ബലികളും രക്തവും**
ഡോ. അബ്രഹാം കൂത്തോട്ടിൽ, അട്ടപ്പാടി ..... 16

**ബിഷപ്പ് മുരിക്കന്റെകൂടെ പ്രസംഗക്കൊലയാളി!**
റവ. ഡോ. ജെ. ഔസേപ്പറമ്പിൽ ..... 17

**ബലിയല്ല എനിക്കു വേണ്ടത്, കാരുണ്യമാണ്**
ജോർജ് പുഴിക്കാലാ, കാനഡ ..... 18

**'എത്ര സമുന്നതമീ പുരോഹിതധർമ്മം!'**
..... 19

**കേരളകത്തോലിക്കാ മെത്രാൻസംഘ (KCBC)ത്തിന് ഒരു തുറന്ന കത്ത്**
സി.കെ. പുന്നൻ ചിറയിൽ ..... 20

**'ആത്മാവിനെ കൊല്ലാൻ കഴിയാത്തവരെ ഭയപ്പെടേണ്ട'**
ജോർജ് മൂലേച്ചാലിൽ ..... 22

**ഞാറയ്ക്കലെ ആറു കന്യാസസ്ത്രീകൾ നീതിക്കുവേണ്ടി നടത്തിയ പോരാട്ടം**
അഡ്വ. ജോസ് ജോസഫ് അരയകുന്നേൽ. ..... 23

**പ്രതിഷേധാർഹമായ ചെറുവാണ്ടൂർ സംഭവം**
ജെയിംസ് ഐസക് കുടമാളൂർ ..... 25

**കക്ഷി'രാഷ്ട്രീയവും 'പക്ഷ'രാഷ്ട്രീയവും**
അഹമ്മദ് അഷ്റഫ് മൂടിക്കൽ..... .26

**'എന്റെ ദൈവത്തിന് അമ്മയില്ല' - ഒരു പ്രതികരണം**
എ.കെ.എ. റഹിമാൻ ..... 28

**കാലാപെറുക്ക്!**
ഇപ്പൻ ..... 29

**'പൗരോഹിത്യം പരിശുദ്ധാത്മാവിന് എതിരായ പാപം' - ഒരു പ്രതികരണം**
സാമുവൽ കൂടൽ ..... 31

**സഭയിലെ മരിച്ചടക്കുപ്രശ്നം-പ്രതികരണം**
ഫാ. ഡാർലി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി .... 32

**'രസഗുള**
അലോഷ്യസ് ജോസഫ് ..... 34

**ഇലക്ഷനിലെ ഇടപെടൽ ആശയപ്രചാരണത്തിനുവേണ്ടി**
(പ്രോഗ്രാം റിപ്പോർട്ട്)
ഷാജു ജോസ് തറപ്പേൽ ..... 36


**സത്യജ്വാല മാസിക**

| വരിസംഖ്യ | ഇൻഡ്യയിൽ | വിദേശത്ത് |
|---|---|---|
| ഒറ്റപ്രതി | 15 രൂപാ | 100 രൂപാ |
| ഒരു വർഷം | 150 രൂപാ | 1000 രൂപാ |
| 5 വർഷം | 600 രൂപാ | 4000 രൂപാ |

*[പേരുവയ്ക്കാത്ത രചനകൾ എഡിറ്ററുടേത്] [രചനകളിലെ അഭിപ്രായങ്ങൾ അതാത് രചയിതാക്കളുടേത്]*

ജൂലൈ 2016 പുസ്തകം 4 : ലക്കം 5

സത്യജ്വാല

"സാത്താന്റെ കുടിലതന്ത്രങ്ങളെ എതിർത്തു നിൽക്കാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. എന്തെന്നാൽ, നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാര ലോകത്തിന്റെ അധിപൻമാർക്കും സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണു പടവെട്ടുന്നത്. അതിനാൽ, ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ" (എഫേ. 6: 11-12).

**മുഖക്കുറി**

# സഭാസമൂഹത്തിനുമേൽ അശനിപാതംപോലൊരു കോടതിവിധി

സീറോ-മലബാർ സഭാസമൂഹത്തിനുമേൽ ഒരു വെള്ളിടിവെട്ടെന്നപോലെ, കേരളഹൈക്കോടതിയുടെ ഒരു വിധിവന്നിരിക്കുന്നു! 'സീറോ-മലബാർ സഭാംഗങ്ങൾക്ക് കാനോൻ നിയമത്തിന്റെ ചട്ടങ്ങൾ ബാധകമാണെ'ന്നും, 'അതനുസരിച്ച്, സഭയുടെ ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാക്കാര്യങ്ങളും രൂപതാമെത്രാന്റെ നിയന്ത്രണത്തിലാണെ'ന്നും, 'പള്ളിക്കു ഭൂമിനൽകുകയും പള്ളിപണിയുകയുംചെയ്ത സഭാംഗങ്ങൾക്ക്, ആ വസ്തുവകകൾ തങ്ങളുൾപ്പെടുന്ന പബ്ലിക് ട്രസ്റ്റിന്റേതാണെന്നു വാദിക്കാൻ അവകാശമില്ലെ'ന്നും, 'പള്ളി കൂദാശചെയ്യുന്നതോടെ അതു സഭാധികാരികളുടേ(Church authorities)താകു'മെന്നും തീർപ്പുകല്പിച്ച് 2016 മെയ് 23-നു ബഹു. ജസ്റ്റീസ് പി.ബി. സുരേഷ്കുമാർ കേരളാ ഹൈക്കോടതിയിൽ നടത്തിയ വിധിയാണ് ഇവിടെ ഉദ്ദേശിക്കുന്നത് (5-ാം പേജിലെ വാർത്ത കാണുക).

ഒന്നര നൂറ്റാണ്ടു പഴക്കമുള്ളതും തന്റെ പൂർവ്വികരുടെ കുടുംബസ്വത്തായിരുന്നതുമായ എഴുപുന്ന സെന്റ് റാഫേൽസ് പള്ളി പൊളിച്ചുപണിയാൻ സഭാധികാരികൾ പദ്ധതിയിട്ട സന്ദർഭത്തിൽ, പള്ളിയുടെ ഭരണത്തിന് തന്റെ കുടുംബത്തിൽനിന്നുള്ളവരെക്കൂടി ഉൾപ്പെടുത്തിയുള്ള ട്രസ്റ്റ് സംവിധാനം ഉണ്ടാക്കണമെന്നാവശ്യപ്പെട്ട് ഒരു സ്യൂട്ട് ഫയൽ ചെയ്യാനുള്ള അനുമതിക്കായി എഴുപുന്ന പാറായിൽ ശ്രീ ലാലൻ തരകനും ഇടവകക്കാരും ചേർന്ന് ആലപ്പുഴ ജില്ലാക്കോടതിയെ സമീപിക്കുകയും കോടതി അതിന് അനുമതിനൽകുകയും ചെയ്തിരുന്നു. അതിനെതിരെ, സീറോ-മലബാർസഭയുടെ മേജർ ആർച്ചുബിഷപ്പും എറണാകുളം-അങ്കമാലി രൂപതയുടെ വികാരി ജനറാളും ഇടവകവികാരിയും ചേർന്ന് ഹൈക്കോടതിയിൽ നൽകിയ റിവിഷൻ പെറ്റീഷനിലാണ് ഈ വിധിയുണ്ടായിരിക്കുന്നത്.

ഈ കോടതിവിധി കേരളകത്തോലിക്കാസമൂഹത്തെ സംബന്ധിച്ച് അങ്ങേയറ്റം നിരാശാജനകമാണെന്നു കാണാതിരിക്കാനാവില്ല. കുടുംബപശ്ചാത്തലമുള്ള എഴുപുന്ന പള്ളിയുടെ പ്രത്യേക സാഹചര്യത്തിൽ, അതിനുടമസ്ഥരായിരുന്ന കുടുംബത്തിലെ അംഗങ്ങളെ ഉൾപ്പെടുത്തി ട്രസ്റ്റും ഭരണസമിതിയുമുണ്ടാക്കണമെന്ന പരാതിക്കാരുടെ ആവശ്യം മാത്രമല്ല ഈ വിധി തള്ളിക്കളഞ്ഞിരിക്കുന്നത്; സീറോ-മലബാർ സഭയിൽ ട്രസ്റ്റ് എന്ന, അധികാരമുള്ള പള്ളിയോഗമെന്ന, സങ്കല്പത്തെത്തന്നെ നിരാകരിച്ചിരിക്കുകയാണ്. കേരളസഭയുടെ പൂർവ്വപാരമ്പര്യമായ 'തോമായുടെ മാർഗ്ഗവും വഴിപാടും' (Law of Thomas) എന്ന പള്ളിയോഗസഭാഭരണസമ്പ്രദായത്തെക്കുറിച്ചോ, അതിന്റെ വീണ്ടെടുപ്പിനായി സഭാസമൂഹം നടത്തിയ കഠിനപരിശ്രമത്തിനൊടുവിൽ ജസ്റ്റീസ് വി.ആർ.കൃഷ്ണയ്യരുടെ നേതൃത്വത്തിൽ നിയമപരിഷ്ക്കരണകമ്മീഷൻ കേരളഗവൺമെന്റിനു ശിപാർശചെയ്തിട്ടുള്ള 'ചർച്ച് ആക്ടി'(Kerala Christian Church Properties & Institutions Trust Bill-2009)നെക്കുറിച്ചോ മിണ്ടാനാകാത്ത അവസ്ഥ സംജാതമായിരിക്കുന്നു!

കാനോൻ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ വിധി പ്രഖ്യാപിച്ചിരിക്കുന്നതെന്ന് വിധിപ്പകർപ്പിലൂടെ കടന്നുപോയാൽ കാണാവുന്നതാണ്. അതിൽനിന്നുള്ള പ്രസക്തഭാഗങ്ങൾ താഴെക്കൊടുക്കുന്നു:

*"...സീറോ-മലബാർ സഭ റോമൻ കത്തോലിക്കാസഭയിൽപ്പെട്ട ഒരു സഭയാണെന്നകാര്യത്തിൽ തർക്കത്തിനവകാശമില്ല. പരാതിക്കാർ അവരുടെ ആദ്യപരാതിയിൽ(original petition)ത്തന്നെ തങ്ങൾ സീറോ-മലബാർ സഭയിൽപ്പെട്ടവരാണെന്നും, സീറോ-മലബാർ സഭ റോമൻ കത്തോലിക്കാസഭയിൽപ്പെട്ടതാണെന്നും സമ്മതിച്ചിട്ടുമുണ്ട്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, തങ്ങൾ റോമൻ കത്തോലിക്കാവിശ്വാസം പിന്തുടരുന്നവരാണെന്ന് പരാതിക്കാർ സമ്മതിക്കുന്നു... ഈ സാഹചര്യത്തിൽ, അവർ കാനോൻനിയമമെന്ന ആ സഭയുടെ ചട്ടങ്ങൾക്കു കീഴിലാണെന്നു തെളിയുന്നു. കാനോൻ നിയമപ്രകാരം സഭയുടെ ആദ്ധ്യാത്മികവും ഭൗതികവുമായ കാര്യങ്ങളുടെ ഭരണാധികാരി ബിഷപ്പാണ്.... ഈ*

*നിയമമനുസരിച്ച്, ഒരു റോമൻ കത്തോലിക്കാപള്ളി കൂദാശചെയ്യപ്പെടുന്നതോടുകൂടി, അതിന്റെ നിർമ്മാണത്തിൽ ഏതെങ്കിലും ഒരു വിശ്വാസിയോ കൂടുതൽ വിശ്വാസികളോ പങ്കാളിത്തംവഹിച്ചിട്ടുണ്ട് എന്നതു വസ്തുതയാണെങ്കിൽത്തന്നെ, പള്ളി സഭാധികാരികളുടേതായിത്തീരുന്നു...."* (ഖണ്ഡിക 13-ൽനിന്ന് - സ്വന്തം തർജ്ജമ). ഈ വാദഗതിയിലൂന്നിയാണ്, അതായത് കേരളത്തിലെ സീറോ-മലബാർ സഭാസമൂഹത്തിന്റെയോ ഇന്ത്യൻ ഗവൺമെന്റിന്റെയോ യാതൊരു പ്രാതിനിധ്യവുമില്ലാതെ വത്തിക്കാനിൽ ക്രോഡീകരിക്കപ്പെട്ടതും ഇന്ത്യൻ ഭരണഘടനയുടെ അംഗീകാരത്തിനു വിധേയമാക്കപ്പെട്ടിട്ടില്ലാത്തതുമായ ഒരു മതനിയമത്തിന്റെ അടിസ്ഥാനത്തിലാണ്, കേരളഹൈക്കോടതിയിൽ ഇപ്രകാരമൊരു വിധിയുണ്ടായിരിക്കുന്നത്!

ഇന്ത്യൻ റിപ്പബ്ലിക്കിൽ ഇന്ത്യയുടെ ഭരണഘടനയ്ക്കും നിയമങ്ങൾക്കുമല്ലാതെ മറ്റൊരു പരമാധികാരരാഷ്ട്രമായ വത്തിക്കാന്റെ മതനിയമത്തിന് എന്തു നിയമസാധുതയാണുള്ളതെന്ന മർമ്മപ്രധാനമായ ചോദ്യമുന്നയിക്കുന്നതിൽ, എഴുപുന്ന ഇടവകക്കാർക്കുവേണ്ടി കേസു വാദിക്കാൻ നിയുക്തമായ അഭിഭാഷകർ പരാജയപ്പെട്ടു എന്നു തോന്നുന്നു. ഓരോ കേസിലും ഇന്ത്യൻ ഭരണഘടനയ്ക്കനുസൃതമായി നിയമവ്യാഖ്യാനം നടത്തേണ്ട ജഡ്ജി മറ്റൊരു രാഷ്ട്രത്തിന്റെ നിയമങ്ങളെ ആധാരമാക്കി വിധിനിർണ്ണയം നടത്തിയത് എത്രമാത്രം ശരിയാണെന്നും ഇവിടെ സംശയിച്ചുപോകുന്നു.

സ്വാതന്ത്ര്യലബ്ധിക്കുമുമ്പ്, തങ്ങളുടെ അധികാരത്തുടർച്ചയ്ക്കുവേണ്ടി വെള്ളക്കാർ പറയുന്നതെന്തും ചെയ്തുകൊടുത്ത് അവർക്കു പാദസേവ ചെയ്തിരുന്ന ചില നാട്ടുരാജാക്കന്മാരെപ്പോലെ, തങ്ങളുടെ അധികാരസിംഹാസനങ്ങളുടെ കാലുകളുറപ്പിക്കാൻ വത്തിക്കാനിലെ ഭരണസിരാകേന്ദ്രങ്ങളായ 'കൂരിയാ'കളുടെ കാലു തിരുമ്മുന്നവരായിരിക്കുന്നു, സീറോ-മലബാർ മെത്രാന്മാർ. യഥാർത്ഥത്തിൽ, ഇന്ത്യയിലെ ഒരു സഭയുടെയുംമേൽ അധികാരമില്ലാത്ത വത്തിക്കാനിലെ പൗരസ്ത്യസംഘത്തിന്റെ കൈകളിലേക്ക് ഈ സഭയെ വച്ചുകൊടുത്തവരാണവർ. ഇവരിൽനിന്ന് ഒരു നന്മയും വിശ്വാസിസമൂഹം പ്രതീക്ഷിക്കേണ്ടതില്ല. വിശ്വാസിസമൂഹത്തിന്റെ ശതകോടിക്കണക്കിനുള്ള ആസ്തിയും നേർച്ചപ്പണവുമുപയോഗിച്ച്, അതേ വിശ്വാസികൾക്കെതിരെ കേസുനടത്താൻമാത്രം അധാർമ്മികത കൈമുതലാക്കിയവരാണവർ. സുപ്രീംകോടതിക്കപ്പുറത്തു കോടതികളുണ്ടെങ്കിൽ അവരവിടെയും വിശ്വാസികൾക്കെതിരെ നീങ്ങാൻ മടിക്കില്ല. വിശ്വാസികൾക്കനുകൂലമായി എന്തു വിധിയുണ്ടായാലും ഉടൻ മേൽക്കോടതിയിൽ അപ്പീൽകൊടുക്കുകയെന്ന കീഴ്വഴക്കമാണവർ തുടർന്നുപോരുന്നത്.

എന്നാൽ, അത്തരം ഒരു കേസിൽമാത്രം മെത്രാന്മാർ അപ്പീൽ കൊടുക്കുകയുണ്ടായില്ല എന്ന കാര്യം ഇത്തരുണത്തിൽ പ്രത്യേകം ഓർമിക്കേണ്ടതുണ്ട്. പൗരസ്ത്യ കാനോൻനിയമത്തെയും അതിന്റെ അടിസ്ഥാനത്തിൽ സീറോ-മലബാർ സഭാധികാരം രൂപംകൊടുത്ത പള്ളിയോഗനടപടിക്രമങ്ങളെയും, ഇന്ത്യൻഭരണഘടനാതത്വങ്ങളുടെ അടിസ്ഥാനത്തിൽ ചോദ്യംചെയ്ത്, 1998-ൽ 'കാത്തലിക് ലേമെൻസ് അസ്സോസിയേഷ'നെ പ്രതിനിധീകരിച്ച് അതിന്റെ ജന.സെക്രട്ടറി ശ്രീ എം. എൽ. ജോർജ് കോഴിക്കോട് സിവിൽക്കോടതിയിൽ നൽകിയ കേസിന്റെ (OS No. 184/1998) കാര്യമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഈ കേസിലും പതിവുപോലെ, സഭയെ പ്രതിനിധീകരിക്കാൻ സഭാംഗങ്ങൾക്കോ അവരുടെ സംഘടനകൾക്കോ അവകാശമില്ലെന്ന നിലപാടിൽ മെത്രാന്മാർ ഉറച്ചുനിന്നു. എന്നാൽ, വിശ്വാസികൾക്കും സംഘടനകൾക്കും സഭയെ പ്രതിനിധീകരിക്കാനുള്ള അവകാശം (representative capacity) ഉണ്ടെന്നായിരുന്നു വിധി. വിദേശകാനോൻനിയമത്തിന്റെ ഇന്ത്യയിലെ സാധുത ചോദ്യംചെയ്തുകൊടുത്ത കേസിലെ ഈ അനുകൂലവിധി, ഫലത്തിൽ, കാനോൻനിയമത്തിന്റെ ഇന്ത്യയിലെ നിയമസാധുതയ്ക്കെതിരായുള്ള വിധി കൂടിയായിരുന്നുവെന്നു പറയാം. ഇതിനെതിരെ മുന്നോട്ടുപോയാൽ, ഇന്ത്യയിൽ കാനോൻനിയമങ്ങൾക്കു സാധുതയില്ലെന്നു വ്യക്തമാക്കി വിധിയുണ്ടായേക്കുമെന്നു ഭയന്നിട്ടാണ്, മെത്രാന്മാർ അപ്പീൽക്കോടതിയെ സമീപിക്കാഞ്ഞത് എന്നാണു കരുതപ്പെടുന്നത്. മൗനംപാലിച്ചു പതുങ്ങിക്കിടക്കുകയായിരുന്ന അവർ എഴുപുന്ന ഇടവകവിഷയത്തിൽ ഉണർന്നെണീറ്റു പ്രവർത്തിച്ചു എന്നു വേണം കരുതാൻ. ഹൈക്കോടതി വിധിയായതിനാൽ, 'കാത്തലിക് ലേമെൻസ് അസ്സോസിയേഷൻ' സഭാസമൂഹത്തിനുവേണ്ടി നേടിയെടുത്ത അനുകൂലവിധിയും വെള്ളത്തിലായിരിക്കുകയാണിപ്പോൾ.

എഴുപുന്ന പള്ളിക്കേസിൽ, കാനോൻനിയമത്തെ 'ഭരണഘടനാനുസൃത'മാക്കാൻ ബഹു. ജഡ്ജി ശ്രമിച്ചിട്ടുണ്ട് എന്ന കാര്യം മറക്കുന്നില്ല. 'ഇന്ത്യയിലെ ക്രൈസ്തവനിയമ'(Christian Law in India)ത്തെക്കുറിച്ച് ഇ.ഡി.ദേവദാസൻ (E.D. Devadason) എഴുതിയ ഗ്രന്ഥത്തിലെ ചില നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ ശ്രമം നടത്തിയിട്ടുള്ളതെന്നു വിധിന്യായത്തിൽ കാണാം. കാനോൻനിയമത്തിൽ വത്തിക്കാൻ കൂരിയായ്ക്കോ ജനറൽ അസംബ്ലിക്കോ കാലാകാലങ്ങളിൽ മാറ്റങ്ങൾ വരുത്താനാകുമെന്നതിനാൽ അതിനെ ഇന്ത്യയിലെ ക്രൈസ്തവരുടെ 'പരമ്പരാഗതനിയമ'(customary law)മായി കാണാനാവില്ലെന്നും, എന്നാൽ ഇന്ത്യയിലെ കോടതികൾക്ക് അതിലെ ചട്ടങ്ങളെ സന്നദ്ധസംഘടനകളുടെ ചട്ടങ്ങളുടെ രീതിയിൽ പരിഗണിക്കാനാവുമെന്നുമാണ് അദ്ദേഹത്തിന്റെ നിരീക്ഷണം. ക്ലബ്ബുകളുടെ ചട്ടങ്ങളുമായാണ് അദ്ദേഹം കാനോൻനിയമചട്ടങ്ങളെ ഉപമിക്കുന്നത്. അദ്ദേഹം എഴുതുന്നു: *"ഒരു വ്യക്തി ഒരു ക്ലബ്ബിന്റെ അംഗമായി തുടരുന്നിടത്തോളംകാലം അയാൾ അതിന്റെ ചട്ടങ്ങൾക്കും കാലാകാലങ്ങളിൽ അതിൽ വരുത്തുന്ന മാറ്റങ്ങൾക്കും വിധേയനാണ്. ക്ലബ്ബിലെ അംഗങ്ങൾതമ്മിലും അംഗങ്ങളും ക്ലബ്ബുംതമ്മിലുമുള്ള ഇടപാടുകളിൽ ഈ ചട്ടങ്ങൾക്കു പ്രാബല്യമുണ്ട്. വാസ്തവത്തിൽ, ക്ലബ്ബിന്റെ ചട്ടങ്ങൾക്ക്, ഓരോ അംഗവും ക്ലബ്ബുമായി ഒരു കരാറിൽ ഏർപ്പെട്ടാലെന്നപോലത്തെ പ്രാബല്യമാണുള്ളത്. അപ്രകാരം ഓരോ അംഗവും, ക്ലബ്ബംഗത്വത്തിനുവേണ്ടി, അതുമായി ഒരു*

ശേഷം 7-ാം പേജിൽ

# കത്തോലിക്കാപള്ളി കൂദാശയോടെ സഭയുടേതാകുമെന്നു ഹൈക്കോടതി

*[2016 ജൂൺ 18-ന് മനോരമയിൽ വന്ന വാർത്ത]*

**ക**ത്തോലിക്കാപള്ളി പണിയാൻ സ്ഥലംനൽകിയെന്നോ പള്ളി പണിതെന്നോ ഉള്ള കാരണത്താൽ പള്ളിയും വസ്തുക്കളും പൊതുട്രസ്റ്റ് ആകില്ലെന്നും അതു സഭയുടെ സ്വന്തമാണെന്നും ഹൈക്കോടതി വ്യക്തമാക്കി.

കത്തോലിക്കാ പള്ളി കൂദാശ ചെയ്യുന്നതോടെ സഭയുടെ വസ്തുവായിത്തീരുമെന്നാണു കാനോനികനിയമം. ഏതെങ്കിലും വിശ്വാസി സ്ഥലംനൽകുകയോ പള്ളി പണിക്കു സംഭാവന നൽകുകയോ ചെയ്യുന്നത് അപ്രസക്തമാണെന്നു കോടതി വ്യക്തമാക്കി.

എഴുപുന്ന സെന്റ് റാഫേൽ പള്ളി സംബന്ധിച്ച തർക്കത്തിലാണു ജസ്റ്റീസ് പി.ബി. സുരേഷ്കുമാറിന്റെ ഉത്തരവ്. "കാനോനിക നിയമപ്രകാരം സീറോ-മലബാർസഭ കത്തോലിക്കാസഭയുടെ ഭാഗമാണ്. കത്തോലിക്കാ വിശ്വാസം പിൻതുടരുന്ന സീറോ-മലബാർ സഭാംഗങ്ങൾക്കു കാനോനിക നിയമത്തിന്റെ ചട്ടങ്ങൾ ബാധകമാണ്. ഇതനുസരിച്ചു സഭയുടെ ആധ്യാത്മിക, ഭൗതികകാര്യങ്ങൾ ബിഷപ്പിന്റെ നിയന്ത്രണത്തിലാണ്. പള്ളിക്കു ഭൂമി നൽകുകയും പള്ളി പണിയുകയും അറ്റകുറ്റം തീർക്കുകയും ചെയ്താലും വസ്തുക്കൾ പബ്ലിക്ക് ട്രസ്റ്റിന്റേതാണെന്നു വാദിക്കാൻ സീറോ-മലബാർ സഭാംഗങ്ങളായ കത്തോലിക്കാവിശ്വാസികൾക്കു സാധ്യമല്ല" - കോടതി വ്യക്തമാക്കി.

എഴുപുന്ന പള്ളിയുടെ ഭൂമിയും കെട്ടിടവും തന്റെ പൂർവ്വികരുടെ ട്രസ്റ്റിൽനിന്നു കിട്ടിയതാണെന്നും പള്ളിഭരണത്തിനു സ്കീം തയാറാക്കണമെന്നും ആവശ്യപ്പെട്ട് ഇടവകാംഗമായ ലാലൻ തരകനും മറ്റും ആലപ്പുഴ ജില്ലാക്കോടതിയിൽ അന്യായം നൽകിയിരുന്നു.



തന്റെ കുടുംബക്കാർക്കുള്ള അവകാശം മാനിച്ചു പള്ളി ഭരണത്തിനു കൈക്കാരനെ നിയമിക്കണമെന്നും വാദിച്ചു. സഭാധികാരികൾ പള്ളി പൊളിക്കാൻ മുതിരുന്ന സാഹചര്യത്തിലായിരുന്നു അന്യായം. അന്യായം പരിഗണിച്ച ജില്ലാക്കോടതി പള്ളിയും വസ്തുക്കളും മതസ്വഭാവമുള്ള പൊതുട്രസ്റ്റിന്റെ രൂപത്തിലാണെന്നു വിധിച്ചു.

**"...പള്ളിക്കു ഭൂമി നൽകുകയും പള്ളി പണിയുകയും അറ്റകുറ്റം തീർക്കുകയും ചെയ്താലും വസ്തുക്കൾ പബ്ലിക്ക് ട്രസ്റ്റിന്റേതാണെന്നു വാദിക്കാൻ സീറോ-മലബാർ സഭാംഗങ്ങളായ കത്തോലിക്കാവിശ്വാസികൾക്കു സാധ്യമല്ല" - കോടതി വ്യക്തമാക്കി.**

ഇതിനെതിരെ എറണാകുളം അങ്കമാലി അതിരൂപതയുടെ മേജർ ആർച്ച്ബിഷപ്പ്, വികാരി ജനറൽ, ഇടവക വികാരി എന്നിവർ നൽകിയ റിവിഷൻ ഹർജി അനുവദിച്ചാണു ഹൈക്കോടതി ഉത്തരവ്.

പള്ളിയിരിക്കുന്ന വസ്തുക്കൾ രേഖപ്രകാരം കൈമാറിയതാണെന്നു കക്ഷികളെല്ലാം സമ്മതിക്കുന്നുണ്ടെന്നു കോടതി വിലയിരുത്തി. എഴുപുന്ന സെന്റ് റാഫേൽ പള്ളി കത്തോലിക്കാ പള്ളിയും ഹർജിക്കാർ സീറോ-മലബാർ സഭാംഗങ്ങളുമാണ്.

വസ്തുക്കൾ കൈമാറിയ കാര്യം ഹർജിക്കാരൻ സമ്മതിക്കുന്ന സാഹചര്യത്തിൽ, അതു സീറോ-മലബാർ സഭയ്ക്കു കൈമാറിയെന്നു പരിഗണിക്കാമെന്നു കോടതി വ്യക്തമാക്കി.

ആലപ്പുഴ ജില്ലാക്കോടതിയുടെ വിധി റദ്ദാക്കിയാണു ഹൈക്കോടതി വിധി.

# ഹൈക്കോടതി വിധിയെക്കുറിച്ചുള്ള അഭിപ്രായപ്രകടനങ്ങൾ

## അത്മായരോടുള്ള വെല്ലുവിളി
**ജോർജ് കുറ്റിക്കാട്ട്, ജർമ്മനി**



സീറോ-മലബാർ സഭാനേതൃത്വവും സഭാംഗങ്ങളായ 'അൽമായരും' ഒരു ആദർശയുദ്ധത്തിന്റെ വക്കോളം എത്തിനിൽക്കുന്നുവെന്ന് ഇവിടെ കാണാൻ കഴിയും. അൽമായരുടെ സഹായം ഇനിയും തങ്ങൾക്ക് അശ്ശേഷം ആവശ്യമില്ലെന്നമട്ടിലുള്ള കടുത്ത വെല്ലുവിളിയാണ് ഹൈക്കോടതിവിധിവഴി സഭാനേതൃത്വം നടത്തിയിരിക്കുന്നത്.

ജർമനിയിൽ 16-ാം നൂറ്റാണ്ടിൽ മാർട്ടിൻ ലൂതറിന്റെ നേതൃത്വത്തിൽ കത്തോലിക്കാസഭാനേതൃത്വത്തെ എങ്ങനെ നേരിട്ടോ, അതേ വഴി കേരളത്തിലെ സഭാംഗങ്ങൾ ഇനി ചിന്തിച്ചുതുടങ്ങും. അൽമായരെ മുഴുവൻ പാപികളാക്കി ചിത്രീകരിച്ചു പാപം പൊറുക്കുവാൻപോലും പണം പിരിച്ചെടുക്കുന്ന കേരളത്തിലെ സഭാനേതൃത്വം ഹൈക്കോടതിയെ സമീപിച്ചത് ക്രിസ്തീയമായില്ല. സഭാനേതൃത്വത്തിലിരിക്കുന്ന കർദ്ദിനാൾമുതൽ കപ്യാർമാർവരെയുള്ളവർ സഭയുടെ ധനം ആർഭാടത്തോടെ ചെലവുചെയ്യുന്നു. കേരളത്തിലെ മെത്രാന്മാർ, കർദ്ദിനാൾ ഇവരെല്ലാം യൂറോപ്പിൽ പണപ്പിരിവു നടത്തുന്നു. ഇത്തരം പച്ച യാഥാർത്ഥ്യം നാം അറിയണം. അൽമായരെ വെല്ലുവിളിച്ചു സീറോ-മലബാർ നേതൃത്വം രാജകീയനിറം കാണിച്ചാൽ ആ തെറ്റിനെതിരെ ലോകമെമ്പാടും ജീവിക്കുന്ന അൽമായരുടെ എതിർപ്പ് ശക്തമായിത്തന്നെ ഉണ്ടാകുമെന്നു തീർച്ച. അഴിമതിക്കാരായ മെത്രാന്മാരെയും വൈദികരെയും സഭാസമൂഹം ബഹിഷ്ക്കരിക്കുന്ന ഒരു സാഹചര്യം മെത്രാന്മാർ ഒഴിവാക്കിയാൽ അത് അവർക്കു നന്നായിരിക്കും.

## ഇന്ത്യയുടെ പരമാധികാരത്തെ ചോദ്യം ചെയ്യുന്നു
**വി.കെ. ജോയി**



ഇന്ത്യ ഒരു സ്വതന്ത്രപരമാധികാര മതനിരപേക്ഷസോഷ്യലിസ്റ്റ് രാഷ്ട്രമാണ്. ഈ രാഷ്ട്രത്തിലെ പൗരന്മാരായ കത്തോലിക്കരുടെ സമൂഹസമ്പത്തിന്റെ ഭരണം ഏറ്റെടുത്തു നടത്താൻ മറ്റൊരു പരമാധികാരരാഷ്ട്രമായ വത്തിക്കാനിലെ രാഷ്ട്രത്തലവന് എന്ത് അധികാരമാണുള്ളത്? കാനോൻ നിയമത്തിലെ ഈ വകുപ്പ് ഇന്ത്യയുടെ പരമാധികാരത്തെത്തന്നെ ചോദ്യം ചെയ്യുകയല്ലേ?

കാനോന 1012 ഇങ്ങനെ പറയുന്നു: "രൂപതയുടെ നന്മയ്ക്ക് ആവശ്യമായ സാഹചര്യത്തിൽ, ധനകാര്യ കൗൺസിലിന്റെ സമ്മതത്തോടുകൂടി തന്റെ അധികാര പരിധിയിൽപ്പെട്ട നൈയാമികവ്യക്തികൾക്കോരോന്നിനും അവയുടെ വരുമാനത്തിന് ആനുപാതികമായി നികുതി ചുമത്തുവാൻ രൂപതാമെത്രാന് അവകാശമുണ്ട്." ഇന്ത്യൻ പൗരന്മാരുടെമേൽ നികുതിചുമത്താനുള്ള അധികാരവും മാർപ്പാപ്പാ മെത്രാന്മാർക്ക് നൽകുന്നു! അതായത്, സ്വതന്ത്ര ഇന്ത്യാ മഹാരാജ്യത്തിനുള്ളിൽ കത്തോലിക്കാ മതവിശ്വാസികളായ പൗരന്മാരെ ഭരിക്കാനുള്ള അവകാശം വിദേശരാഷ്ട്രത്തലവനായ മാർപ്പാപ്പാ നിയമിക്കുന്ന മെത്രാന്മാരിൽ നിക്ഷിപ്തമാക്കിയിരിക്കുന്നു! മെത്രാന്മാർ മാത്രമല്ല, എല്ലാ പുരോഹിതരും എല്ലാ സന്ന്യസ്തരും പൗരോഹിത്യം ഏറ്റെടുക്കുന്നതിനുമുമ്പ് മാർപ്പാപ്പായോട് വിധേയത്വ പ്രതിജ്ഞ നടത്തുന്നുണ്ട്. ഇത് ഇന്ത്യൻ ഭരണഘടനയോടുള്ള വെല്ലുവിളിയാണ്.

## യൂദാസിന്റെ മാതൃക സ്വീകരിക്കൂ
**പി.എ. മാത്യു**



'തന്റെ പ്രവൃത്തിയിൽ മനം നൊന്ത യൂദാസ് പോയി കെട്ടിത്തൂങ്ങിച്ചത്തു' എന്നു ബൈബിൾ വചനം... 'ഞങ്ങളാണ് സഭ'യെന്നും 'ഞങ്ങൾ പറയുന്നപോലെയാണ് സഭയിൽ എല്ലാ കാര്യങ്ങളും നടക്കുന്ന'തെന്നും വിശ്വസിക്കുകയും വീമ്പുപറയുകയും ചെയ്തിരുന്ന പള്ളിക്കമ്മിറ്റിക്കാർക്കും വിശ്വാസികൾക്കും ഇനി യൂദാസിന്റെ നല്ല മാതൃക സ്വീകരിക്കാവുന്നതാണ്. 'നിങ്ങളാണ് സഭ' എന്ന് അൽത്താരയിൽ കയറിനിന്ന് വിളിച്ചുകൂവി ജനങ്ങളെ ഇത്രയും നാൾ കബളിപ്പിച്ച പുരോഹിതർക്കും എന്തുകൊണ്ട് ഇതേ മാർഗം പരീക്ഷിച്ചുകൂടാ?

## പുരോഹിതനിയമം രാഷ്ട്രനിയമത്തിനു മേലെയോ?
**കെ. ജോർജ് ജോസഫ്**



കാനോൻ നിയമം മതപരമായ നിയമമാണ്. ആത്മീയകാര്യങ്ങളിലല്ലാതെ സ്വത്തുകാര്യങ്ങളിൽ അത് എങ്ങനെ സാധുവാകും? സ്വതന്ത്രപരമാധികാരരാഷ്ട്രനിയമങ്ങൾക്കു മേലെയാണോ മറ്റൊരു രാജ്യത്തിന്റെയോ വംശത്തിന്റെയോ മതത്തിന്റെയോ നിയമങ്ങൾ?

കത്തോലിക്കാ ആചാരാനുഷ്ഠാനങ്ങളുടെയും വത്തിക്കാനെന്ന മതരാഷ്ട്രത്തിന്റെയും കാര്യത്തിൽ പ്രസക്തമായ നിയമം, സമുദായസ്വത്തിന്റെ ഭരണകാര്യത്തിൽ ബാധകമാണെന്ന വാദം അംഗീകരിച്ച കോടതി ഇന്ത്യൻ ഭരണഘടനയെയും നിയമങ്ങളെയും പൗരാവകാശങ്ങളെയുമാണ് നിഷേധിച്ചിരിക്കുന്നത്. മറ്റെന്തോ താൽപര്യങ്ങൾ ഇതിൽ അന്തർലീനമായിട്ടുണ്ട്. അത് തുറന്നുകാട്ടേണ്ടതാണ്; എതിർക്കപ്പെടേണ്ടതാണ്.

**മുഖക്കുറി തുടർച്ച....**

*കരാർവ്യവസ്ഥയിലേർപ്പെട്ട് അതിന്റെ ചട്ടങ്ങൾ അംഗീകരിക്കുകയാണ്. അതേപോലെ, ഒരാൾ ഒരു സഭയുടെ അംഗത്വം സ്വീകരിക്കുന്നതോടെ ആ സഭയുമായി ഒരു കരാറിലേർപ്പെട്ടാലെന്നപോലെ അതിന്റെ ചട്ടങ്ങൾക്കും ചിട്ടകൾക്കും (rules and regulations) അയാൾ വിധേയനാകുന്നു. കാരണം, ആ കരാർവ്യവസ്ഥയിലൂടെമാത്രമാണ് അയാൾക്കു സഭാംഗത്വം ലഭ്യമാകുന്നത്"* (ഖണ്ഡിക 13-ൽ കൊടുത്തിരിക്കുന്ന റഫറൻസിൽ നിന്ന് - തർജ്ജമ സ്വന്തം).

ഇ.ഡി. ദേവദാസന്റെ ഈ അഭിപ്രായപ്രകടനത്തെ ഇന്ത്യൻ നിയമവ്യവസ്ഥ സ്വീകരിച്ചംഗീകരിച്ചിട്ടുള്ളതായി വിധിന്യായത്തിൽ പറഞ്ഞിട്ടില്ല. അതിനു സാധ്യതയുമില്ല. വിദേശത്ത് ആസ്ഥാനമുള്ളതും അവിടെവച്ചു ചട്ടങ്ങൾക്കു രൂപംകൊടുക്കുന്നതുമായ ഒരു വിദേശക്ലബ്ബിന് മറ്റു രാജ്യങ്ങളിൽ അതിന്റെ യൂണിറ്റുകൾ സ്ഥാപിച്ച് ആ രാജ്യങ്ങളിലെ വസ്തുവകകളുടെയും സ്ഥാപനങ്ങളുടെയുംമേൽ ഉടമസ്ഥതയും ഭരണാധികാരവും കൈയാളാൻ ഏതെങ്കിലും ഒരു രാജ്യം അനുവദിക്കുമോ? ഏതെങ്കിലുമൊരു വിദേശ ക്ലബ്ബിന് ഇന്ത്യയിലെ പൗരന്മാരെയും അവരുടെ സ്വത്തുവകകളെയും അതിന്റെ അധികാരഭരണത്തിൻകീഴിലാക്കാനുള്ള അവകാശം ഇന്ത്യ നൽകിയിട്ടുണ്ടോ? അങ്ങനെയൊരു വിദേശഭരണത്തിനുള്ള പഴുത് ഇന്ത്യൻ ഭരണഘടനയിലുണ്ടോ? ഉണ്ടാകാനിടയില്ലതന്നെ. അപ്പോൾ, റോമൻ കത്തോലിക്കാമതത്തിന്റെ ആസ്ഥാനവും മറ്റൊരു സ്വതന്ത്രപരമാധികാരരാഷ്ട്രവുമായ വത്തിക്കാൻ രൂപംകൊടുത്ത ഒരു മതനിയമത്തിലെ ചട്ടങ്ങളെയും ഭരണവ്യവസ്ഥയെയും വെറുമൊരു ക്ലബ്ബിന്റെ ചട്ടങ്ങളുമായി സാദൃശ്യപ്പെടുത്താനാവില്ല എന്നുവരുന്നു. അല്ലെങ്കിൽതന്നെ, കത്തോലിക്കാസഭ പഠിപ്പിക്കുന്നതുപ്രകാരം ഒരാൾക്കു സഭാംഗത്വം ലഭിക്കുന്നത് മാമ്മോദീസാവഴിയാണ്; അല്ലാതെ, ഏതെങ്കിലും കരാർപ്രകാരമല്ല. ഇതൊന്നും ചൂണ്ടിക്കാണിക്കുവാൻ ഇടവകക്കാരുടെ അഭിഭാഷകർക്ക് കഴിയാതെപോയി എന്നുവേണം കരുതാൻ.

കാനോൻ നിയമപ്രകാരമുള്ള പള്ളികളുടെ ഭൗതികഭരണത്തെ, ഇന്ത്യയുടെ പരമാധികാരത്തിന്മേലുള്ള വത്തിക്കാന്റെ കടന്നുകയറ്റമായി കാണേണ്ടതുണ്ട്. വത്തിക്കാൻ രാഷ്ട്രം ഇന്ത്യയിലെ കത്തോലിക്കാപള്ളികളെയും വസ്തുവകകളെയും സ്ഥാപനങ്ങളെയും, അവയുടെ യഥാർത്ഥ ഉടമകളും അവകാശികളുമായ വിശ്വാസിസമൂഹത്തെ കാനോൻനിയമമെന്ന മതനിയമംകൊണ്ടു നിശ്ശബ്ദരും അടിമകളുമാക്കി, കൈയേറുന്ന ഭരണഘടനാവിരുദ്ധമായ ഒരു പ്രക്രിയയാണിന്നു നടന്നുവരുന്നതെന്ന്, ഭരണഘടനയെ സംരക്ഷിക്കാൻ കടപ്പെട്ട ഇന്ത്യയിലെ നീതിന്യായക്കോടതികളും ഗവൺമെന്റുകളും രാഷ്ട്രീയപാർട്ടികളും തിരിച്ചറിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇതു സ്വമേധയാ മനസ്സിലാക്കി പ്രവർത്തിക്കാൻ അവ തയ്യാറാകാത്ത സാഹചര്യം തുടരുകയാണെങ്കിൽ, ഇക്കാര്യം ഈ എല്ലാ വിഭാഗത്തിലുള്ളവരെയും ബോധ്യപ്പെടുത്താനാവശ്യമായ നിയമപരമായ നീക്കങ്ങൾക്ക് എത്ര ത്യാഗംസഹിച്ചും വിശ്വാസിസമൂഹം തയ്യാറാകേണ്ടിയിരിക്കുന്നു.

ഈ ദിശയിൽ ആദ്യം ചെയ്യേണ്ടത്, എഴുപുന്ന പള്ളിക്കേസിലുണ്ടായിരിക്കുന്ന വിധി തിരുത്തിക്കിട്ടാൻ സുപ്രീം കോടതിയെ സമീപിക്കുകയാണ്. കാനോൻ നിയമത്തിന്റെ ഭരണഘടനാസാധുതയെ ചോദ്യം ചെയ്തുള്ള നിയമനീക്കങ്ങൾക്കും ഇനി അമാന്തിച്ചു കൂടാ. 'ചർച്ച് ആക്ട്' നടപ്പാക്കിക്കിട്ടുവാനുള്ള പ്രക്ഷോഭണവും വൈകാതെ പുനരാരംഭിക്കേണ്ടിയിരിക്കുന്നു...

ഇതെല്ലാം കാര്യക്ഷമമായി മുന്നോട്ടു നീക്കണമെങ്കിൽ, ലോകമെമ്പാടുമുള്ള കേരളകത്തോലിക്കർ കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കി ഉണരുകയും ഈ ലക്ഷ്യങ്ങൾക്കായി ഒരുമിക്കുകയും ചെയ്യേണ്ടതുണ്ട്; ആളും അർത്ഥവും കണ്ടെത്തേണ്ടതുണ്ട്; കഴിവും കാഴ്ചപ്പാടും ധീരതയും ത്യാഗസന്നദ്ധതയും സഭാസ്നേഹവുമുള്ള ഒരു നേതൃനിരയെ ഉയർത്തിക്കൊണ്ടുവരേണ്ടതുമുണ്ട്.

ഏതൊരു ക്രൈസ്തവസഭയുടെയും നിയമനിർമ്മാണം, യേശുവിന്റെ കല്പനപ്രകാരം മനുഷ്യനുവേണ്ടി ആയിരിക്കേണ്ടതുണ്ട്. മനുഷ്യരെ മാറ്റിനിർത്തി, അവരെ ചൂഷണംചെയ്യാനും ഭരിക്കാനും ഉദ്ദേശിച്ചു നടത്തുന്ന ഒരു നിയമനിർമ്മാണവും ക്രിസ്തീയമല്ല. തന്റെ ശിഷ്യർ അധികാരം ഭരിക്കുന്നവരായിരിക്കരുതെന്ന അവിടുത്തെ കല്പന (മർക്കോ. 10:42-45)യുടെ നഗ്നമായ ലംഘനവും എതിർസാക്ഷ്യവുമാണ്, സഭയുടെമേൽ സമഗ്രാധിപത്യം ഉറപ്പിച്ചെടുക്കാനും സ്വത്തുക്കൾ പിടിച്ചെടുക്കാനും ലക്ഷ്യമിട്ടുള്ള കാനോൻനിയമവകുപ്പുകൾ. മറുവഴിയിലൂടെ അകത്തുകടക്കുന്ന കള്ളയിടയൻമാർക്കു മാത്രമേ (യോഹ. 10:1) അത്തരം നിയമങ്ങൾ നിർമ്മിക്കാനാവൂ. അതുകൊണ്ടുതന്നെ അത്തരം വകുപ്പുകൾ റദ്ദുചെയ്യണമെന്ന് മാർപ്പാപ്പായോടും സീറോ-മലബാർ മെത്രാന്മാരോടും ആവശ്യപ്പെടാനും നാം തയ്യാറാകേണ്ടിയിരിക്കുന്നു.

**- എഡിറ്റർ**

## സത്യജ്വാല സാമ്പത്തികസ്ഥിതി

### 2016 ജൂൺ-ജൂലൈ

| | | |
|---|---|---|
| **മുൻ സംഭാവനത്തുക** | : | 1,04,440.00 |
| **ഡോ. ബോബി മാനുവൽ, പാലക്കാട്** | : | 5000.00 |
| **ജോർജ് വി. റ്റി. വാളിപ്ലാക്കൽ** | : | 1000.00 |
| **Knanaya Association of North America (KANA) -300 ഡോളർ** | . | ഉദ്ദേശം:19000.00 |
| **2015 നവംബർമുതൽ 2016 ജൂലൈ പകുതിവരെ ലഭിച്ച ആകെ സംഭാവന** | : | 1,29,440.00 |

**കുറിപ്പ്:** കഴിഞ്ഞ മാസം മാസിക അച്ചടിച്ചുകഴിഞ്ഞപ്പോൾ 5000 രൂപയോളം ബാക്കിയുണ്ടായിരുന്നു. ഈ മാസത്തെ സംഭാവനത്തുകയും (24000). വരിസംഖ്യയിനത്തിൽ ലഭിച്ചിട്ടുള്ള 16600 രൂപയും ചേർത്ത് ഇപ്പോൾ കൈവശം 43600 രൂപയുണ്ട്. ജൂലൈ ലക്കം അടിച്ചുകഴിയുമ്പോൾ (ഉദ്ദേശം 25000 രൂപാ) ഓഗസ്റ്റിലേക്ക് 18600 രൂപാ ബാക്കിയുണ്ടാകും എന്നു പ്രതീക്ഷിക്കുന്നു.

**-സർക്കുലേഷൻ മാനേജർ & എഡിറ്റർ**

# എഴുപുന്നപ്പള്ളി
## പൂട്ടിയിട്ട
# ആറു വർഷം

**സെന്റ് റാഫേൽ ചർച്ച് ലേമെൻസ് അസ്സോസിയേഷൻ**

**2008** ഒക്ടോബർ 3-ാം തീയതിയിലെ പ്രഭാതം വളരെ ശാന്തസുന്ദരമായിരുന്നു. എന്നാൽ അപ്രതീക്ഷിതമായി ആ സംഭവം ആ ദിവസത്തിന്റെ ശാന്തത മുഴുവൻ തകർത്തുകളഞ്ഞു. അന്നാണ് 149 വർഷം പഴക്കമുള്ള നമ്മുടെ പൈതൃക പള്ളി അപകടകരമായ അവസ്ഥയിലാണെന്നും ആയതിനാൽ ആരാധനയ്ക്കു യോഗ്യമല്ലെന്നുമുള്ള പാറായി പള്ളി വികാരിയുടെ പ്രഖ്യാപനമുണ്ടായത്. ഓരോ വിശ്വാസിയുടെയും നെഞ്ചിൽ തീ കോരിയിട്ട ആ സംഭവത്തിനു കാരണമായത് പള്ളിയുടെ സീലിങ്ങിൽനിന്ന് അടർന്നുവീണ കേവലം രണ്ടു പലകക്കഷണങ്ങളായിരുന്നു. ഈ സംഭവമായിരുന്നു നമ്മുടെ പള്ളി അടച്ചുപൂട്ടുന്നതിലേക്കെത്തിച്ചത്. പള്ളിമണികൾ മുഴക്കി ഇടവക ജനങ്ങളെ വിളിച്ചുകൂട്ടി അറിയിക്കേണ്ട ഈ സംഭവം അങ്ങനെയൊന്നും ചെയ്യാതെതന്നെ ഇവർ തീർത്തു. കേവലം രണ്ടു മരപ്പലകകൾ അടർന്നുവീണത് (വീണതോ വീഴിച്ചതോ?) പള്ളി പൂട്ടിയിടാനുള്ള ഒരു കാരണമാകുമോ എന്ന ചിന്ത എല്ലാവരുടെ മനസ്സിലും അതിശയോക്തി നിറച്ചു. എന്നാൽ ഒരു കുലുക്കവുമില്ലാതെ ശാന്തനായി നിന്ന വികാരിയുടെ പെരുമാറ്റം (ആമേൻ സിനിമയിലെ ഒറ്റപ്ലാക്കൽ അച്ചനെപ്പോലെ) ആരൊക്കെയോ ഒരുക്കിയ ഒരു തിരക്കഥ ആടിത്തീർക്കാനുള്ള മുന്നൊരുക്കമായിരുന്നു.

പെട്ടെന്നുണ്ടായ ഈ പള്ളിപൂട്ടൽ വഞ്ചനയും കളവും നിറഞ്ഞ മാർഗ്ഗങ്ങളിലൂടെയായിരുന്നു. സംഭവത്തിന്റെ പിറ്റേന്ന് പള്ളിയിലെത്തിയ ജനങ്ങൾ കണ്ടത് കുർബ്ബാന എഴുപുന്ന എഫ്.സി. കോൺവെന്റിലേക്കു മാറ്റിയെന്ന് എഴുതി പള്ളിച്ചുമരിൽ പതിപ്പിച്ച ഒരു പോസ്റ്ററായിരുന്നു. ഒരു പ്രഗൽഭ എഞ്ചിനീയറുടെ ശിപാർശപ്രകാരം പള്ളി അടച്ചുപൂട്ടുകയാണ് എന്നതാണ് പോസ്റ്ററിന്റെ ഉള്ളടക്കം. പള്ളി അടച്ചുപൂട്ടുന്നതിനെപ്പറ്റി വിശ്വാസികൾക്ക് യാതൊരറിവും ഇല്ലായിരുന്നു എന്നതാണ് വാസ്തവം. നിഷ്ക്കളങ്കരായ വിശ്വാസികൾ പള്ളികളിൽ പ്രാർത്ഥിക്കുന്ന സമയങ്ങളിൽ അതിബുദ്ധിമാന്മാരായ ചിലർ പള്ളി എങ്ങനെ പൂട്ടാമെന്നുള്ള ഗൂഢാലോചനയിൽ വ്യാപൃതരായിരുന്നു.



ഗൂഢാലോചന ഇങ്ങനെ: സീലിംഗ് പലകകൾ അടർന്നു വീണ ഒക്ടോബർ 3-ാം തീയതിക്കു മൂന്നു മാസം മുൻപ് ജൂലൈ മാസത്തിൽ ഗൂഢാലോചനക്കാർ തങ്ങളുടെ ഇംഗിതത്തിനു വഴങ്ങുന്ന ഒരു സ്വകാര്യ എഞ്ചിനീയറെ തിരഞ്ഞെടുത്തു. ഇവരുടെ നിർദ്ദേശമനുസരിച്ച് എഞ്ചിനീയർ പലതവണ നമ്മുടെ പള്ളിയിൽ ഇടവകക്കാര റിയാതെ രഹസ്യസന്ദർശനം നടത്തി. തുടർന്ന്, ഇവരുടെ നിർദ്ദേശമനുസരിച്ച് ഓഗസ്റ്റ് 13-ാം തീയതി പള്ളി ആരാധനയ്ക്കു യോഗ്യമല്ലെന്നുള്ള റിപ്പോർട്ട് എഞ്ചിനീയർ ഗൂഢാലോചനക്കാർക്കു നൽകി. ഈ കാര്യങ്ങളൊന്നും ഇടവക ജനങ്ങൾ അറിയാത്ത രീതിയിൽ അതീവരഹസ്യമായി ഇവർ നടപ്പിലാക്കി. എന്നാൽ ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യാതൊരു റിപ്പയറുകളും നടത്താൻ ഇവർ തയ്യാറായില്ല. ഈ നീക്കങ്ങൾ മനസ്സിലാക്കിയ ചില വ്യക്തികൾ വികാരിയെ സന്ദർശിച്ച് പള്ളിയിലെ സീലിംഗ് പലകകൾക്ക് ഇളക്കമുണ്ടെന്നും റിപ്പയർ ചെയ്യണമെന്നും ആവശ്യപ്പെട്ടിരുന്നു. ഈ വാക്കുകൾ അധികാരികൾ ചെവിക്കൊണ്ടില്ല; എന്നുമാത്രമല്ല, ഇവർതന്നെ വാടകയ്ക്കെടുത്ത എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള റിപ്പയർ ജോലികൾ നടത്താൻപോലും പള്ളി അധികാരികൾ തയ്യാറായില്ല. വേണ്ട രീതിയിൽ റിപ്പയർ ചെയ്തിരുന്നെങ്കിൽ ഒക്ടോബർ 3-ാം തീയതി ഇവർ തീരുമാനിച്ചു തയ്യാറാക്കിയ തിരക്കഥ നടപ്പിലാകുമായിരുന്നില്ലല്ലോ!

പിന്നീടു നടന്നിട്ടുള്ള സംഭവങ്ങൾ വിശ്വാസികൾക്കു കൂടുതൽ വേദനയും നാണക്കേടുമുണ്ടാക്കി. പള്ളി അടച്ചുപൂട്ടിയ നടപടിയെത്തുടർന്ന് ഇടവകജനങ്ങൾ വത്തിക്കാനിൽ ഈ വിവരങ്ങൾ അറിയിച്ചു കത്തെഴുതുകയുണ്ടായി. അതിന്റെ തുടർനടപടിയായി വത്തിക്കാൻ എറണാകുളം-അങ്കമാലി രൂപതയുമായി ബന്ധപ്പെടുകയും രൂപത നമ്മുടെ പള്ളി സംരക്ഷിക്കാമെന്ന് വത്തിക്കാന് ഉറപ്പുനൽകുകയും ചെയ്തു. ഈ വിവരങ്ങളും, അതിരൂപത പാറായി പള്ളി സംരക്ഷണ കാര്യത്തിൽ നൽകിയ ഉറപ്പും വത്തിക്കാൻ രേഖാമൂലം പരാതിക്കാരായ ഇടവക അംഗങ്ങളെ അറിയിച്ചു. എന്നാൽ രൂപത ഇതുമായി ബന്ധപ്പെട്ട് യാതൊരു തുടർനടപടിയും സ്വീകരിച്ചില്ല.

ഈ കാലയളവിൽ പുരാവസ്തു വകുപ്പ് നമ്മുടെ പൈതൃക പള്ളി ഒരു പുരാവസ്തു സംരക്ഷിതസ്മാരകമായി പ്രഖ്യാപിക്കാനായി നീക്കങ്ങൾ തുടങ്ങി. വത്തിക്കാനിലും കോടതികളിലും പൈതൃക പള്ളി സംരക്ഷിക്കാമെന്ന് ഉറപ്പുനൽകിയ രൂപതാധികൃതരും പള്ളിവികാരിയും ഫെബ്രുവരി 2011-ന് പുരാവസ്തു വകുപ്പിന്റെ പള്ളി സംരക്ഷിക്കാനുള്ള നീക്കത്തെ രേഖാമൂലം എതിർത്തു. മെയ് 2011-ൽ സാംസ്കാരികവകുപ്പു സെക്രട്ടറി പള്ളി പുരാവസ്തു സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിന് സർക്കാരിലേക്ക് ശിപാർശ ചെയ്തു. എന്നാൽ പുതുതായി അധികാരത്തിൽവന്ന സർക്കാർ ഈ ശിപാർശയിൽ മേൽനടപടികൾ സ്വീകരിച്ചില്ല. ഇക്കാരണങ്ങളാൽ 'ലേമെൻസ് അസോസിയേഷൻ' ബഹു: കേരള ഹൈക്കോടതിയെ സമീപിക്കുകയും (WPC 2517/2012) ഫെബ്രുവരി 2012-ന് ബഹു: ഹൈക്കോടതി സർക്കാരിനോട് നമ്മുടെ പള്ളി ഒരു പുരാവസ്തു സംരക്ഷിതസ്മാരകമാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ഈ ഉത്തരവ് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് മാർച്ച് 2012-ന് അതിരൂപത ബഹു: ഹൈക്കോടതിയെ സമീപിക്കുകയും, അതോടൊപ്പം പാറായി പള്ളി പുരാവസ്തു സംരക്ഷിത സ്മാരകമാക്കാനുള്ള വിജ്ഞാപനപ്രക്രിയകൾ നിയമവിരുദ്ധമാണെന്നറിയിച്ചുകൊണ്ട് ബഹു: ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്യുകയും ചെയ്തു (WPC6943/2012). അതിരൂപതയുടെ ഈ നീക്കങ്ങൾ പള്ളി സംരക്ഷിക്കുവാനുള്ള പ്രവർത്തനങ്ങളെ വൈകിപ്പിക്കുന്നതിനുവേണ്ടിമാത്രമാണെന്ന് 'ലേമെൻസ് അസ്സോസിയേഷൻ' ബഹു: ഹൈക്കോടതിയെ അറിയിച്ചതിന്റെ ഫലമായി, 2012 ഏപ്രിൽ മാസത്തിൽ പുരാവസ്തുവകുപ്പിന്റെ മേൽനോട്ടത്തിൽ രൂപതാധികൃതർ പള്ളി റിപ്പയർ ചെയ്തുസംരക്ഷിക്കാൻ ബഹു: ഹൈക്കോടതി ഉത്തരവിട്ടു.

ഇതിനുശേഷം ബഹു: കോടതിയിൽ അരങ്ങേറിയത് നാടകീയ സംഭവങ്ങളായിരുന്നു. പുരാവസ്തുവകുപ്പു പലതവണ പള്ളി അധികാരികളോട് പള്ളി റിപ്പയർ ചെയ്യണമെന്നാവശ്യപ്പെട്ടെങ്കിലും പള്ളി അധികാരികൾ അതിനു മുതിർന്നില്ല. അഞ്ചു മാസങ്ങൾക്കുശേഷവും യാതൊരു റിപ്പയർനടപടികളും പള്ളിയിൽ നടക്കാത്തതിനെത്തുടർന്ന് അസ്സോസിയേഷൻ വീണ്ടും ബഹു: ഹൈക്കോടതിയെ സമീപിക്കുകയും യാതൊരു റിപ്പയർ നടപടികളും പള്ളി അധികാരികൾ സ്വീകരിച്ചിട്ടില്ലായെന്ന് ബഹു: ഹൈക്കോടതിയെ അറിയിക്കുകയുംചെയ്തു. എന്നാൽ മുഴുവൻ റിപ്പയർ നടപടികളും പൂർത്തിയാക്കിയതായി അതിരൂപത ബഹു: കോടതിയെ അറിയിച്ചു. ഇതിന്റെ സത്യാവസ്ഥ അറിയാനായി ബഹു: ഹൈക്കോടതി പിറ്റേവർഷം ഏപ്രിൽ 2013-ൽ ഒരു കമ്മീഷനെ ചുമതലപ്പെടുത്തി. കമ്മീഷൻ, പള്ളി അധികാരികൾ യാതൊരു സംരക്ഷണപ്രവർത്തനങ്ങളും പള്ളിയിൽ നടത്തിയിട്ടില്ലെന്ന് ബഹു: ഹൈക്കോടതിയെ അറിയിച്ചു. കൂടാതെ, പള്ളിയുടെ ഉൾഭാഗവും പരിസരവും വളരെ മോശപ്പെട്ട രീതിയിൽ കിടക്കുകയാണെന്നും റിപ്പോർട്ട് ചെയ്തു. പള്ളി അധികാരികൾ ഈ സത്യസന്ധമായ റിപ്പോർട്ടിനെ എതിർക്കുകയും ഈ റിപ്പോർട്ട് തള്ളിക്കളയണമെന്ന് ബഹു: ഹൈക്കോടതിയിൽ ആവശ്യപ്പെടുകയും ചെയ്തു. തങ്ങൾ മുഴുവൻ റിപ്പയർ നടപടികളും പൂർത്തിയാക്കിയെന്നും ഈ നടപടിയിൽ സർക്കാർ പുരാവസ്തു വകുപ്പ് തൃപ്തരാണെന്നുംകൂടി ഇവർ ബഹു: കോടതിയെ അറിയിച്ചു. പള്ളി അധികാരികളുടെ ഈ പ്രസ്താവന സത്യമല്ല എന്ന് തോന്നിയതുകൊണ്ട് ബഹു: ഹൈക്കോടതി പുരാവസ്തു ഡയറക്ടറോട് പള്ളി പരിശോധിച്ച് ഒരു വിശദമായ റിപ്പയർ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടുകയും അതിനുശേഷം ആര് റിപ്പയർ ചെയ്യണമെന്ന് ബഹു: കോടതി തീരുമാനിക്കാമെന്ന വ്യവസ്ഥയിൽ ഒക്ടോബർ 2013-ൽ ഉത്തരവിടുകയും ചെയ്തു. പുരാവസ്തു ഡയറക്ടർ നവംബർ 2013-ൽ പള്ളി സന്ദർശിച്ച് ഒരു വിശദമായ റിപ്പയർ റിപ്പോർട്ട് ബഹു: കോടതിയിൽ സമർപ്പിച്ചു. തുടർന്ന് ബഹു: കോടതി 2014 ജനുവരി 30-ന് പള്ളി റിപ്പയർ ചെയ്തു സംരക്ഷിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ പുരാവസ്തുവകുപ്പിനോട് ആവശ്യപ്പെടു →

# സഭാകോടതിയിലൂടെയുള്ള വിവാഹമോചനത്തിന് നിയമസാധുതയില്ല: സുപ്രീം കോടതി

**കാ**നോൻ നിയമമനുസരിച്ച് ക്രിസ്ത്യൻ സഭാകോടതികൾ നൽകുന്ന വിവാഹമോചനത്തിനു നിയമസാധുതയില്ലെന്നു സുപ്രീം കോടതി.



സഭാകോടതികൾമുഖേന ബന്ധം വേർപെടുത്തിയവർ പുനർവിവാഹം ചെയ്യുന്നതു കുറ്റകരമാണെന്നും സുപ്രീം കോടതി പറഞ്ഞു.

ഇതു സംബന്ധിച്ച് വിശദമായ വാദം കേൾക്കണമെന്ന മുൻ അറ്റോർണി ജനറൽ സോളി സൊറാബ്ജിയുടെ അഭ്യർത്ഥന സ്വീകരിച്ചുകൊണ്ടാണ് ചീഫ് ജസ്റ്റിസ് ടി.എസ്. താക്കൂർ, ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് എന്നിവരടങ്ങിയ ബെഞ്ചിന്റെ നിരീക്ഷണം. സഭാകോടതി എന്നു വിളിക്കപ്പെടുന്ന പുരോഹിത ട്രിബ്യൂണലുകൾവഴി ക്രിസ്ത്യൻ മതവിശ്വാസികൾ നടത്തുന്ന വിവാഹമോചനങ്ങൾക്ക് നിയമപരിരക്ഷ ആവശ്യപ്പെട്ട് ബംഗളൂരു ആസ്ഥാനമായ ക്രിസ്ത്യൻ സംഘടനയുടെ മുൻ അധ്യക്ഷൻ ക്ലാരൻസ് പയസ് സമർപ്പിച്ച ഹർജിയാണു കോടതിയുടെ പരിഗണനയിലുള്ളത്.

സഭാകോടതികളിലൂടെയുള്ള വിവാഹമോചനത്തിനുശേഷം പുനർവിവാഹംചെയ്ത പലർക്കും രണ്ടു വിവാഹം ചെയ്തുവെന്നതിന്റെ പേരിൽ നിയമനടപടി നേരിടേണ്ടിവന്നത് ഹർജിയിൽ ചൂണ്ടിക്കാട്ടുന്നു. ഇത്തരം വിവാഹമോചനങ്ങൾ രാജ്യത്തെ സിവിൽ, ക്രിമിനൽ കോടതികൾ അംഗീകരിക്കാത്തതാണ് ഇതിനു കാരണം. മുസ്ലീം സമുദായത്തിലെ മുത്തലാഖിനു നിയമപരിരക്ഷ ലഭിക്കാമെങ്കിൽ സഭാചട്ടങ്ങൾ അനുസരിച്ചുള്ള ക്രിസ്ത്യൻ വിവാഹമോചനത്തിനു നിയമസാധുത കിട്ടാത്തത് എന്തുകൊണ്ടാണെന്നു ഹർജിയിൽ ചോദിക്കുന്നു.

ഇക്കാര്യത്തിൽ സുപ്രീംകോടതി 1996-ൽ തീർപ്പുകൽപിച്ചതാണെന്ന് സർക്കാരിനുവേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ നീരജ് കൃഷ്ണൻ കൗൾ ചൂണ്ടിക്കാട്ടി. സഭാകോടതിയുടെ തീർപ്പുകൾക്ക് നിയമപരിരക്ഷയില്ലെന്നായിരുന്നു ഇക്കാര്യത്തിലെ വിധിയെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഈ ഉത്തരവ് പരിശോധിച്ച ബെഞ്ച്, സഭാകോടതി ഉത്തരവിനു നിയമപരിരക്ഷ വേണമെങ്കിൽ കോടതിയുത്തരവ് വേണ്ടതുണ്ടെന്ന് ചൂണ്ടിക്കാട്ടി. ഹർജിക്കാരനുവേണ്ടിയാണ് സോളി സൊറാബ്ജി ഹാജരായത്. (കടപ്പാട്: മംഗളം, 2016 ജൂലൈ 6).

*-സുപ്രീംകോടതിയുടെ വ്യക്തമായ ഈ നിരീക്ഷണം വിധിയായി വരുമെന്നു പ്രത്യാശിക്കാം. കാനോൻനിയമപ്രകാരമുള്ള സഭാകോടതികളുടെ നിയമസാധുതയില്ലായ്മ, കാനോൻ നിയമത്തിന്റെതന്നെ നിയമസാധുതയില്ലായ്മയായി മാറുന്നതിനു തുടക്കമാകും.*

---

കയും നമ്മുടെ പള്ളി പുനരുദ്ധാരണത്തിനുള്ള തുക 'സെന്റ് റാഫേൽസ് ചർച്ച് ലേമെൻസ് അസ്സോസിയേഷ'നിൽനിന്നും സ്വീകരിക്കാൻ ഉത്തരവിടുകയും ചെയ്തു.

പള്ളി അധികാരികളും രൂപതാധികൃതരും ഇപ്പോഴും നമ്മുടെ പൈതൃക പള്ളി സംരക്ഷിക്കാമെന്ന് ബഹു: കോടതിയിലും വത്തിക്കാനിലും പൊതുജനങ്ങൾക്കുമുമ്പിലും പറയുകയും അതിനു വിരുദ്ധമായി പ്രവർത്തിക്കുകയുമാണ്. ഇതിൽ വിശ്വാസികൾക്കു വളരെയേറെ വേദനയും വിഷമവുമുണ്ട്. എന്തുകൊണ്ടാണ് ഇവർ സത്യസന്ധതയില്ലാതെ പ്രവർത്തിക്കുന്നത്? വഞ്ചനാപരമായ ഈ നിലപാടുകൊണ്ട് ആർക്കാണു നേട്ടം? അസത്യവും വഞ്ചനയും പള്ളി അധികാരികൾക്കു ചേർന്നതാണോ? ദൈവത്തിന്റെ ആലയം സംരക്ഷിക്കുന്നതിനുപകരം അതിൽനിന്നും മുഖം തിരിഞ്ഞുപോകുന്നത് ധാർമ്മികതയാണോ? പള്ളി അടച്ച ആ കറുത്ത ദിനത്തിന് ആറുവർഷങ്ങൾക്കിപ്പുറം നിങ്ങളുടെ പ്രവൃത്തിയിൽ നിങ്ങൾ സംതൃപ്തരാണോ? ഈ നാടും ഈ നാട്ടുകാരും ഇവിടുത്തെ വിശ്വാസികളുംമാത്രമാണ് ഈ ദേവാലയം അടച്ചിട്ടതിലുള്ള വേദന അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

പള്ളി അധികാരികൾ തെറ്റുതിരുത്തി പള്ളി സംരക്ഷിച്ച് വിശ്വാസികൾക്ക് ആരാധനാസ്വാതന്ത്ര്യം അനുവദിക്കുന്നത് എന്നാണോ അന്നുവരെ, 'സെന്റ് റാഫേൽസ് ചർച്ച് ലേമെൻസ് അസ്സോസിയേഷൻ' അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകും. ഇതിനായി നിങ്ങൾ നൽകിവരുന്ന മാനസികപിന്തുണയ്ക്കു നന്ദി പറയുന്നതോടൊപ്പം ഇനിയും നിങ്ങളുടെ സഹകരണം പ്രതീക്ഷിക്കുകയുംചെയ്യുന്നു. തെറ്റുകൾമാത്രം ചെയ്യുന്ന ഇവരെ, ഈ പള്ളി അധികാരികളെയും രൂപതാധികൃതരെയും, നമ്മുടെ വിശ്വാസപ്രകാരം ദൈവം അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. (കടപ്പാട്: 'ലേയ്റ്റിവോയ്സ്' ബ്ലോഗ്)

# "ഇന്ത്യൻ സഭകൾ ഭരിക്കപ്പെടേണ്ടത് ഇന്ത്യൻ ഭരണഘടനയ്ക്കു വിധേയമായിട്ടായിരിക്കണം"–ജസ്റ്റീസ് കെ.റ്റി.തോമസ്



ഇന്ത്യയിലെ സഭകൾ ഭരിക്കപ്പെടേണ്ടത് ഇന്ത്യൻഭരണഘടനയ്ക്കു വിധേയമായിട്ടായിരിക്കണമെന്ന് ജസ്റ്റീസ് കെ.റ്റി. തോമസ് പ്രസ്താവിച്ചു. കോട്ടയം ഐ.എം.എ. ഹാളിൽ 'ജോയിന്റ് ക്രിസ്റ്റ്യൻ കൗൺസിൽ' സംഘടിപ്പിച്ച 'ക്രൈസ്തവസഭാചട്ടങ്ങൾ ഇന്ത്യൻ ഭരണഘടനയെ വെല്ലുവിളിക്കുന്നുവോ?' എന്ന സെമിനാർ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

അതിവിപുലമായ ഇന്ത്യൻഭരണഘടന വായിക്കാത്ത വിദേശികൾ ചേർന്നുണ്ടാക്കിയ കാനോൻനിയമത്തിലെ വ്യവസ്ഥകളേക്കാൾ ഇന്ത്യൻ പൗരന്മാരായ ക്രിസ്ത്യാനികൾ പ്രാധാന്യം നൽകേണ്ടത്; മറിച്ച് ഇന്ത്യൻ ഭരണഘടനയ്ക്കാണ്. സഭാധികാരികൾ ഇത് അംഗീകരിക്കാൻ തയ്യാറാകണമെന്ന് അദ്ദേഹം പറഞ്ഞു.

2004-ൽ 'ക്രൈസ്തവരുടെ സമൂഹസമ്പത്ത് ഭരിക്കാൻ നിയമം ആവശ്യമാണ് എന്ന വിഷയത്തെ ആസ്പദമാക്കി കേരളകത്തോലിക്കാ അല്മായ അസ്സോസിയേഷൻ സംഘടിപ്പിച്ച യോഗത്തിലാണ് ക്രൈസ്തവരുടെ സമൂഹസമ്പത്ത് ഭരിക്കാൻ രാഷ്ട്രത്തിന്റെ നിയമം വേണമെന്ന ആശയം ആദ്യമായി അവതരിപ്പിക്കപ്പെട്ടതെന്ന് ജോസഫ് പുലിക്കുന്നേൽ അച്ചടിച്ച് എത്തിച്ചുതന്ന തന്റെ പ്രസംഗത്തിൽ പറഞ്ഞു. അനാരോഗ്യം മൂലം സെമിനാറിൽ പങ്കെടുക്കാൻ സാധിക്കാതെവന്ന അദ്ദേഹത്തിന്റെ പ്രസംഗം യോഗത്തിൽ ജോസാന്റണി വായിച്ചവതരിപ്പിച്ചു.

യോഗത്തിൽ ജെ.സി.സി പ്രസിഡന്റ് ശ്രീ.ജോസഫ് വെളിവിൽ അദ്ധ്യക്ഷത വഹിച്ചു. സി.പി.ഐ. കോട്ടയം ജില്ലാ സെക്രട്ടറി ശ്രീ.സി.കെ. ശശിധരൻ , മുതിർന്ന പത്രപ്രവർത്തകൻ ശ്രീ. മാത്യു മണർകാട്ട്, ജെ.സി.സി. ജന: സെക്രട്ടറി ശ്രീ. വി.കെ.ജോയി, ജെ.സി.സി. അഡ്വൈസറി ബോർഡ് ചെയർമാൻ ശ്രീ. ലാലൻ തരകൻ , കേരള കാത്തലിക് അസ്സോസിയേഷൻ ഫോർ ജസ്റ്റീസ് പ്രസിഡന്റ് ശ്രീ. പോളച്ചൻ പുതുപ്പാറ, യാക്കോബായ അല്മായ ഫോറം പ്രസിഡന്റ് ശ്രീ. പോൾ വർഗ്ഗീസ്, കെ.സി.ആർ.എം. ചെയർമാൻ ശ്രീ. കെ.ജോർജ് ജോസഫ്, അഡ്വ. ഇന്ദുലേഖാ ജോസഫ്, ശ്രീ. ഈ.ആർ. ജോസഫ്, ശ്രീ. റ്റി.ഒ. ജോസഫ്, ശ്രീ. ആന്റോ കോക്കാട്ട് എന്നിവർ പ്രസംഗിച്ു.

●

**KCRM പ്രതിമാസ പരിപാടി**

## KCRM വാർഷിക പൊതുയോഗവും സ്വതന്ത്രചിന്തകർക്കെതിരെ ചില സഭാധികാരികളുയർത്തുന്ന ഭീഷണിയെക്കുറിച്ചു ചർച്ചയും

**2016 ജൂലൈ 30, ശനിയാഴ്ച, 2.00 pm മുതൽ**

**പാലാ ടോംസ് ചേമ്പർ ഹാളിൽ**

ബഹുമാന്യരേ,

KCRM-ന്റെ വാർഷിക പൊതുയോഗം, സംസ്ഥാനപ്രസിഡന്റ് **ശ്രീ കെ. ജോർജ് ജോസഫി**ന്റെ അദ്ധ്യക്ഷതയിൽ 2016 ജൂലൈ 30 ശനിയാഴ്ച നടത്തുന്നു. ഇക്കഴിഞ്ഞ സാമ്പത്തികവർഷത്തിൽ നാം നടത്തിയ പ്രവർത്തനപരിപാടികളുടെ റിപ്പോർട്ട് സംസ്ഥാനസെക്രട്ടറി **ശ്രീ. കെ.കെ. ജോസ് കണ്ടത്തിലും** സാമ്പത്തിക കണക്ക് സംസ്ഥാന ട്രഷറർ **ശ്രീ. മാത്യു എം. തറക്കുന്നേലും** ഈ യോഗത്തിൽ അവതരിപ്പിക്കുന്നതും, ചർച്ചകൾക്കും തിരുത്തലുകൾക്കുംശേഷം അവ പാസ്സാക്കുന്നതുമാണ്. ഇതിനുശേഷം KCRM-ന്റെ പുതിയ നിർവ്വാഹകസമിതിയംഗങ്ങളുടെയും ഭാരവാഹികളുടെയും തിരഞ്ഞെടുപ്പു നടക്കും.

വാർഷികപൊതുയോഗത്തിനുമുമ്പായി, സഭയിലെ സ്വതന്ത്രചിന്തകരെയും എഴുത്തുകാരെയും ഭീഷണിപ്പെടുത്തി പേനാ താഴെവയ്ക്കാൻ ആവശ്യപ്പെട്ട് ചില സഭാധികാരികളും അനുചരവൃന്ദവും നടത്തുന്ന ഫാസിസ്റ്റ് സമീപനത്തെ എങ്ങനെ നേരിടാനാവുമെന്നും ചർച്ചചെയ്യുന്നുണ്ട്. ഇതിന് **ശ്രീ സാമുവൽ കൂടലും ശ്രീ റെജി ഞള്ളാനിയും** നേതൃത്വം നൽകും.

KCRM-ന്റെ പ്രവർത്തനങ്ങളിൽ താല്പര്യമുള്ള എല്ലാവരെയും ഈ ചർച്ചയിലേക്കും KCRM-ന്റെ വാർഷിക പൊതുയോഗത്തിലേക്കും ഹാർദ്ദമായി ക്ഷണിക്കുന്നു.

സ്നേഹപൂർവ്വം **കെ.കെ. ജോസ് കണ്ടത്തിൽ** ഫോൺ: 8547573730

# ആധുനിക കത്തോലിക്കാസഭയ്ക്കൊരു അത്മായവേദോപദേശം



**സന്തോഷ് ജേക്കബ്**
**(ഇൻഡസ്ട്രിയൽ കൺസൾട്ടന്റ്)**

[ഈ ലേഖനം രണ്ടു ലക്കങ്ങളിലായി പ്രസിദ്ധീകരിക്കുന്നു.]

**ഏ**തൊരു പ്രസ്ഥാനത്തിന്റെയും സ്ഥാപനത്തിന്റെയും ജീവരക്തം സാമ്പത്തികം ആണല്ലോ. ശരിയായ രീതിയിൽ രക്തചംക്രമണവും ശുദ്ധീകരണപ്രക്രിയയും നടന്നില്ലെങ്കിൽ ശരീരം രക്തസമ്മർദ്ദം, ഹൃദയാഘാതം തുടങ്ങിയ മാരകമായ രോഗങ്ങൾക്കു വിധേയമാകുകയും മരണംതന്നെ സംഭവിക്കുകയും ചെയ്യുമെന്നതുപോലെ, കുടുംബങ്ങളിലാണെങ്കിലും സഭയിലാണെങ്കിലും സമ്പത്തു കൈകാര്യം ചെയ്യുന്നതിൽ വേണ്ടത്ര ജാഗ്രതപാലിച്ചില്ലെങ്കിൽ അവയുടെ പ്രവർത്തനം താളംതെറ്റുകയും പ്രവൃത്തികൾ സാമൂഹികവിപത്തായും നിയമവ്യവസ്ഥയോടുള്ള വെല്ലുവിളിയായും മാറുകയുംചെയ്യും.

കത്തോലിക്കാസഭ പിന്തുടരുന്ന കാനോൻ നിയമത്തിൽ സഭാസമ്പത്ത് കൈകാര്യംചെയ്യുന്നവർക്കുള്ള മാർഗ രേഖകളുണ്ട്. അതിൻപ്രകാരം, സഭാസംബന്ധിയായ സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നവർ, പുരോഹിതരായാലും അല്മായരായാലും, അവർ തങ്ങളുടെ ഉത്തരവാദിത്വം പള്ളിയുടെ നാമത്തിൽ നിയമപരമായി നിറവേറ്റേണ്ടതുണ്ട് (കാനോൻ 1282)... അവരിൽ നിക്ഷിപ്തമായിരിക്കുന്ന വസ്തുവകകൾ നശിച്ചുപോകാതെയും മൂല്യം നഷ്ടപെടാതെയും കഴിവിന്റെ പരമാവധി കാത്തുസൂക്ഷിക്കേണ്ടതാണ്... കാനോൻനിയമപ്രകാരം, അതാതു രഷ്ട്രത്തിന്റെ നിയമത്തിനു വിധേയപ്പെട്ട് സ്വത്തുവകകൾ പ്രത്യേക ശ്രദ്ധയോടെ പരിപാലിക്കുകയും സംരക്ഷിക്കുകയും പള്ളിക്കു ബാധ്യത വരുത്താതെ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്... പള്ളിയുടെ സ്വത്തിന്മേലുള്ള ലോൺ മുതലായ ബാധ്യതകൾക്കു കൃത്യമായ പലിശയടവും മൂലധനതിരിച്ചടവും ഉറപ്പുവരുത്തേണ്ടതാണ്... പള്ളിയുടെ വരവു-ചെലവുകണക്ക് കൃത്യമായി സൂക്ഷിക്കേണ്ടതാണ്... ഓരോ വർഷവും വരവു-ചെലവുകളുടെ ബജറ്റ് നിയമപ്രകാരം തയ്യാറാക്കേണ്ടതാണ് (കാനോൻ 1284)... പള്ളിയുടെ സ്വത്തു കൈകാര്യംചെയ്യുന്നവർ ആരെങ്കിലുമായി വേതന കരാറിൽ ഏർപ്പെടുകയാണെങ്കിൽ, കൃത്യമായും പള്ളി പഠിപ്പിച്ചിട്ടുള്ള തത്വങ്ങളും നാട്ടിലെ തൊഴിൽനിയമങ്ങളും സാമൂഹികനീതിനിയമങ്ങളും പാലിക്കേണ്ടതാണ്. അവർക്കുള്ള വേതനം നിശ്ചയിക്കുമ്പോൾ അവർക്കും അവരുടെ ആശ്രിതർക്കും അവരുടെ സാമൂഹികസാഹചര്യങ്ങൾക്കനുസരണമായി ജീവിക്കാൻ ഉതകുന്ന വിധത്തിലുമായിരിക്കണം അതു തീരുമാനിക്കേണ്ടത് (കാനോൻ 1286)...

**കാനോൻ നിയമം, നാട്ടിലെ തൊഴിൽ നിയമങ്ങൾ, സാമ്പത്തികചട്ടങ്ങൾ തുടങ്ങിയവയും ഭാരതകത്തോലിക്കാസഭയുടെ ചെയ്തികളും**

സഭയുടെ നിയന്ത്രണത്തിൽ, സഭാവിശ്വാസികളിൽനിന്നും സർക്കാരിൽനിന്നും വിദേശത്തുനിന്നും ധനസമാഹരണം നടത്തി പണിതിട്ടുള്ള പള്ളികൾ, സ്കൂളുകൾ, ആശുപത്രികൾ, സാമൂഹിക മേഖലകളിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവയിലെല്ലാമായി ധാരാളം പുരോഹിതന്മാരും കന്യാസ്ത്രീകളും അല്മായരും അന്യമതസ്ഥരും വിവിധ തസ്തികകളിൽ പ്രവർത്തിക്കുന്നുണ്ട്. ഇവർക്കെല്ലാം സാമ്പത്തികവും സാമൂഹികവുമായ നീതി സഭാനേതൃത്വം നൽകുന്നുണ്ടോ എന്നു പരിശോധിക്കേണ്ടത് ഇന്നിന്റെ ആവശ്യമായിരിക്കുന്നു.

**ആതുരശുശ്രൂഷാമേഖല:** ഈ മേഖലയിൽ ഡോക്ടർമാർമുതൽ ഇങ്ങേയറ്റം തൂപ്പുകാർവരെയുള്ള തസ്തികകളിൽ ജോലിചെയ്യുന്നവരുണ്ട്. നിലവിലെ

**പള്ളിയുടെ ഭരണം കൈകാര്യംചെയ്യുന്ന വികാരിമാർ, കപ്യാർമാർ, ചെമ്മധോർമാർ തുടങ്ങിയവർക്ക് തുച്ഛമായ വേതനമാണ് സഭ നല്കുന്നത്. 2012 – 13 വർഷത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കാഞ്ഞിരപ്പള്ളി രൂപതയുടെ കണക്കുപ്രകാരം, പ്രതിമാസം 63000 രൂപ വികാരിയച്ചന്മാർക്കും പ്രേഷിതപ്രവർത്തനത്തിൽ എർപ്പെട്ടവർക്കുമായി കാണിച്ചിരിക്കുന്നു! ഈ കണക്ക് സത്യത്തോട് എത്രത്തോളം നീതിപുലർത്തുന്നുവെന്ന് സാമാന്യ ബോധമുള്ള ആർക്കും മനസ്സിലാവും.**

സാഹചര്യത്തിൽ ഉയർന്ന ശമ്പളം നല്കി പേരും പ്രശസ്തിയുമുള്ള ഡോക്ടർമാരെ നിയമിച്ചില്ലെങ്കിൽ ആശുപത്രിയുടെ നിലനില്പ്പ് അവതാളത്തിലാകുമെന്നുള്ളതുകൊണ്ട്, ഡോക്ടർമാർക്കും ആശുപത്രി ഭരണം കൈകാര്യം ചെയ്യുന്നവർക്കും ഉയർന്ന വേതനം സഭാധികാരികൾ നല്കുന്നുണ്ട്. എന്നാൽ, നഴ്സുമാർ, ലാബ് അസിസ്റ്റന്റുമാർ, ഫാർമസിസ്റ്റുമാർ, അറ്റന്റർമാർ, സെക്യൂരിറ്റിക്കാർ, ഡ്രൈവർമാർ, തൂപ്പുകാർ മുതലായവർക്ക് മിനിമം വേതനംപോലും നല്കാതെ ചൂഷണം ചെയ്യുന്നതിൽ സഭാസ്ഥാപനങ്ങൾ മറ്റു കോർപ്പറേറ്റുകളുമായി മത്സരിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ, മരുന്ന്, ഓപ്പറേഷൻ,

മുറിവാടക തുടങ്ങിയവയിലൂടെയുള്ള കൊള്ളയിലും സഭാനേതൃത്വങ്ങൾ മുന്നിലാണ്.

**വിദ്യാഭ്യാസം:** LKG അഡ്മിഷൻമുതൽ, തൂപ്പുകാരുടെ നിയമനംതുടങ്ങി ഏതൊരു പോസ്റ്റിലേക്കുമുള്ള നിയമനത്തിലും കോഴ വാങ്ങിക്കൊണ്ടാണ് സഭാനേതൃത്വം വിശ്വാസികളോടും സമൂഹത്തോടും ഇന്നു 'കരുണ' കാട്ടിക്കൊണ്ടിരിക്കുന്നത്. ഒരു മുതലാളി തന്റെ സ്ഥാപനത്തിൽ കോഴ വാങ്ങി നിയമനംനടത്തിയാൽ അതിനെ കുറെയെങ്കിലും അംഗീകരിക്കാനാകും. കാരണം, സ്വന്തം പോക്കറ്റിൽനിന്നുള്ള മൂലധനമുപയോഗിച്ച് അയാൾ കെട്ടിപ്പടുത്ത സ്ഥാപനമാണത്. എന്നാൽ, സഭാസ്ഥാപനങ്ങൾ കെട്ടിപ്പടുത്തിരിക്കുന്നത് അവ നടത്തുന്ന സഭാധികാരികളുടെ പോക്കറ്റിലെ പണമുപയോഗിച്ചല്ല. പണം മുടക്കുന്ന മുതലാളി തന്റെ സ്ഥാപനം ഏറ്റം മികവുറ്റതാക്കാൻ ശ്രമിക്കുമെങ്കിൽ, അത്തരമൊരു സമീപനം ആരാന്റെ പണമുപയോഗിച്ചു സ്ഥാപനങ്ങൾ നടത്തുന്ന സഭാധികാരികൾക്കുണ്ടാകുകയില്ല. അതുകൊണ്ടാണ്, പാവങ്ങൾക്കുവേണ്ടി എന്നു പറഞ്ഞ് ആരംഭിക്കുന്ന ആശുപത്രികളും മറ്റു സേവനസ്ഥാപനങ്ങളുംപോലും ആ ലക്ഷ്യത്തിൽനിന്നു വ്യതിചലിച്ച് പണമുണ്ടാക്കൽ സ്ഥാപനങ്ങളായി മാറുന്നത്! ഈ അവസ്ഥയ്ക്ക് ഒരു മാറ്റം വരുത്തിയേതീരൂ.

പള്ളിയുടെ ഭരണം കൈകാര്യംചെയ്യുന്ന വികാരിമാർ, കപ്യാർമാർ, ചെമ്മധോർമാർ തുടങ്ങിയവർക്ക് തുച്ഛമായ വേതനമാണ് സഭ നല്കുന്നത്. 2012-13 വർഷത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കാഞ്ഞിരപ്പള്ളി രൂപതയുടെ കണക്കുപ്രകാരം, പ്രതിമാസം 63000 രൂപ വികാരിയച്ചന്മാർക്കും പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെട്ടവർക്കുമായി കാണിച്ചിരിക്കുന്നു! ഈ കണക്ക് സത്യത്തോട് എത്രത്തോളം നീതിപുലർത്തുന്നുവെന്ന് സാമാന്യബോധമുള്ള ആർക്കും മനസ്സിലാവും. തീർച്ചയായും പുരോഹിതന്മാർ, കന്യാസ്ത്രീകൾ, പ്രേഷിതപ്രവർത്തകർ എന്നിവർക്ക് അർഹമായ വേതനം നല്കേണ്ടതാണ് എന്ന കാര്യത്തിൽ തർക്കമില്ല. CSI സഭയുടെ പള്ളികളിൽ വികാരിയച്ചന് 25000 രൂപാ മാസശമ്പളമായി നല്കുമ്പോൾ, കത്തോലിക്കാസഭകളിൽ 6000 രൂപ പോക്കറ്റ് മണിയും കൂദാശകൾക്കും മറ്റു കർമ്മങ്ങൾക്കുമുള്ള തുകയും മാത്രമാണു നല്കുന്നത്. എങ്കിലും, വരാപ്പുഴ അതിരൂപതയിൽ കഴിഞ്ഞ വർഷം വൈദികർക്കായി വാർഷികധ്യാനം നടന്ന ആശീർഭവന്റെ പാർക്കിംഗ് ഏരിയ നിറഞ്ഞുകവിഞ്ഞ് പുറത്തുള്ള പ്രദേശങ്ങളിൽവരെ വൈദികരുടെ ആഡംബര കാറുകൾ പാർക്കുചെയ്യേണ്ടതായി വന്നുവെന്നത് പൊതുസമൂഹത്തിന്റെയും വിശ്വാസികളുടെയും സാമാന്യബുദ്ധിയെ ചോദ്യംചെയ്യുന്ന ഒരു വിരോധാഭാസമായി നിലകൊള്ളുന്നു.

സമൂഹത്തിന്റെ ഊടും പാവും നെയ്തെടുക്കുന്നതിൽ മതത്തിനുള്ള പങ്കു വലുതാണ്. കേരളസമൂഹത്തിന്റെ നിർമിതിയിൽ ക്രിസ്തുമതവും സജീവമായ പങ്കുവഹിച്ചിട്ടുണ്ട്. അതിന്റെകൂടി ഫലമായാണ് ഇന്നത്തെ കേരളം സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഇന്നു കേരളത്തിൽ വിവിധങ്ങളായ ക്രൈസ്തവ സമൂഹങ്ങൾ മുളച്ചുപൊങ്ങുകയും അവയെല്ലാം ഓരോരോ വ്യക്തികളുടെ സാമ്രാജ്യങ്ങളായി വളർന്നിരിക്കുകയുമാണ്. ഇവയ്ക്കെല്ലാം വിദേശങ്ങളിൽനിന്ന് സാമ്പത്തികസഹായങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. കാത്തോലിക്കാസഭയ്ക്കും വലിയ തുകകൾ വിദേശസഹായമായി ലഭിക്കുന്നുണ്ട്. എന്നാൽ ഈ തുക എന്തിനുവേണ്ടിയാണു ലഭിക്കുന്നതെന്നും എന്തിനുവേണ്ടിയാണ് ചെലവഴിക്കുന്നതെന്നും, തുക ഇവരെ ഏല്പ്പിച്ചവർ ഉദ്ദേശിച്ച വിഭാഗങ്ങൾക്കുതന്നെയാണോ അതിന്റെ ഗുണഫലങ്ങൾ ലഭിക്കുന്നതെന്നും പരിശോധിക്കുന്നതിന് കേന്ദ്ര ആഭ്യന്തര വകുപ്പിന്റെകീഴിൽ സംവിധാനം നിലനില്ക്കുന്നുണ്ട്. എന്നാൽ, മുഖ്യധാരാമാധ്യമങ്ങളോ രാഷ്ട്രീയനേതൃത്വങ്ങളോ സഭാനേതൃത്വങ്ങളോ ഇത്തരം വിഷയങ്ങൾ പൊതുചർച്ചയിൽ വരാതെ നോക്കുകയാണ്. ഈ സാഹചര്യത്തിൽ ആ ഉത്തരവാദിത്വം അല്മായരെന്നു വിളിക്കപ്പെടുന്ന സഭാസമൂഹമായ നാം നിറവേറ്റേണ്ടിയിരിക്കുന്നു.

പാവങ്ങൾക്കുവേണ്ടി വിവിധ കത്തോലിക്കാരൂപതകൾക്കു ലഭിക്കുന്ന വിദേശസഹായം സംബന്ധിച്ച കണക്കുകളും, അതിൽ സഭ നടത്തുന്ന തിരിമറികളും അടുത്ത ലക്കത്തിൽ.

ഫോൺ: 9447297554


## 'സത്യജ്വാല'

**'സത്യജ്വാല' – അന്ധരായ വഴികാട്ടികൾ നയിക്കുന്ന ഇരുൾപാതയിൽ ഒരു ചെറുതിരിവെട്ടം!**

**'സത്യജ്വാല' – കള്ളയിടയന്മാർക്കെതിരെ ഒരു ചെറുമുറവിളി!.**

**'സത്യജ്വാല'– പള്ളികൾ കൊള്ളക്കാരുടെ ഗുഹകളാക്കിയവർക്കെതിരെ ഒരു ചെറു ചാട്ടവാർ!**

**'സത്യജ്വാല' – നവീകൃതസഭാജീവിതത്തിലേക്ക് ഒരു എളിയ വഴികാട്ടി!**

**ചെറുതിരി തീപ്പന്തമാക്കുക, മുറവിളി ആർപ്പുവിളിയാക്കുക, ചാട്ടവാർ ചാട്ടവാറുകളാക്കുക...**

**യാഥാസ്ഥിതികസഭാജീവിതത്തിൽനിന്നും ദൈവരാജ്യപൗരജീവിതത്തിലേക്കു വഴിതുറക്കുക**

**'സത്യജ്വാല' – വായിക്കുക, വരിക്കാരാകുക, വരിക്കാരാക്കുക, പ്രചരിപ്പിക്കുക!**

# യേശുവിന്റെ ബലി, വി.കുർബ്ബാന, സത്താമാറ്റം

പി.എം. ചാക്കോ, പേനാട്ടുകളപ്പുരയിൽ

**ഈ** വിഷയം സംബന്ധിച്ച് 'സത്യജ്വാല'യിൽ തുടർച്ചയായി വന്നിട്ടുള്ള റവ.ഡോ. സിപ്രിയൻ ഇല്ലിക്കമുറിയുടെ ലേഖനങ്ങളും അവയോടു പ്രതികരിച്ച് എഡിറ്റർ എഴുതിയ മറുപടിക്കുറിപ്പുകളും, അവസാനം മെയ് ലക്കത്തിൽ ഡോ. (ഫാ.) ജെ. വലിയമംഗലം എഴുതിയ ലേഖനവും വായിച്ചു. ഇതേക്കുറിച്ച് വായനക്കാരുടെ അഭിപ്രായങ്ങൾ എഡിറ്റർ ക്ഷണിക്കുകയും ചെയ്തിരുന്നല്ലോ. അതുകൊണ്ട്, ഈ വിഷയത്തിൽ ഞാൻ മനസ്സിലാക്കിയിട്ടുള്ള ചില സത്യങ്ങൾ എഴുതുവാൻ ആഗ്രഹിക്കുകയാണ്. അതിനുമുൻപ്, സ്വാമി വിവേകാനന്ദന്റെ "ഒരൊറ്റ ക്രിസ്ത്യാനിപോലും ബൈബിൾ വേണ്ടവിധം വായിച്ചു മനസ്സിലാക്കിയിട്ടില്ല" എന്ന വാക്കുകൾ എല്ലാവരെയും ഓർമ്മിപ്പിക്കാനും ഞാനാഗ്രഹിക്കുന്നു.

ആലങ്കാരിക ഭാഷയിലാണ് യേശു പല പ്രധാനപ്പെട്ട കാര്യങ്ങളും അവതരിപ്പിച്ചിട്ടുള്ളത്:

ഉദാ: 1: ശമര്യാക്കാരി സ്ത്രീയോട് യേശു പറയുകയാണ്, 'നീ കൊടുക്കുന്ന വെള്ളം കുടിക്കുന്നവർക്കു വീണ്ടും ദാഹിക്കും. എന്നാൽ ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവർക്ക് ഒരിക്കലും ദാഹിക്കുകയില്ല. ഞാൻ നല്കുന്ന വെള്ളം അയാളിൽ നിത്യജീവൻ നിർഗളിക്കുന്ന നീരുറവയായിത്തീരും' (യോഹ. 4:14). യേശു പറഞ്ഞതിന്റെ അർത്ഥം കൂടെയുണ്ടായിരുന്ന ശിഷ്യന്മാർക്കു മനസ്സിലായില്ല. എന്നാൽ തങ്ങൾക്ക് ആ വെള്ളം ലഭിക്കുമെന്നുള്ള പ്രത്യാശയിൽ അവർ കൂടെ നടന്നു. അവൻ നൽകുന്ന വെള്ളമെന്താണെന്ന് യോഹ. 3:34-35 വാക്യങ്ങളിൽ പറയുന്നുണ്ട്: 'ദൈവം അയച്ചവൻ ദൈവത്തിന്റെ വചനങ്ങൾ സംസാരിക്കുന്നു. പുത്രനെ വിശ്വസിക്കുന്നവർക്ക് നിത്യജീവനുണ്ട്. അനുസരിക്കാത്തവനോ ജീവൻ കണ്ടെത്തുകയില്ല.' അവൻ പറയുന്ന ദൈവവചനത്തെ ഉദ്ദേശിച്ചാണ് 'ഞാൻ നൽകുന്ന വെള്ളം' എന്ന് യേശു പറഞ്ഞതെന്ന് ഇവിടെ വ്യക്തമാകുന്നു.



**"വിജാതീയ രാജാക്കന്മാർ നിങ്ങളിൽ സ്വാധീനംചെലുത്തുന്നു. നിങ്ങളിൽ ഏറ്റവും വലിയവൻ ഏറ്റവും ചെറിയവനേപ്പോലെയും നായകൻ സേവകനെപ്പോലെയും ആയിരിക്കണം. ആരാണ് വലിയവൻ, ഭക്ഷണത്തിനിരിക്കുന്നവനോ ശുശ്രൂഷിക്കുന്നവനോ? ഭക്ഷണത്തിനിരിക്കുന്നവൻ അല്ലേ? എന്നാൽ ഞാൻ നിങ്ങളുടെയിടയിൽ ശുശ്രൂഷകനെപ്പോലെയാണ്."**

ഉദാ: 2: യോഹന്നാൻ 6-ാം അധ്യായത്തിൽ യേശു പറയുന്നു: "സത്യം സത്യമായി ഞാൻ പറയുന്നു, എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നവൻ നിത്യം ജീവിക്കും." ഇത് കേട്ട് അന്തംവിടുകയും ഒന്നും മനസ്സിലാകാതെ തമ്മിൽ പിറുപിറുക്കുകയുംചെയ്ത ശിഷ്യന്മാരോട് താൻ പറഞ്ഞതിന്റെ അർത്ഥം യേശു വിവരിച്ചു കൊടുക്കുന്നുണ്ട്: "ആത്മാവാണ് ജീവൻനൽകുന്നത്. ശരീരംകൊണ്ടു പ്രയോജനമില്ല. ഞാൻ നിന്നോടു പറഞ്ഞ വചനങ്ങളാണ് ആത്മാവും ജീവനും" (6:63). രക്തം, ശരീരം എന്നീ പ്രയോഗങ്ങൾ വചനത്തെ ഉദ്ദേശിച്ചാണെന്ന് അവൻ വിശദമാക്കുന്നു.

ഉദാ: 3: പത്രോസ് അപ്പസ്തോലനും ഇതുതന്നെ പറഞ്ഞിട്ടുണ്ട്. 1. പത്രോ. 1:18-19-ൽ "വെള്ളിയും സ്വർണ്ണവുംപോലുള്ള നശ്വരവസ്തുക്കൾ കൊണ്ടല്ല; മറിച്ച്, കറയും കളങ്കവുമില്ലാത്ത കുഞ്ഞാടിന്റേതുപോലുള്ള ക്രിസ്തുവിന്റെ വിലയേറിയ രക്തംകൊണ്ടാണ് വീണ്ടെടുക്കപ്പെട്ടത്." അതേ അദ്ധ്യായം 23-ാം വാക്യത്തിൽ അതിന്റെ അർത്ഥം വിവരിച്ചിട്ടുണ്ട്: "നിങ്ങൾ നശ്വരമായ ബീജത്തിൽനിന്നല്ല; ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവവചനംവഴി അനശ്വരമായതിൽനിന്നാണ് പുതുജനനം നേടിയത്. കാരണം, എല്ലാ ജഡങ്ങളും പുല്ലുപോലെയാണ്. അതിന്റെ സർവ്വമഹത്വവും പുല്ലിന്റെ പൂവുപോലെയാണ്. പുല്ലുവാടുകയും പൂവ് കൊഴിയുകയും

ചെയ്യും. എന്നാൽ, കർത്താവിന്റെ വചനം എന്നും നില നില്ക്കുന്നു. ആ വചനങ്ങളാണ് നിങ്ങളോട് പ്രസംഗിക്കപ്പെട്ട സദ്‌വാർത്ത." ക്രിസ്തുവിന്റെ വിലയേറിയ രക്തം എന്നു പറഞ്ഞത് ക്രിസ്തു പ്രസംഗിച്ച ദൈവ വചനത്തെ ഉദ്ദേശിച്ചാണെന്ന് ഇവിടെ വിശദമാകുന്നു. നിത്യജീവൻ നല്കുന്ന ആ വചനങ്ങളുടെ ആധികാരികതയെപ്പറ്റിയും യേശു പറയുന്നുണ്ട്: "എന്റെ വാക്കുകൾ കേട്ട് സ്വീകരിക്കാതെ എന്നെ തള്ളിക്കളയുന്നവന് ഒരു വിധികർത്താവുണ്ട്. അവസാനദിവസത്തിലെ ആ വിധികർത്താവ് ഞാൻ പറഞ്ഞ വചനമായിരിക്കും. കാരണം, ഞാൻ സ്വയം പറഞ്ഞതല്ല ഇത്. എന്നെ അയച്ച പിതാവുതന്നെയാണ്, എന്തു പറയണം, എങ്ങനെ പറയണം എന്ന് എന്നോട് കല്പിച്ചിരിക്കുന്നത്. അവന്റെ കല്പന നിത്യജീവനാണെന്ന് എനിക്കറിയാം. അതുകൊണ്ട് പിതാവ് കല്പിച്ചിരിക്കുന്നതുപോലെതന്നെയാണ് ഞാൻ ഇതെല്ലാം പറയുന്നത്" (യോഹ. 12:48-50).

ഇനി നമുക്ക് കുർബാന ആചരണത്തിന്റെ അടിസ്ഥാനമായ കർത്താവിന്റെ പെസഹാആചരണത്തെപ്പറ്റി ചിന്തിക്കാം. "അവൻ ഭക്ഷിച്ചുകൊണ്ടിരിക്കേ, യേശു അപ്പമെടുത്ത് സ്തോത്രംപറഞ്ഞ് വിഭജിച്ചു ശിഷ്യന്മാർക്കു നൽകി. അവൻ പറഞ്ഞു. എടുത്തു ഭക്ഷിക്കുക. ഇത് എന്റെ ശരീരമാകുന്നു. അനന്തരം അവൻ പാനപാത്രമെടുത്തു കൃതജ്ഞതാസ്ത്രോത്രം പറഞ്ഞ് അവർക്കു കൊടുത്തുകൊണ്ടു പറഞ്ഞു നിങ്ങളെല്ലാവരും ഇതിൽ നിന്നുകുടിക്കുക. കാരണം, ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാകുന്നു" (മത്താ. 26:26-28). മർക്കോസും ലൂക്കോസും ഈവിധംതന്നെ ഇക്കാര്യങ്ങൾ വിവരിച്ചപ്പോൾ, കാൽ കഴുകൽ ശുശ്രൂഷയേപ്പറ്റി എഴുതിയില്ല. എന്നാൽ പെസഹ ആചരണത്തെപ്പറ്റി എഴുതിയ യോഹന്നാൻ അപ്പംവിളമ്പുശുശ്രൂഷയെപ്പറ്റി ഒന്നും പറയാതെ, കാൽകഴുകൽ ശുശ്രൂഷയേപ്പറ്റിമാത്രം എഴുതി. അത്താഴത്തിനിടെ യേശു എഴുന്നേറ്റ് തന്റെ മേലങ്കി മാറ്റിയിട്ട് ഒരു തോർത്ത് അരയിൽ ചുററി, ഒരു പാത്രത്തിൽ വെള്ളമെടുത്ത് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി തുടച്ചു (യോഹ. 13:4-8).

ഈ രണ്ടു ശുശ്രൂഷകൾക്കും പിന്നിലുള്ള ലക്ഷ്യം ഒന്നുതന്നെയായിരുന്നുവെന്ന് പിന്നീടുള്ള യേശുവിന്റെ ഉപദേശങ്ങളിൽനിന്നു മനസ്സിലാക്കാം. യേശുവിന്റെ അന്ത്യനാളുകൾ അടുത്തുവെന്നു മനസ്സിലാക്കിയ ശിഷ്യന്മാരുടെയിടയിൽ ഒരു തർക്കമുണ്ടായി. തങ്ങളിൽ ആരാണ് വലിയവൻ? ഗുരുവിനുശേഷം ആരായിരിക്കും ലീഡർ?

ഇതു മനസ്സിലാക്കിയ യേശു അവരോട് പറയുകയാണ്, "വിജാതീയ രാജാക്കന്മാർ നിങ്ങളിൽ സ്വാധീനംചെലുത്തുന്നു. നിങ്ങളിൽ ഏറ്റവും വലിയവൻ ഏറ്റവും ചെറിയവനേപ്പോലെയും നായകൻ സേവകനെപ്പോലെയും ആയിരിക്കണം. ആരാണ് വലിയവൻ, ഭക്ഷണത്തിനിരിക്കുന്നവനോ ശുശ്രൂഷിക്കുന്നവനോ? ഭക്ഷണത്തിനിരിക്കുന്നവൻ അല്ലേ? എന്നാൽ ഞാൻ നിങ്ങളുടെയിടയിൽ ശുശ്രൂഷകനെപ്പോലെയാണ്." കാൽകഴുകൽശുശ്രൂഷയെപ്പറ്റിമാത്രം എഴുതിയ യോഹന്നാൻ തുടർന്നെഴുതിയിരിക്കുന്നത് നോക്കാം. "ഞാൻ നിങ്ങൾക്കു ചെയ്തത് എന്താണെന്ന് നിങ്ങൾ അറിയുന്നുവോ? നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു. അതു ശരിയാണ്. നിങ്ങളുടെ ഗുരുവും കർത്താവുമായ ഞാൻ നിങ്ങളുടെ കാലുകൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം കാൽ കഴുകണം. ഞാൻ നിങ്ങൾക്ക് ഒരു മാതൃക കാണിച്ചു തന്നിരിക്കുന്നു. ഞാൻ ചെയ്തതുതന്നെ നിങ്ങളും ചെയ്യണം" (യോഹ. 13:12-15). യേശു ശിഷ്യന്മാർക്ക് കാണിച്ചുകൊടുത്ത ഈ മാതൃകാപരമായ പ്രവൃത്തിയാണ് തന്റെ രക്തവും ശരീരവുമായി അവൻ ചിത്രീകരിച്ചത് എന്ന് ഇവിടെ മനസ്സിലാക്കാം.

ആദ്യത്തെ മൂന്നു ഉദാഹരണങ്ങളിൽ, നിത്യജീവനിലേക്കു നയിക്കുന്ന ദൈവവചനത്തെയാണ് രക്തവും ശരീരവുമായി വർണ്ണിച്ചതെങ്കിൽ, ഇവിടെ വചനാനുസൃതവും മാതൃകാപരവുമായ പ്രവൃത്തിയെയാണ് അവൻ തന്റെ രക്തവും ശരീരവുമായി വർണ്ണിച്ചിരിക്കുന്നത്.

ഈ യഥാർത്ഥ അർത്ഥം മനസ്സിലാക്കാതെയാണ് വി.കുർബ്ബാനയാൽ അപ്പത്തിനു സത്താമാറ്റമുണ്ടായി ശരീരവും രക്തവുമായിത്തീരുന്നുണ്ടോ എന്നു ചർച്ച ചെയ്യുന്നത്.

'ബലി' എന്ന ആശയത്തെപ്പറ്റിയും ചില വസ്തുതകൾ പറയേണ്ടതായിട്ടുണ്ട്. മോശയുടെ പ്രമാണമനുസരിച്ച് പാപമോചനത്തിന് മൃഗബലി വിധിച്ചിരുന്നു. എന്നാൽ, യേശുക്രിസ്തുവഴി കൃപയും സത്യവുമുണ്ടായി. അതനുസരിച്ച്, ബലിയല്ല കരുണയാണാവശ്യമെന്ന് അവൻ ഉൽബോധിപ്പിച്ചു (മത്താ. 12:7). എബ്രായ ലേഖനത്തിൽ പൗലോസ് ഉൽബോധിപ്പിച്ചിരിക്കുന്നത് ശ്രദ്ധിക്കുക: "വരാനിരിക്കുന്ന നഗരമാണ് നാം അന്വേഷിക്കുന്നത്. അവനിലൂടെ നമുക്കു ദൈവത്തിനു സ്തോത്രയാഗം (സ്തോത്രബലി) നിരന്തരം അർപ്പിക്കാം. നന്മ ചെയ്യാനും നിങ്ങൾക്കുള്ളവ പങ്കുവയ്ക്കാനും മറക്കരുത്. അത്തരം ബലികൾ ദൈവത്തിന് സ്വീകാര്യമാണ്" (13:15-16).

കർതൃമേശ എപ്രകാരമായിരിക്കണമെന്ന് 1 കോറി. 11:17-26 വരെയുള്ള ഭാഗത്തു പറയുന്നുണ്ട്. ആഹാരം കഴിക്കുമ്പോൾ ഉള്ളവർ ഇല്ലാത്തവർക്കു കൂടി പങ്കിട്ടുകൊടുത്ത് സമത്വം പാലിക്കേണ്ടതാണെന്ന് ഇവിടെ ഉൽബോധിപ്പിച്ചിരിക്കുന്നു. ഉള്ളവർ അവരവരുടെ ഭക്ഷണം കഴിക്കുകയും ഇല്ലാത്തവർ ഭക്ഷണമില്ലാതിരിക്കുന്ന അവസ്ഥയിലായിരിക്കുകയും ചെയ്യുന്നത് 'കർത്താവിന്റെ മേശ'യ്ക്കു വിരുദ്ധമായിരിക്കുമെന്നാണ് പൗലോസ് ചൂണ്ടിക്കാട്ടുന്നത്. ഭക്ഷണപ്പൊതിയുള്ളവർ അവരുടെ പൊതി പങ്കിട്ട് ഭക്ഷണപ്പൊതിയില്ലാത്തവർക്കു കൊടുത്തുകഴിക്കുമ്പോൾ യഥാർത്ഥ ബലിയാണ് അവിടെ നടക്കുന്നത്.

സ്വാർത്ഥത വെടിഞ്ഞ് സഹോദരനുവേണ്ടി നാം സഹിക്കുന്ന ഓരോ ത്യാഗവും ദൈവത്തിനു സ്വീകാര്യമായ ബലിയാണ് എന്നാണ് ഇതിൽ നിന്നെല്ലാം നാം മനസ്സിലാക്കേണ്ടത്.

•

# യഹോവായും യേശുവും, പിന്നെ ബലികളും രക്തവും



ഡോ. അബ്രഹാം കൂത്തോട്ടിൽ, അട്ടപ്പാടി

[ഈ ദീർഘലേഖനം രണ്ടു ലക്കങ്ങളിലായി പ്രസിദ്ധീകരിക്കുന്നു.]

**വ**ന്ദ്യവയോധികനായ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത ക്രിസോസ്റ്റം അടുത്ത കാലത്ത് തന്റെ 98-ാം ജന്മദിനാഘോഷവേളയിൽ, പ്രായാധിക്യത്തെ വെല്ലുന്ന സുദൃഢമായ ശബ്ദത്തിൽ പറഞ്ഞു: "ദൈവം ഉണ്ടായിരിക്കാം, അല്ലെങ്കിൽ ഇല്ലായിരിക്കാം. നാം വിശ്വസിച്ചതുകൊണ്ട് ഇല്ലാത്ത ദൈവം ഉണ്ടാവില്ല; വിശ്വസിക്കാതിരുന്നതുകൊണ്ട് ഉള്ള ദൈവം ഇല്ലാതാവുകയുമില്ല. നന്മയിലേക്കുള്ള മനുഷ്യന്റെ വളർച്ചയാണ് ദൈവം."

ക്രൈസ്തവപാരമ്പര്യത്തിൽനിന്നുകൊണ്ട് ദൈവത്തെപ്പറ്റി ചിന്തിക്കുമ്പോൾ മനസ്സിൽ വരുന്നത്, ഇസ്രായേലിന്റെ ദൈവമായ യഹോവയാണ്. ഒരു ജനതയെ സ്വന്തം ജനതയായി തിരഞ്ഞെടുത്ത ദൈവം; സീനായ് മലയിൽവച്ച് പത്തു കല്പനകൾ നൽകിയ ദൈവം; ദഹനബലികളും പാനീയബലികളും ധാന്യബലികളും ആദ്യജാതന്മാരുടെ ബലികളും ആരാധനയും സ്തുതികളും ആവശ്യപ്പെട്ടിരുന്ന ദൈവം. തന്റെ ജനത്തെ അടിമത്തത്തിൽനിന്നു രക്ഷിക്കാൻ ഈജിപ്തിലെ എല്ലാവരുടെയും, മൃഗങ്ങളുടെപോലും, ആദ്യജാതരെ അർദ്ധരാത്രിയിൽ കൊന്നൊടുക്കിയ ദൈവം; യുദ്ധവും മറ്റ് അധർമ്മങ്ങളും നടത്തുന്ന സൈന്യങ്ങളുടെ കർത്താവായ ദൈവം; മറ്റു ദൈവങ്ങളുടെ പിന്നാലെ പോകുന്നവരെ കൊന്നുകളയണം എന്നു കല്പിക്കുന്ന അസഹിഷ്ണുവായ ദൈവം (പുറ. 20:5-22, 20).

സത്യത്തിൽ, ഇസ്രായേൽജനത തങ്ങളുടെ ശ്രേഷ്ഠതയും അധീശത്വവും സ്ഥാപിച്ചെടുക്കാൻവേണ്ടി സൃഷ്ടിച്ചെടുത്തതാണ് യഹോവ എന്ന ഈ ദൈവസങ്കൽപ്പം. ഒരു പൗരസ്ത്യസ്വേച്ഛാധിപതിയായി രൂപപ്പെടുത്തിയ ഈ ദൈവത്തെ ഇന്ന് അസ്വീകാര്യമായ ഒരു വൈകൃതമായിമാത്രമേ കാണാൻ കഴിയൂ. തിരഞ്ഞെടുക്കപ്പെട്ടവരെന്ന് അഭിമാനിച്ചിരുന്ന ഇസ്രായേൽ ജനതയും ഈ ദൈവവും തമ്മിലുണ്ടായിരുന്നത് യജമാനനും അടിമകളും തമ്മിലുള്ള ബന്ധമായിരുന്നു. മനുഷ്യനെപ്പോലും കുരുതികഴിച്ചുള്ള ബലി ആവശ്യപ്പെട്ടിരുന്ന ഈ ദൈവം (പുറ.22,29) ഭീകരതയുടെ പര്യായവുമായിരുന്നു. ഇത്തരമൊരു ദൈവത്തിന്റെ മേധാവിത്വത്തിലും ഭരണത്തിലുമാണ് ഇസ്രായേൽ ജനതയെ അവരുടെ നേതാക്കന്മാർ ഒന്നാക്കി നിർത്തിയിരുന്നതും മുന്നോട്ടു നയിച്ചിരുന്നതും.

എന്നാൽ, ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനതയാണ് ഇസ്രായേൽ എന്ന അവകാശവാദം തികച്ചും പൊള്ളയാണ്. കാരണം, യഥാർത്ഥ ദൈവത്തിന് ആരെയും പ്രത്യേകം തിരഞ്ഞെടുക്കേണ്ട കാര്യമില്ല. ഇസ്രായേൽക്കാരുടെ 'പുറപ്പാടി'ന്റെ കാലഘട്ടത്തിൽത്തന്നെ ഈ ഭൂമുഖത്ത് മറ്റു ജനതകളും സംസ്കാരങ്ങളുമുണ്ടായിരുന്നു. ഉദാഹരണത്തിന് മെസപ്പെട്ടോമിയ, ഈജിപ്ത്, ഇന്ത്യ, ചൈന എന്നിവിടങ്ങളിൽ. യഥാർത്ഥ ദൈവം ഇസ്രായേൽക്കാരന്റേതെന്നപോലെ, ഇന്ത്യാക്കാരന്റെയും ചൈനാക്കാരന്റെയും ആഫ്രിക്കാക്കാരന്റെയുമൊക്കെ ദൈവമാണ്. എല്ലാവരും ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരുമാണ്. തങ്ങൾമാത്രം ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരാണെന്നു പറയുന്നത് അഹങ്കാരത്തിന്റെയും അസഹിഷ്ണുതയുടെയും ജല്പനമല്ലാതെ മറ്റൊന്നുമല്ലെന്ന് ചരിത്രാവബോധത്തിലൂടെ തിരിച്ചറിയാൻ പ്രയാസമില്ല.

മനുഷ്യബലിപോലും ആവശ്യപ്പെടുന്ന യഹോവായുടെ വിക്രിയകൾ മനുഷ്യാടിമത്തത്തിന്റെ പാതാളവുമാണ്. ഇസഹാക്കിനെ വിറകും ചുമത്തിക്കൊണ്ട് ബലികഴിക്കാൻ കൊണ്ടുപോകുന്ന ദൃശ്യം ദൈവത്തോടുള്ള മനുഷ്യന്റെ എതിർപ്പില്ലാത്ത അടിമത്തത്തിന്റെ മകുടോദാഹരണമാകുന്നു. ഇന്നാണെങ്കിൽ അബ്രാഹത്തെ നരഹത്യാശ്രമത്തിന് അറസ്റ്റ് ചെയ്ത് ജയിലിൽ അടയ്ക്കുമായിരുന്നു. ദൈവം കല്പിച്ചിട്ടാണ് ഏകസന്താനത്തെ കൊന്ന് ദഹിപ്പിച്ച് ബലികഴിക്കാൻപോയത് എന്നു പറഞ്ഞാൽ ലോകത്ത് ഒരു ന്യായാധിപനും അതംഗീകരിക്കാൻ പോകുന്നില്ല. ദൈവം കല്പിച്ചാൽപ്പോലും അധർമ്മം ചെയ്യുകയില്ല എന്നൊരു നിലപാട് എടുക്കുമ്പോഴേ മനുഷ്യമഹത്വം ശരിക്കും പ്രോജ്ജ്വലമാകുകയുള്ളൂ.

ഇസ്രായേൽ ജനതയുടെമേൽ മതത്തിന്റെ നീരാളിപ്പിടുത്തം ഏതാണ്ടു പൂർണ്ണമായിരുന്ന കാലഘട്ടത്തിലാണ് യേശുവിന്റെ ആഗമനം. ഒരു പിടി ഗോതമ്പുമണി പറിച്ച് കൈയിലിട്ട് ഞെരടി ഭക്ഷിക്കുന്നതുപോലും സാബത്തു ലംഘനമാണെന്ന് പറഞ്ഞു വിലക്കുന്ന മതഫാസിസത്തെയായിരുന്നു യേശുവിന് നേരിടേണ്ടിയിരുന്നത്.

ഇസ്രായേലിന്റെ ഈശ്വരസങ്കല്പത്തെ തച്ചുടക്കുകയായിരുന്നു യേശുവിന്റെ സുവിശേഷത്തിന്റെ കാതലായ ഒരംശം എന്നു കാണാവുന്നതാണ്. "പിതാവേ" എന്ന് യേശു ദൈവത്തെ വിളിച്ചു. മക്കളുടെ സ്വാതന്ത്ര്യം നൽകി അടിമകളുടെ അവസ്ഥയിൽനിന്ന് ഇസ്രായേൽ ജനതയെ

# ബിഷപ്പ് മുരിക്കന്റെകൂടെ പ്രസംഗക്കൊലയാളി!

**റവ. ഡോ. ജെ. ഔസേപ്പറമ്പിൽ**



*[ലേഖകൻ, UGC Grant Commission Senior Fellow-യും പാരമ്പര്യേതര ചികിത്സാസമ്പ്രദായങ്ങളിൽ MD (AM)-യുമാണ്. പൂനാ യൂണിവേഴ്സിറ്റി സംസ്കൃത ഡിപ്പാർട്ടുമെന്റിലും ഫിലോസഫി ഡിപ്പാർട്ടുമെന്റിലും ദീർഘകാലം അദ്ധ്യാപകനായിരുന്ന അദ്ദേഹം ഒരു ഗ്രന്ഥകാരനുമാണ്-എഡിറ്റർ]*

**2016** ജനുവരിയിലെ 'സത്യജ്വാല'യിൽ വന്ന 'പ്രസംഗക്കൊലയാളികൾക്കെതിരെ ബിഷപ്പ് മുരിക്കൻ' എന്ന കുറിപ്പും അദ്ദേഹത്തെക്കുറിച്ചുള്ള ജൂൺ ലക്കത്തിലെ ലേഖനങ്ങളും വായിച്ചപ്പോൾ, എന്റെ ഇടവകയായ പ്രവിത്താനത്ത് ബിഷപ്പ് മുരിക്കൻ ആദ്യസന്ദർശനം നടത്തിയ അവസരത്തിൽ റവ. മോൺസിഞ്ഞോർ ജോസഫ് കുഴിഞ്ഞാലിൽ നടത്തിയ ഒരു പ്രസംഗക്കൊലപാതകം ഓർമ്മയിൽവന്നു. മുരിക്കൻ പിതാവിനെ പ്രവിത്താനംകാർക്കു പരിചയപ്പെടുത്താൻ പാണ്ഡിത്യവും കാര്യമാത്രപ്രസക്തതയുമുള്ള ഒരു വികാരിയച്ചൻ പ്രവിത്താനത്തുണ്ടായിരുന്നുവെങ്കിലും, സ്തുത്യർഹമായ ആ മഹനീയകർമ്മം നന്നായി നടത്താൻ പ്രവിത്താനംകാരനും കാലാകാലങ്ങളായി അരമനവാസിയുമായ മോൺസിഞ്ഞോർ ജോസഫ് കുഴിഞ്ഞാലിൽ പ്രവിത്താനത്തേക്ക് എഴുന്നള്ളി, അരമണിക്കൂറിൽക്കൂടുതൽ മുരിക്കൻ പിതാവിനെക്കുറിച്ച് ഉരുട്ടിക്കൂട്ടി പ്രസംഗിച്ചു. എന്താണു പറഞ്ഞതെന്ന് പ്രവിത്താനംകാർക്കോ മുരിക്കൻപിതാവിനോ എന്തിന്, മോൺസിഞ്ഞോറിനുതന്നെയോ മനസ്സിലായില്ല. 'സമയം അതിക്രമിച്ചതുകൊണ്ട് ഒന്നും പറയുന്നില്ല' എന്നു പറഞ്ഞ് മുരിക്കൻപിതാവ് നിറുത്തി. ഈ പിതാവിന്റെകൂടെ പരിശുദ്ധാത്മാവ് ഉണ്ട് എന്ന് ഓരോ പ്രവിത്താനംകാരനും അന്ന് മനസ്സിൽ പറഞ്ഞിരിക്കണം. പലരും അവരുടെ സന്തോഷം പരസ്യമായി പറഞ്ഞതോർക്കുന്നു.

മോചിപ്പിക്കാൻ അവിടുന്ന് പരിശ്രമിച്ചു. ബലിയെ യേശു എതിർത്തു. കാരുണ്യമാണ് പ്രധാനമെന്ന് പഠിപ്പിച്ചു. അടിമയെപ്പോലെ അനുഗ്രഹങ്ങൾക്കായി ദൈവത്തോടു യാചിക്കുവാൻ യേശു നിഷ്കർഷിച്ചില്ല. പകരം, മക്കളുടെ ആവശ്യങ്ങളറിയാവുന്ന ഒരു പിതാവ് യാചിക്കാതെയും അപേക്ഷിക്കാതെയും അവ സാധിച്ചുകൊടുക്കും എന്ന് ബോധ്യപ്പെടുത്തി. ആകാശത്തെ പറവകളെ തീറ്റിപ്പോറ്റുകയും വയലിലെ പുഷ്പങ്ങളെ അണിയിച്ചൊരുക്കുകയും ചെയ്യുന്ന ദൈവം മനുഷ്യനെ അവൻ യാചിക്കാതെതന്നെ എത്രമാത്രം പരിപാലിക്കുന്നുണ്ട് എന്ന് മനസ്സിലാക്കിക്കൊടുത്തു.

യേശുവിന്റെ പ്രബോധനങ്ങളുടെ 'അപകടം' മനസ്സിലാക്കിയ യഹൂദപ്രമാണികൾ തങ്ങളുടെ താത്പര്യങ്ങൾക്കു പോറൽ ഏൽക്കാതിരിക്കാൻവേണ്ടി അവിടുത്തെ കുരിശിലേറ്റുകയാണുചെയ്തത്. അതുവഴി മനുഷ്യവർഗ്ഗത്തിനൊട്ടാകെ തീരാനഷ്ടമാണ് സംഭവിച്ചത് എന്ന വസ്തുത ആരുടേയും ചിന്തയിൽ വരുന്നതായി കാണുന്നില്ല. കുറെ വർഷങ്ങൾകൂടി യേശുവിനു ജീവിച്ചിരിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ എത്രയോ കൂടുതൽ ദർശനങ്ങളും പ്രബോധനങ്ങളും മനുഷ്യർക്ക് ലഭിക്കുമായിരുന്നു. പ്രവൃത്തിവഴിയും ജീവിതമാതൃകവഴിയും മനുഷ്യജീവിതത്തിൽ എന്തുമാത്രം പ്രകാശംചൊരിയാൻ അവിടുത്തേക്ക് കഴിയുമായിരുന്നു! എങ്കിലും ഒന്നുണ്ട്; മരണത്തിലൂടെ സ്വന്തം രക്തംകൊണ്ട് തന്റെ പഠനങ്ങൾക്കും കാഴ്ചപ്പാടുകൾക്കുംമേൽ അവിടുന്ന് സത്യത്തിന്റെ മുദ്ര പതിപ്പിച്ചു.

എന്നാൽ, മൂന്നു വർഷത്തെ അതിഹ്രസ്വകാലംകൊണ്ട് യഹൂദമത ഫാസിസത്തിൽ അമർന്നിരുന്ന ശിഷ്യന്മാർക്കും ശ്രോതാക്കൾക്കും യേശുവിന്റെ പ്രബോധനങ്ങളുടെ അന്തഃസത്ത മുഴുവൻ ഗ്രഹിക്കാൻ കഴിഞ്ഞുവെന്നു വിചാരിക്കാൻ വയ്യ. അവരുടെ ധാരണപ്പിശകിൽ ഒന്നാമത്തേത്, യേശു വന്നതു പ്രഥമമായും ഇസ്രായേൽ ജനത്തിനുവേണ്ടിയായിരുന്നു എന്നതാണ്. യേശു അപ്രത്യക്ഷമായതിനുശേഷം ആദിമ സഭയിൽ തൊങ്ങലും വാലും വെച്ച് ഇത്തരത്തിലുള്ള പ്രബോധനങ്ങൾ രൂപംകൊണ്ടു എന്നതിന് സുവിശേഷംതന്നെ സാക്ഷി. യേശുവിനോട് അനുഗ്രഹം യാചിച്ചുവന്ന കാനാൻകാരി സ്ത്രീയുടെ കഥതന്നെ ഉത്തമ ഉദാഹരണം. ആ സ്ത്രീ യേശുവിനോട് അനുഗ്രഹത്തിനായി അപേക്ഷിച്ചു. യേശു ആദ്യം ഗൗനിക്കുകപോലും ചെയ്തില്ല. ശിഷ്യന്മാർ ഇക്കാര്യം യേശുവിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അവിടുന്നു പറഞ്ഞു: "ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്കുമാത്രമാണ് ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്" (മത്താ. 15:22-28). വീണ്ടും ആ സ്ത്രീ വിടാതെ പിൻതുടർന്ന് കാൽക്കൽ വീണ് അപേക്ഷിച്ചപ്പോൾ യേശു പ്രതിവചിച്ചു: "മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കുന്നത് ഉചിതമല്ല."

ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്കുമാത്രമാണ് താൻ അയയ്ക്കപ്പെട്ടിരിക്കുന്നത് എന്ന് യേശു പറയാൻ ഇടയില്ല. കാരണം, ലോകത്തിലെ എല്ലാ ജനങ്ങൾക്കുംവേണ്ടിയാണ് അവിടുന്ന് അയയ്ക്കപ്പെട്ടത്. ഇതിലും കഠിനതരമാണ് യേശു കാനാൻകാരിയോട് പറഞ്ഞ വാക്കുകൾ. എങ്ങനെയൊക്കെ വ്യാഖ്യാനിച്ചാലും, എന്തെന്തു വിധത്തിൽ ന്യായീകരിക്കാൻ നോക്കിയാലും ഒരു പാവപ്പെട്ട വിജാതീയസ്ത്രീയെ യേശു നായയോട് ഉപമിക്കുമെന്ന് ഒട്ടും കരുതാൻ വയ്യ. യേശുവിനെ പൂർണ്ണമായും മനസ്സിലാക്കി കാഴ്ചപ്പാടും ജീവിതവും സമഗ്രമായി മാറ്റിത്തീർക്കാൻ കഴിയാതിരുന്ന ശിഷ്യരുടെ സൃഷ്ടിയാണ് ഈ കഥയും അവിടെ യേശുവിന്റെ അധരങ്ങളിൽ നിന്നു വന്നതായി ചേർത്തിട്ടുള്ള വാക്കുകളും എന്നതാണു വാസ്തവം. (തുടരും)

ഫോൺ: 9946010343


# ബലിയല്ല, എനിക്കു വേണ്ടത് കാരുണ്യമാണ്



(3-ാം ഭാഗം)

**ജോർജ് പൂഴിക്കാലാ, കാനഡ**

*[കത്തോലിക്കാസഭയിൽ യുക്തിഹീനമായി നിലനിൽക്കുന്ന പരമ്പരാഗത കാഴ്ചപ്പാടുകളെയും, ക്നാനായ സ്വവംശവിവാഹനിഷ്ഠപോലുള്ള അനാചാരങ്ങളെയും തന്റെ സ്വതസിദ്ധമായ മൗലികചിന്തയുടെ വെളിച്ചത്തിൽ ലേഖകൻ മറനീക്കിക്കാണിക്കുന്നു. ദീർഘലേഖനത്തിന്റെ അവസാനഭാഗം.]*



**നിർദ്ദോഷിക്ക് നരകയാതന,**
**വംശീയവാദിക്ക് സ്വർഗീയലാളന!**

സ്നേഹവും അനുകമ്പയും പൂവണിയുന്ന ഈ കുടുംബഘടനയുടെ അസ്വാഭാവികബന്ധത്തിൽ ഒരു മൃദുലത (delicacy) യും അതിന്റെ ദുർബലതയും അന്തർലീനമാണ്. അതു തിരിച്ചറിയുവാനുള്ള പക്വതയും ആ ദുർബലതയിൽനിന്ന് പ്രസ്തുത ബന്ധത്തെ സംരക്ഷിക്കുവാനുള്ള ലോലമനസ്സും (sensitivity) ശ്രേഷ്ഠതയും ഇല്ലാത്ത കോട്ടയംരൂപതയും തെക്കുംഭാഗസമുദായവും, *'പൊട്ടിപഴുത്തിട്ട് പൊറ്റ പിടിച്ചൊരു ദുഷ്ടപ്പുണ്ണാണ് ഹൃദയം'* എന്ന വയലാർ രാമവർമ്മയുടെ വരികളെ ഓർമ്മിപ്പിക്കുന്നു. സംസ്കരണത്തിൽ തികച്ചും പിന്നോക്കാവസ്ഥയുള്ള ഒരു മാനസികാവസ്ഥയെ ഈ മനോഭാവം അനാവരണം ചെയ്യുന്നു. ശാസ്ത്രബോധത്തോടൊപ്പം സന്മനസ്സിന്റേയും അസാന്നിധ്യം വെളിപ്പെടുത്തുന്ന ഈ ശുദ്ധരക്തവാദാധിഷ്ഠിത ദുരാചാരത്തെ സംരക്ഷിക്കുന്ന കത്തോലിക്കാസഭ, ക്രിസ്മസ് ദിനത്തിൽ, 'ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം' എന്നു കൊട്ടിഘോഷിക്കുന്നത് കാരുണ്യവർഷാചരണംപോലെ മറ്റൊരു മുഖം മിനുക്ക്പൊങ്ങച്ചംമാത്രമാണ്. രക്തശുദ്ധിക്കുവേണ്ടി പിഞ്ചുകുഞ്ഞുങ്ങളെ നിഷ്ക്കരുണം പുറത്താക്കുന്ന കോട്ടയംരൂപതയുടെ കത്തോലിക്കാസഭയിലെ സാന്നിധ്യം സഭയുടെമേലുള്ള 'നരകവാതിൽ'നിയന്ത്രണത്തെ വെളിപ്പെടുത്തുന്നു. ശുദ്ധരക്തവിവരദോഷത്തിന്റെ സമ്മർദ്ദം മൂലം മാനസികമൃദുലതയും സന്മനസ്സും നഷ്ടപ്പെട്ട കോട്ടയം അതിരൂപതയും കത്തോലിക്കാസഭയും, ആരോഗ്യമുള്ള തൊണ്ണൂറ്റൊൻപതിനെയും വിട്ടിട്ട്, മുറിവേറ്റു പിൻത്തള്ളപ്പെട്ട ഒന്നിനെ അന്വേഷിച്ചുപോകുകയും കണ്ടെത്തുകയും നെഞ്ചിലേറ്റി, വാരിപ്പുണർന്ന് തോളിലിട്ട് താലോലിക്കുകയുംചെയ്ത ആ നല്ല ഇടയനെ ഉൾക്കൊള്ളുന്നതിൽ പൂർണ്ണമായി പരാജയപ്പെട്ടിരിക്കുന്നു. കാലത്തിന്റെ തികവിൽ, പ്രബുദ്ധതയുടെ അപ്രതിരോധ്യപ്രവാഹത്തിൽ, അമ്പരപ്പ് ഏറ്റുവാങ്ങേണ്ടിവരുന്ന വരുംതലമുറകൾ ഈ ദുരാചാരത്തെ തിരസ്ക്കരിക്കും; അതോടൊപ്പം അതിൽ കടി വിടാതെ കടിച്ചുതൂങ്ങി മരിക്കുവാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്ന കോട്ടയം രൂപതയെന്ന 'നീറി'നെയും.

ആത്മാവിൽ അന്തർലീനമായ, ഹൃദയത്തിൽ അലിഞ്ഞുചേർന്ന കാരുണ്യം കത്തോലിക്കാസഭയിൽ ഒരു യാഥാർത്ഥ്യമാണെങ്കിൽ, മേൽപ്പറഞ്ഞ ജാതിഭ്രഷ്ടും അതിന്റെ ക്രൂരവിനോദവും അതിനായി രൂപംകൊണ്ട കോട്ടയംരൂപതയും ഒരു യാഥാർത്ഥ്യമായിരിക്കുകയില്ലായിരുന്നു.

കോട്ടയം അതിരൂപത ആചാരവെടി മുഴക്കി ആദരിച്ച് ആചരിക്കുന്ന സ്വജാതി വിവാഹനിഷ്ഠ എന്ന ദുരാചാരം ജനങ്ങൾക്കിടയിൽ കെട്ടിപ്പൊക്കുന്നത്, ഫ്രാൻസീസ് മാർപാപ്പ ഈ അടുത്ത കാലത്തു ചൂണ്ടികാണിച്ച **വൻ മതിലുകളാണ്. വംശീയത, വീരാരാധന, പാരമ്പര്യമഹത്വീകരണം എന്നീ നാസിസ്റ്റ്, ഫാസിസ്റ്റ് ആശയങ്ങളെ** അതേപടി ഏറ്റെടുത്ത് നടപ്പിലാക്കുന്ന കോട്ടയംരൂപതയുടെ കത്തോലിക്കാസഭയിലെ സാന്നിദ്ധ്യവും അംഗീകാരവും കത്തോലിക്കാ സഭയുടെ ഈ കാരുണ്യ വർഷത്തെ **കോളാംബിയിൽ വിളമ്പിയ പാൽപായസമാക്കിത്തീർക്കുന്നു.**

വംശീയതയുടെയും ശുദ്ധരക്തപൊങ്ങച്ചത്തിന്റെയുംപേരിൽ മനുഷ്യർക്ക് **അസ്വീകാര്യത** കല്പിക്കുന്ന, ശാസ്ത്രബോധവും സദാ

**കാലത്തിന്റെ തികവിൽ, പ്രബുദ്ധതയുടെ അപ്രതിരോധ്യപ്രവാഹത്തിൽ, അമ്പരപ്പ് ഏറ്റുവാങ്ങേണ്ടിവരുന്ന വരുംതലമുറകൾ ഈ ദുരാചാരത്തെ തിരസ്ക്കരിക്കും; അതോടൊപ്പം അതിൽ കടി വിടാതെ കടിച്ചുതൂങ്ങി മരിക്കുവാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്ന കോട്ടയം രൂപതയെന്ന 'നീറി'നെയും.**

ചാരബോധവും ഇല്ലാത്ത '*എൻഡോഗമി ഭ്രാന്തൻമാർ*' മനസ്സിലാക്കേണ്ട ഒരു ബാലപാഠം രക്തം ശുദ്ധമാക്കുന്നത് ഹൃദയമാണ്. പൊട്ടിപഴുത്തിട്ട് പൊറ്റപിടിച്ച ഇവരുടെ ഹൃദയങ്ങളിൽ കൂടി കയറിയിറങ്ങുന്ന ഇവരുടെ രക്തമാണ് അശുദ്ധം; ആ രക്തം സിരകളിൽക്കൂടി പ്രവഹിക്കുന്നതിന്റെ ഫലമായി ഉണ്ടാകാവുന്ന ബുദ്ധിമാന്ദ്യമാണ് സ്വജാതിവിവാഹനിഷ്ഠയെ കോട്ടയംരൂപതയുടെ ഒരു ഭ്രാന്തും ദുശ്ശാഠ്യവും ആക്കിത്തീർക്കുന്നത്.

ചേരുംപടി ചേർക്കുക എന്നൊരു ദൗർബല്യം തികച്ചും പാമരജനസഹജമാണ്. ഹാസ്യസമ്രാട്ടായ കുഞ്ചൻ നമ്പ്യാർ ഈ പ്രവണതയെ ആവിഷ്കരിക്കുന്നത് ഇങ്ങനെയാണ്. *"നേപ്പാളക്ഷിതി തന്നിൽ വസിക്കും ഭൂപാലന്റെ ലലാടം തന്നിൽ ചേറ് പുരണ്ടത് കണ്ടാൽ അത് വിലപേറില്ലാത്തൊരു കസ്തൂരിക്കുറി എന്നല്ലാതൊരു മനുജൻമാർക്കും തോന്നുകയില്ല വിചാരിക്കുമ്പോൾ. കുങ്കുമമണിയും തിരു നെറ്റിക്കൊരു പങ്കം പുരളാൻ എന്തവകാശം. ശങ്കര ശിവ ശിവ ചേരാതുള്ളത് ശങ്കിച്ചവൻ ഒരബദ്ധക്കാരൻ.''* തെക്കുംഭാഗസമുദായത്തിന്റെ സ്വജാതിവിവാഹനിഷ്ഠ എന്ന ദുരാചാരത്തിന്റെ സംരക്ഷണത്തിനായി വിശുദ്ധ പത്താം പീയൂസ് മാർപ്പാപ്പ ഒരു പ്രഖ്യാപനത്തിലൂടെ കോട്ടയംരൂപത സ്ഥാപിച്ചു എന്ന് മാർ മാക്കിൽ നൽകിയ ദുർവ്യാഖ്യാനം അദ്ദേഹത്തിന്റെ *നെറ്റിയിൽ പുരണ്ട ചേറാണ്. പക്ഷേ, ആ ചേറ് 'വിലപേറില്ലാത്തൊരു കസ്തൂരിക്കുറി'* എന്നാക്കിത്തീർത്തു, *എൻഡോഗമി* ഭ്രാന്തൻമാർ! മാർ മാക്കീൽ, ഒരു മേലദ്ധ്യക്ഷനാകയാൽ, *'കുങ്കുമമണിയും തിരുനെറ്റിക്കൊരു പങ്കംപുരളാൻ എന്തവകാശം'* എന്ന് നമ്പ്യാർ പുച്ഛിച്ച പൊതുജനവിവരദോഷം ഇവിടെ അന്വർത്ഥമാകുന്നു. പാമരജനമദ്ധ്യേ സർവ്വസാധാരണമായി കണ്ടുവരുന്ന 'ചേരുംപടി ചേർക്കൽ' എന്ന ഈ ദുർബ്ബലപ്രവണതമൂലം കത്തോലിക്കാസഭയിൽ വിശുദ്ധരായിട്ടുള്ളവർ ഇല്ലേ? ഭാരതീയ തർക്കശാസ്ത്രത്തിലെ സ്താലീപുലാകം ന്യായം ഈ സംശയത്തെ സാധൂകരിക്കുന്നു. (കയറ്റി വിടാൻ ആളുണ്ടെങ്കിൽ ഏതു നായയ്ക്കും ചന്ദ്രനിൽ ഇറങ്ങാൻ സാധിക്കും എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു).

**ആദ്ധ്യാത്മികനിറവിൽ, സാത്വികമികവിൽ, സർവ്വോപരി മൂല്യബോധപ്രബുദ്ധതയിൽ ഒരു അഭിഷിക്തൻ, മനുഷ്യർ ഉൾപ്പെടെയുള്ള പ്രതിഭാസങ്ങളെ വിലയിരുത്തുന്നത് അവയുടെ മൂല്യത്തിലാണ്. മനുഷ്യനിൽ ഈ മൂല്യം ആത്മാവാണ്**; തൊലിയുടെ നിറമോ ശരീരഘടനയോ അവയവങ്ങളുടെ ആകൃതിയോ ജന്മമെടുത്ത ജാതിയോ വംശമോ അല്ല. ആ പ്രവണത അവരുടെ ഉപരിപ്ലവതയെ അനാവരണം ചെയ്യുന്നു. മാർ മാക്കീലും അദ്ദേഹത്തിന്റെ പിൻഗാമികളും **മനുഷ്യൻ** എന്ന പ്രതിഭാസത്തെ കണ്ടത് ആത്മാവിലല്ല; മറിച്ച്, തികച്ചും ഉപരിപ്ലവമായ വംശത്തിലും ജാതിയിലും വെറും ഐന്ദ്രികഅനുഭവമായ ബാഹ്യരൂപത്തിലും രക്തശുദ്ധിമിഥ്യയിലുമാണ്. **ഈ മാനസികാവസ്ഥ, അവരുടെ സാത്വികപാപ്പരത്തത്തെയും ആദ്ധ്യാത്മികദാരിദ്ര്യത്തെയും മൂല്യബോധരാഹിത്യത്തെയും സർവ്വോപരി അഭിഷിക്തകാപട്യത്തെയും അനാവരണം ചെയ്യുന്നു. (അവസാനിച്ചു.)**

email: gpoozhikala@gmail.com

## 'എത്ര സമുന്നതമീ പുരോഹിതധർമ്മം!'

***"യേശു വിശുദ്ധതൈലംകൊണ്ട് അഭിഷേകംചെയ്തു നിയോഗിക്കുകയും, കർത്താവിനു ശുശ്രൂഷചെയ്യാനും പുരോഹിതധർമ്മം അനുഷ്ഠിക്കാനും പാപമോചനം നടത്താനും സ്മരണാംശമായി കുന്തിരിക്കവും സുഗന്ധദ്രവ്യങ്ങളും അർപ്പിക്കുന്നതിനും അവിടുന്ന് പ്രത്യേകം തിരഞ്ഞെടുത്തവരാണ് ബഹുമാനപ്പെട്ട വൈദികർ. 'തിരുപ്പട്ടം' എന്ന പാവനമായ കൂദാശയാൽ മുദ്രണംചെയ്യപ്പെട്ടവരായ വൈദികർക്ക് ദൈവം തന്റെ മുമ്പിൽ നൽകിയിരിക്കുന്നത് ഏറ്റവും വിശിഷ്ടമായ സ്ഥാനമാണ്..."***

ചേരാനെല്ലൂർ സെന്റ് ഫ്രാൻസീസ് സേവ്യേഴ്സ് പള്ളിവികാരി ഫാ. ജോയി ചക്യേത്തിന്റെ പൗരോഹിത്യരജതജൂബിലി സപ്ലിമെന്റിൽ, പാരീഷ് കൗൺസിൽ സെക്രട്ടറി ശ്രീമതി ആനി വർഗീസ് എഴുതിയ മംഗളാശംസയുടെ ആമുഖമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ക്രിസ്തീയപൗരോഹിത്യത്തെപ്പറ്റി, തങ്ങളുടെ സ്ഥാന-മഹിമകളും അധികാരവും സൃഷ്ടിച്ചുറപ്പിക്കുന്നതിനായി, പുരോഹിതർതന്നെ മുൻകാലങ്ങളിൽ എഴുതിക്കൂട്ടിയിട്ടുള്ള ആശയങ്ങളെല്ലാം വായിച്ചുണ്ടായ 'ഇണ്ടെ'ലിൽ നിന്നാവാം ഈ മഹതി, യാതൊരു ആലോചനയും കൂടാതെ ഇങ്ങനെയൊക്കെ എഴുതിയിരിക്കുന്നതെന്നു തോന്നുന്നു. ഉദാഹരണത്തിന്, ഫാ.പോൾ വടക്കേത്ത് എഴുതിയ 'ക്രിസ്തീയപൗരോഹിത്യം' എന്ന പുസ്തകത്തിൽ, വി. ജോൺ ക്രിസോസ്റ്റം, വി. അപ്രേം, വി. ലോറൻ ജസ്റ്റീനിയൻ മുതലായ പുരോഹിതവിശുദ്ധരുടേതായി കൊടുത്തിരിക്കുന്ന പുരോഹിതമഹത്വത്തെക്കുറിച്ചുള്ള അതിഭാഷണങ്ങൾ വായിച്ചാൽ, യേശുപോലും അവരുടെ മുമ്പിൽ എത്ര നിസാരൻ എന്നു തോന്നിപ്പോകും. വി. ജോൺ ക്രിസോസ്റ്റം എഴുതിയിരിക്കുന്നതു കാണുക: "പുരോഹിതൻ എല്ലാ സൃഷ്ടികൾക്കുംവേണ്ടി മദ്ധ്യസ്ഥം വഹിക്കാനും കൃപാവരം നേടാനും ലോകം മുഴുവനും വേണ്ടി നിയുക്തനായ സ്ഥാനപതിയുമാകുന്നു." വി. ലോറൻ ജസ്റ്റിനീയൻ എഴുതിയിരിക്കുന്നത് ഇങ്ങനെ: "പുരോഹിതരുടെ ശക്തി എത്ര അപാരം! അവരുടെ അധരപുടത്തിൽനിന്ന് ഒരു വാക്ക് അടർന്നു വീഴുന്നു, ഓസ്തിയുടെ സത്ത ക്രിസ്തുവിന്റെ ശരീരമായി മാറുന്നു. മാലാഖാമാർക്കുപോലും ഈ അധികാരം ദൈവം നൽകിയിട്ടില്ല"...... "കൂദാശാകർമ്മം നടത്തുമ്പോൾ അക്ഷരശഃ പുരോഹിതനു വിധേയനാകുന്ന യേശുവിനെ നാം കാണുന്നു." പുരോഹിതമഹത്വത്തെക്കു →

# കേരളകത്തോലിക്കാ മെത്രാൻസംഘ (KCBC)ത്തിന് ഒരു തുറന്ന കത്ത്

**സി.കെ. പുന്നൻ ചിറയിൽ**

അഭിവന്ദ്യ കെ.സി.ബി.സി. അദ്ധ്യക്ഷനും എല്ലാ അംഗങ്ങൾക്കും,

2016 ജൂൺ 11-ലെ മലയാള മനോരമയിൽ 'സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തിന് കത്തോലിക്കാസഭയിൽ നിരോധനം' എന്ന തലവാചകത്തിൽ വന്ന വാർത്ത വായിച്ചു. ഇങ്ങനെയൊരു പ്രസ്ഥാനത്തെപ്പറ്റി ഞാൻ ആദ്യമായി കേൾക്കുകയാണ്. ഇതേപ്പറ്റി തിരക്കിയപ്പോൾ, ഇത് കത്തോലിക്കാസഭയുടെ ഭാഗമായി, ചില കത്തോലിക്കാ വൈദികരാൽ നയിക്കപ്പെടുന്ന സംഘടനയാണെന്നാണ് അറിയാൻ കഴിഞ്ഞത്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ, പ്രസിദ്ധീകരണങ്ങൾ പ്രസംഗങ്ങൾ എന്നിവ വിശുദ്ധ ഗ്രന്ഥത്തോടും സഭാപാരമ്പര്യങ്ങളോടും സഭയുടെ പ്രബോധനങ്ങളോടും ചേർന്നുപോകാത്തതാകയാൽ, ഇതിൽ പ്രവർത്തിക്കുന്നവർക്കെതിരെ ശിക്ഷാനടപടികൾ എടുക്കുമെന്നാണല്ലോ കെ.സി.ബി.സി. തീരുമാനിച്ചത്. സഭാവിരുദ്ധപ്രവർത്തനങ്ങളെ സസൂക്ഷ്മം വീക്ഷിച്ചു വരുന്ന കെ.സി.ബി.സിയെ അനുമോദിക്കുന്നു.

എന്നാൽ കെ.സി.ബി.സി. കേൾക്കാത്തതോ കാണാത്തതോ അല്ല, കോട്ടയം രൂപതയെന്ന അക്രൈസ്തവ കപടശുദ്ധരക്ത ക്ലബ്ബ്. അവിടെയെന്തേ ഈ നിരീക്ഷണവും നിരോധനവുമൊന്നും ഉണ്ടാകുന്നില്ല?

1) ഈ രൂപത വിശുദ്ധഗ്രന്ഥത്തോട് നീതി പുലർത്തുന്നതാണോ?

2) സകലജനതകളെയും സ്വീകരിക്കുക എന്ന ക്രിസ്തുവചനം ഇവർ അംഗീകരിക്കുന്നുണ്ടോ?

3) 'നിങ്ങളുടെ പാരമ്പര്യത്തിനുവേണ്ടിത്തന്നെ നിങ്ങൾ ദൈവവചനം വ്യർത്ഥമാക്കുന്നതെന്തുകൊണ്ട്?' എന്ന് ക്രിസ്തു ഈ രൂപതയോടു ചോദിക്കുന്നത് കെ.സി.ബി.സി. കേൾക്കുന്നില്ലേ?

4) 'ക്രിസ്തുവിൽ ജ്ഞാനസ്നാനം സ്വീകരിച്ചവർ സഹോദരങ്ങളാണ്. ഇവിടെ ജാതി, വർഗ്ഗ, വർണ്ണ, ലിംഗ വ്യത്യാസം പാടില്ല' എന്ന വചനം തിരസ്ക്കരിച്ച് ക്നാനായ ജാതിക്കുവേണ്ടിമാത്രം നിലകൊള്ളുന്ന ഈ രൂപതയുടെ ബൈബിൾവിരുദ്ധത നിങ്ങൾ കാണാതിരിക്കുകയാണോ?

5) ഇതര കത്തോലിക്കാ രൂപതകളിൽനിന്ന്, ഈ രൂപത ഉൾപ്പെട്ട സീറോ-മലബാർ സഭയിൽനിന്നുപോലും, വിവാഹംകഴിക്കുന്നവരെ നിഷ്ക്കരുണം, മനുഷ്യത്വരഹിതമായി ഊരുവിലക്കു കൽപ്പിച്ച് പുറത്താക്കുന്നു. എന്നിട്ട് അവർ സ്വയം പോകുന്നു എന്ന് പ്രചരിപ്പിക്കുന്നു! ആരെങ്കിലും അവർ ജനിച്ചുവളർന്ന ഇടവകസമൂഹത്തിൽനിന്നു പുറത്തുപോകാൻ ആഗ്രഹിക്കുമോ? ഈ അനീതി കണ്ടില്ലെന്നു വയ്ക്കാൻ ഈ മെത്രാൻസംഘത്തിലുള്ളവർ അന്ധരാണോ? പിന്നെങ്ങനെ 'സ്പിരിറ്റ് ഇൻ ജീസസി'ന്റെ പ്രവർത്തനം നിങ്ങൾ കണ്ടുപിടിച്ചു?

6) സഭ വിശുദ്ധനായി കാണുന്ന വിശുദ്ധ പത്താം പീയൂസ് മാർപ്പാപ്പായെ കബളിപ്പിച്ച് നേടിയതാണ് ഈ രൂപത. 'ക്നാനായ' എന്ന വാക്ക് പരിശുദ്ധ പിതാവ് പറഞ്ഞിട്ടില്ല. തെക്കും വടക്കും എന്ന രണ്ടു ദിക്കുകളായിമാത്രമേ അദ്ദേഹം കരുതിയുള്ളൂ. ഇന്നത്തെപ്പോലെ യാത്രാ, വാർത്താവിനിമയ സൗകര്യങ്ങളില്ലാതിരുന്ന കാലത്ത് മാർ മാത്യു മാക്കീലും സംഘവും പറഞ്ഞ കള്ളക്കഥകൾ അദ്ദേഹത്തിന് വിശ്വസിക്കേണ്ടിവന്നു. ഇക്കാര്യം പല പ്രാവശ്യം പിതാക്കന്മാരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതല്ലേ?

---

റിച്ചുള്ള വി. അപ്രേമിന്റെ വാക്കുകൾ വായിച്ചു വിശ്വസിച്ചാൽപ്പിന്നെ ശ്രീമതി ആനി വർഗ്ഗീസിനെപ്പോലെ, തനതു ചിന്തയില്ലാത്ത ആരും ദൈവാരാധന നിർത്തിവച്ച് പുരോഹിതരെ ആരാധിച്ചുതുടങ്ങും. അദ്ദേഹമെഴുതി: "പുരോഹിതർ ദൈവത്തിന്റെ അടുത്ത ആളാണ്. അദ്ദേഹത്തിന് എല്ലായിടത്തും സ്വാഗതമുണ്ട്..... ഒരു തരത്തിൽ പറഞ്ഞാൽ, പുരോഹിതൻ തന്റെ സ്രഷ്ടാവിനെ സൃഷ്ടിക്കുന്നവനാണ്.... പരി. കന്യാമറിയത്തെയും ഉല്ലംഘിക്കുന്നു, പുരോഹിതന്റെ അധികാരം......"

ഇതെല്ലാം വായിച്ച് അതിലെ ആശയങ്ങൾ അപ്പടി പകർത്തിവയ്ക്കാതെ, കുറഞ്ഞത് അതിനൊക്കെ ആധാരമായ ബൈബിൾ വാക്യങ്ങൾ ചൂണ്ടിക്കാണിക്കാനുള്ള ബാധ്യതയെങ്കിലും ശ്രീമതി ആനി വർഗീസ് നിറവേറ്റേണ്ടതായിരുന്നു. ബൈബിളിൽ അങ്ങനെയൊന്നുമില്ലല്ലോ എന്ന ധർമ്മസങ്കടത്തിലാവാം, അവർ.

**-എഡിറ്റർ**

7) അടുത്തകാലത്ത്, ഈ രൂപതയും ഇടവകകളും 'ക്നാനായ' എന്നു ജാതീയമായി പേരുമാറ്റിയപ്പോൾ, അതിനെതിരെ ശിക്ഷാനടപടികളെടുക്കാൻ അധികാരമുള്ള നിങ്ങൾക്ക് കഴിയാതെ പോയതെന്തേ?

8) രണ്ടാം വത്തിക്കാൻ പ്രബോധനം ആവർത്തിച്ച് വ്യക്തമാക്കിക്കൊണ്ട് ഇന്നത്തെ പരിശുദ്ധ മാർപ്പാപ്പ പറഞ്ഞു: 'സുവിശേഷാത്മകശൈലി സഭയുടെ എല്ലാ തലങ്ങളിലും ഉണ്ടാകണം. സുവിശേഷത്തിന്റെ ചൈതന്യത്തോട് നേരിട്ടു ബന്ധമില്ലാത്ത ആചാരാനുഷ്ഠാനങ്ങളെ അവയ്ക്ക് എത്ര ആഴമായ ചരിത്രപാരമ്പര്യമുണ്ടായിരുന്നാലും പുനഃപരിശോധിക്കുവാൻ സഭ തയ്യാറാകണം' എന്ന്. കോട്ടയം രൂപത, രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനത്തെയോ മാർപ്പാപ്പായുടെ ആഹ്വാനത്തെയോ ചെവിക്കൊള്ളാൻ തയ്യാറാകുന്നില്ല. അവർക്കു വലുത് അവരുടെ കപടരക്തശുദ്ധിപാരമ്പര്യമാണ്. ഇതിനെതിരെ നടപടിയെടുക്കാൻ വന്ദ്യപിതാക്കന്മാർ എന്തുകൊണ്ട് ഭയപ്പെടുന്നു?

9) ഈ രൂപതയ്ക്കു പുറത്തുള്ളവർ നികൃഷ്ടരും തൊട്ടുകൂടാൻ പാടില്ലാത്തവരുമാണെന്ന ചിന്താഗതിമൂലമല്ലേ, മറ്റുള്ളവരിൽനിന്നുള്ള വിവാഹത്തെ വിലക്കുന്നതും ഊരുവിലക്ക് കൽപ്പിക്കുന്നതും. കത്തോലിക്കാസഭതന്നെ എത്ര മുന്നോട്ടു പോയിരിക്കുന്നു! ഏതു ജാതിയിൽനിന്നു വിവാഹംകഴിച്ചാലും അവർക്ക് ജാതി മാറാതെ തന്നെ പള്ളിയിൽ വച്ച് അവരുടെ വിവാഹം നടത്തിക്കൊടുക്കുവാനുള്ള ആഹ്വാനം എത്ര ശ്ലാഘനീയമാണ്.

10) യേശു പറഞ്ഞു: 'എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും, എന്റെ വചനം നിരാകരിക്കുന്നവൻ എന്നെത്തന്നെയാണ് നിരാകരിക്കുന്നത്.' ദൈവത്തെ നിരാകരിക്കുമ്പോൾ കോട്ടയം രൂപത ചെകുത്താനെ ആശ്ലേഷിക്കുന്നു. ഇവർ വാഴ്ത്തുന്ന അപ്പവും വീഞ്ഞും ചെകുത്താന്റെ ശരീര-രക്തങ്ങളായി മാറുകയില്ലേ?

11) വായ്മൊഴികളിൽനിന്നും അടർത്തിയെടുത്ത ഇവരുടെ പഴംപുരാണങ്ങളൊന്നും സഭയുടെ നിലനില്പിന് ആവശ്യമില്ല. ഇങ്ങനെയുള്ള പഴകിയതും ദ്രവിച്ചതുമായ കള്ളക്കഥകൾ യാഥാർത്ഥ്യമാണെന്ന് സമുദായത്തിലെ അജ്ഞരായ ജനങ്ങളെ പഠിപ്പിച്ച്, അവരിൽ വിഭാഗീയതയും വിദ്വേഷവും വളർത്തി, അവരെ അഹങ്കാരികളാക്കി ത്തീർത്തിരിക്കുന്നു. ഒരു പാരമ്പര്യം നിലനിർത്തണമെന്നുണ്ടെങ്കിൽ, അതു തീരുമാനിക്കേണ്ടത് സമുദായ നേതൃത്വമാണ്. സമുദായത്തിനു പുറത്തുനിന്നു വിവാഹം കഴിക്കുന്നവരെ സമുദായാംഗങ്ങളായി ചേർക്കണമോ വേണ്ടയോ എന്ന് അവർക്കു തീരുമാനിക്കാം. പക്ഷേ, സഭ അല്ലെങ്കിൽ രൂപത എല്ലാവർക്കും വേണ്ടിയാണ്, അത് എല്ലാവരും ഉൾപ്പെട്ട 'കാത്തലിക്ക്' ആകണം. സഭ കപട ശുദ്ധരക്തക്ലബ്ബ് ആകാൻ പാടില്ല എന്ന് അഭിവന്ദ്യപിതാക്കന്മാർക്കു കല്പിച്ചുകൂടേ?

12) കോട്ടയം അതിരൂപതാമെത്രാൻ മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്തയെ കണ്ടു സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, 'ഞാൻ ക്നാനായക്കാർക്കുവേണ്ടിയുള്ള മെത്രാനാണെ'ന്നാണ്!

13) സീറോ-മലബാർ മെത്രാൻസിനഡ് പാസ്സാക്കിയത്, ക്നാനായേതര വിവാഹം ചെയ്യുന്ന പുരുഷനെ കോട്ടയം രൂപതാംഗമായി നിലനിർത്തുമെന്നും ഭാര്യയും മക്കളും മറ്റെവിടെയെങ്കിലും ചേക്കേറിക്കൊള്ളണമെന്നും!! 'ദൈവം യോജിപ്പിച്ചത് മനുഷ്യർ വേർപെടുത്തരുത്' എന്ന ദൈവവചനത്തോടു ചെയ്ത ക്രൂരത. കെ.സി.ബി.സി. എന്തുകൊണ്ട് ശിക്ഷാനടപടിയെടുത്തില്ല?

14) ഈ രൂപതയുടെ അനീതി, അക്രൈസ്തവികത, മനുഷ്യാവകാശലംഘനം, വിശിഷ്യാ ദൈവവചനനിഷേധം കെ.സി.ബി.സി. പിതാക്കന്മാർക്ക് മനസ്സിലായില്ലെങ്കിൽ, ദൈവത്തിനുപോലും നിങ്ങളെയോർത്ത് പരിതപിക്കാനേ കഴിയൂ. പക്ഷേ നിങ്ങൾക്കു മറ്റുള്ളവരെ ശിക്ഷിക്കാൻ സാധിക്കും!!

15) ഈ രൂപതയിലെ അജ്ഞരായ വിശ്വാസികളുടെ രക്ഷയെ ഓർത്തെങ്കിലും ബഹുമാനപ്പെട്ട മെത്രാൻ സമിതി സത്വരനടപടി സ്വീകരിക്കുമെന്ന് കരുതുന്നു. ഇതിന് കഴിവില്ലെങ്കിൽ പരിശുദ്ധ മാർപ്പാപ്പയെ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി ശക്തമായ നടപടിയെടുക്കാൻ നിങ്ങൾക്കു സാധിക്കട്ടെ!

കഴിഞ്ഞ 47 വർഷമായി ഈ അനീതിക്കെതിരെ പോരാടുന്ന ഒരു വൃദ്ധനാണ് ഞാൻ. എന്റെ അവസാന ശ്വാസംവരെ ഈ പൊരുതൽ തുടരും. കോട്ടയം രൂപതയ്ക്കെതിരെ നടപടിയെടുക്കാൻ അഭിവന്ദ്യ പിതാക്കന്മാർക്കാവുന്നില്ലെങ്കിൽ എനിക്കെതിരെ നടപടിയെടുത്ത് എന്നെ പുറത്താക്കാൻ നിങ്ങൾക്കു സാധിക്കും. പക്ഷേ ക്രിസ്തുവിൽനിന്ന് എന്നെ പുറത്താക്കാൻ നിങ്ങൾക്ക് സാധ്യമല്ല!!

**സഭയും സമുദായവും വ്യത്യസ്തമാണ്.**

ഫോൺ: 9288046925

## ക്ഷമാപണം!

സ്ഥലപരിമിതിമൂലം, ശ്രീ പി.കെ. മാത്യുവിന്റെ 'പോപ്പിന്റെ പരസ്യക്കുമ്പസാരവിഷയങ്ങൾ', ശ്രീ ജോസഫ് മാത്യുവിന്റെ 'സീറോയിലേക്കു വളരുന്ന സഭ' എന്നീ ലേഖനങ്ങളുടെ തുടർച്ച ഈ ലക്കത്തിൽ ചേർക്കാൻ കഴിഞ്ഞില്ല എന്നു ഖേദപൂർവ്വം അറിയിക്കുന്നു.

-എഡിറ്റർ

# ‘ആത്മാവിനെ കൊല്ലാൻ കഴിയാത്തവരെ ഭയപ്പെടേണ്ട’



ജോർജ് മൂലേച്ചാലിൽ



ദാർശനികനും കവിയും വാഗ്മിയും ‘അത്മായ ശബ്ദം’ ബ്ലോഗിലെയും ‘സത്യജ്വാല’യിലെയും പ്രമുഖ എഴുത്തുകാരനുമായ ശ്രീ സാമുവൽ കൂടലിനെ നിശ്ശബ്ദനാക്കാൻ, അദ്ദേഹം അംഗമായിരിക്കുന്ന ഓർത്തഡോക്സ് സഭയിലെ ഒരു മെത്രാപ്പോലീത്തായും കൂലിപ്പട്ടാളവും രംഗത്തിറങ്ങിയിരിക്കുന്നതായി അറിയുന്നു. ‘വാട്സ് അപ്പാ’ണു യുദ്ധക്കളം. ശ്രീ കൂടൽ യേശുവചസ്സുകളുടെ അടിസ്ഥാനത്തിൽ മുന്നോട്ടുവയ്ക്കുന്ന പുരോഹിതവിരുദ്ധ ആശയഗതികൾക്കൊന്നിനുപോലും മറുപടി പറയാതെ, അദ്ദേഹത്തെ തേജോവധംചെയ്തും മൂക്കിൽ പഞ്ഞിവയ്ക്കുമെന്നു (കൊല്ലുമെന്ന്!) പറഞ്ഞു ഭീഷണിപ്പെടുത്തിയും തെറിയഭിഷേകം നടത്തിക്കൊണ്ടിരിക്കുകയാണവർ. ‘അച്ചന്മാരെയും മെത്രാന്മാരെയും ഇഷ്ടമില്ലെങ്കിൽ സഭ വിട്ടുപോകാത്തതെന്തെ’ന്നും, ‘വീട്ടുപുരയിടത്തിൽ കുഴിതോണ്ടി കുഴിച്ചിട്ടാൽ മതിയെന്നു വിൽപ്പത്രം എഴുതിവയ്ക്കാത്തതെന്തെന്നുമൊക്കെയാണ്, അച്ചടിക്കാൻ കൊള്ളാത്ത ‘സരസ്വതീപ്രയോഗ’ങ്ങൾക്കിടയിലൂടെ അവർ ചോദിച്ചുകൊണ്ടിരിക്കുന്നത്...

‘ഉത്തരംമുട്ടുമ്പോൾ കൊഞ്ഞനംകുത്തുക’യെന്ന, പുരോഹിതരുടെയും അവരുടെ ‘ആമേൻ സംഘ’ത്തിന്റെയും ഈ സമ്പ്രദായം പുതിയതൊന്നുമല്ല; എല്ലാക്കാലത്തും അതുണ്ടായിരുന്നു. പ്രവാചകരെ കല്ലെറിയുകയെന്നത് പുരോഹിതമതവ്യവസ്ഥയുടെ ഭാഗംതന്നെയാണ്. ഈ പശ്ചാത്തലത്തിലാണ് യേശു ജറുശലേമിനെ നോക്കി, ‘പ്രവാചകരെ കൊല്ലുന്നവളേ’ എന്നു വിളിച്ചത്; ‘ജറുശലേം പരിത്യക്തവും ശൂന്യവുമാകും’ എന്നും (മത്താ. 23:37–38), ദേവാലയം കല്ലിന്മേൽ കല്ലു ശേഷിക്കാതെ തകരു’മെന്നും (മത്താ: 24:2) പ്രവചിച്ചത്. യേശു ശിഷ്യരോട്, ‘അവർ നിങ്ങളെ മർദ്ദനത്തിന് ഏൽപിച്ചുകൊടുക്കുകയും വധിക്കുകയും ചെയ്യുമെന്ന് തന്റെ ശിഷ്യന്മാർക്കു മുന്നറിയിപ്പു നൽകുന്നതും (മത്താ. 24:9) അതേ പശ്ചാത്തലത്തിലാണ്.

എം.പി.പോൾ, പൊൻകുന്നം വർക്കി, പ്രൊഫ. ജോസഫ് മുണ്ടശ്ശേരി മുതലായ മലയാളത്തിലെ മഹാരഥന്മാരെ പീഡിപ്പിച്ചൊതുക്കാൻ കേരളസഭയിലെ പൗരോഹിത്യം എത്രയാണു ശ്രമിച്ചത്! ജോസഫ് പുലിക്കുന്നേലെന്ന ധീരനായ ഒറ്റയാൾ പട്ടാളത്തെ നേരിടാൻ മുഖമില്ലാത്ത പുരോഹിതരുടെയും ‘അതെയച്ചാ’ക്കാരുടെയും ഒരു കൗരവപ്പട ഇറങ്ങിയത് അടുത്തകാലത്തെ കഥ. കന്യാസ്ത്രീകളെക്കൊണ്ട്, അച്ചുനിരത്തിച്ച് എത്രയോ അസത്യ–അസഭ്യകഥകൾ അദ്ദേഹത്തിനെതിരെ പ്രചരിപ്പിച്ചു!

മുമ്പത്തെപ്പോലെ മതദ്രോഹവിചാരണ (inquisition) നടത്തി, സ്വതന്ത്രചിന്തകരായ മനുഷ്യരെ കൊല്ലാനുള്ള അധികാരം തങ്ങൾക്ക് ഇന്നില്ലാതെപോയതിൽ പരിതപിക്കുന്ന കശ്മലപുരോഹിതരാണ് സ്വഭാവഹത്യ നടത്തി സാഡിസ്റ്റ് സംതൃപ്തി അനുഭവിച്ചുകൊണ്ടിരിക്കുന്നത്. രാഷ്ട്രീകക്ഷികളുമായി കൈകോർത്തും വിലപേശിയും ആ അധികാരം വീണ്ടെടുക്കുകയെന്ന ലക്ഷ്യമാണ്, ഈ വിഭാഗം പുരോഹിതർക്കുള്ളത്. തങ്ങൾക്കെതിരെ കോടതിയെ സമീപിക്കാൻ സഭാംഗങ്ങൾക്ക് അവകാശമില്ലെന്നു കോടതികളെക്കൊണ്ട് വിധിപ്രസ്താവങ്ങൾ നടത്തിക്കാൻ ശ്രമിക്കുന്നതും ഈ പുരോഹിത–മഹാപുരോഹിതവിഭാഗമാണ്.

“ശരീരത്തെ കൊല്ലുന്നവരെങ്കിലും ആത്മാവിനെ കൊല്ലാൻ കഴിയാത്തവരെ ഭയപ്പെടേണ്ട” (ലൂക്കോ. 12:4) എന്ന യേശുവചസ്സുകളുടെ അർത്ഥം ഗ്രഹിച്ചവരെ ഭയപ്പെടുത്തി അവരുടെ കർമ്മരംഗത്തുനിന്നു പിന്തിരിപ്പിക്കാൻ ആർക്കാണു കഴിയുക? സത്യത്തിനും നീതിക്കുംവേണ്ടി ത്യാഗം സഹിക്കുകയും അധിക്ഷേപങ്ങൾ ഏറ്റുവാങ്ങുകയും ചെയ്യുമ്പോൾ ലഭിക്കുന്ന ദൈവികമായ ആന്തരികശക്തിയിൽ, ദൈവാനുഗ്രഹത്തിൽ, അധിവസിക്കുന്ന സാമുവൽ കൂടലിനെപ്പോലുള്ളവരെ ആർക്കെങ്ങനെ പരാജയപ്പെടുത്താൻ കഴിയും? അങ്ങനെ പരാജയപ്പെടുത്താനാകാത്ത കേരളത്തിലെ അനേകരുടെ ഒരു പ്രതിനിധിമാത്രമാണിന്നു സാമുവൽ കൂടലെന്ന്, മരിച്ചാൽ കുഴിച്ചിടാൻ പള്ളിയിലൊരിടം കിട്ടാൻ വേണ്ടിമാത്രം ക്രിസ്ത്യാനികളായിരിക്കുന്ന ഈ മതദ്രോഹവിചാരണക്കാർ അറിഞ്ഞിരിക്കട്ടെ!

ഫോൺ: 9497088904

# ഞാറയ്ക്കലെ ആറു കന്യാസസ്ത്രീകൾ നീതിക്കുവേണ്ടി നടത്തിയ പോരാട്ടം

**അഡ്വ. ജോസ് ജോസഫ് അരയകുന്നേൽ**



*[2016 ഫെബ്രുവരി 19 മുതൽ 22 വരെ ഒരു പുരോഗമനസന്യസ്ത പ്രസ്ഥാനമായ 'Forum of Religious for Justice and Peace' നടത്തിയ ദേശീയ കൺവെൻഷനിൽ ഞാറയ്ക്കൽ കന്യാസ്ത്രീകൾക്കുവേണ്ടി കേസുവാദിച്ച അഭിഭാഷകസംഘത്തിലെ പ്രമുഖ അഡ്വക്കേറ്റ് ജോസ് ജോസഫ് ഇംഗ്ലീഷിൽ നടത്തിയ പ്രഭാഷണത്തിന്റെ മലയാളപരിഭാഷ. ഞാറയ്ക്കൽ പ്രശ്നത്തിന്റെ ഒരു ആകമാനചിത്രം നൽകുന്ന ഈ പ്രഭാഷണം രണ്ടു ലക്കങ്ങളിലായി പ്രസിദ്ധീകരിക്കുന്നു. തർജ്ജമ സ്വന്തം – എഡിറ്റർ]*

സഭയുടെ അധികാരഘടനയ്ക്കെതിരെ കർമ്മലീത്താസഭ (CMC) യിലെ ആറു കന്യാസ്ത്രീകൾ നടത്തിയ പോരാട്ടവും അതിലവർ നേടിയ വിജയവും കേരളകത്തോലിക്കാസഭയുടെ മാത്രമല്ല, ഇന്ത്യൻ സഭയുടെതന്നെ ചരിത്രത്തിൽ അഭൂതപൂർവ്വമായ ഒന്നാണ്. അത് സത്യത്തിന്റെയും നീതിയുടെയുമെന്നതുപോലെ, പുരോഹിതവർഗ്ഗമേധാവിത്വത്തിനെതിരെ ഇന്ത്യയിലെ മുഴുവൻ കന്യാസ്ത്രീവിഭാഗത്തിനും കൈവന്ന ഒരു വിജയമാണ്. ഞാറയ്ക്കൽ കന്യാസ്ത്രീകളുടെ ഒരു നിയമോപദേശകനെന്ന നിലയിലും അവരുടെ കേസ് കോടതിയിൽ വാദിക്കാൻ നിയുക്തനായ വക്കീലെന്ന നിലയിലുമാണ് ഈ പോരാട്ടത്തിൽ ഞാൻ പങ്കാളിയായത്. ശുദ്ധഹൃദയരായ ഈ ആറു കന്യാസ്ത്രീകൾ നടത്തിയ പോരാട്ടകഥയുടെ ഒരു നഖചിത്രം ഒരു അഭിഭാഷകൻ എന്ന നിലയിൽ നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നതിനും, സ്വന്തം സഭയിൽനിന്നുള്ള കടുത്ത എതിർപ്പുകളുൾപ്പെടെ എല്ലാവിധ പ്രതികൂലസാഹചര്യങ്ങളെയും തരണംചെയ്ത് ഈ കന്യാസ്ത്രീകൾ നേടിയെടുത്ത ഈ അസാധാരണവിജയത്തിൽനിന്നുൾക്കൊള്ളേണ്ട പാഠങ്ങൾ പങ്കുവയ്ക്കുന്നതിനും എനിക്കു വളരെ സന്തോഷമുണ്ട്.

അതിസങ്കീർണമായ ഈ നീണ്ടകഥയിലെ നായികമാർ, 1) മദർ സുപ്പീരിയറും സ്കൂളിന്റെ മാനേജരുമായ 69 വയസ്സുള്ള **സിസ്റ്റർ ജെസ്സി**, 2) സെന്റ് ജോസഫ് പബ്ലിക് സ്കൂൾ പ്രിൻസിപ്പാൾ 63 വയസ്സുള്ള **സിസ്റ്റർ ആനി ജയ്സ്**, 3) 91 വയസ്സുള്ള **സിസ്റ്റർ ജോസഫീനാ**, 4) 78 വയസ്സുള്ള **സിസ്റ്റർ ബാസലീനാ**, 5) സ്കൂളിലെ ടീച്ചർ 49 വയസ്സുള്ള **സിസ്റ്റർ റെയ്സിറോസ്**, 6) മറ്റൊരദ്ധ്യാപികയായ **സിസ്റ്റർ ജിനി ജോൺ** എന്നിവരാണ്. **ബിഷപ്പ് തോമസ് ചകൃത്ത്, ബിഷപ്പ് സെബാസ്റ്റ്യൻ എടയന്ത്രത്ത്, ഫാ. പോൾ കല്ലൂക്കാരൻ**, അന്തരിച്ച **ഫാ. ജോസഫ് കരിയാറ്റി**, എന്നിവരാണ് ഈ കഥയിലെ മറ്റു പ്രധാന കഥാപാത്രങ്ങൾ.



**പ്രശ്നം സ്വത്തുതർക്കം**

3 ഏക്കർ 69 സെന്റ് സ്ഥലം, 90 വർഷം പഴക്കമുള്ള മനോഹരമായ ഇരുനില കോൺവെന്റ് കെട്ടിടം, 70 വർഷം പഴക്കമുള്ള ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ (Aided), സി.ബി.എസ്.സി. സിലബസ്പ്രകാരം നടത്തുന്ന സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം സ്കൂൾ (Un-Aided) എന്നീ സ്വത്തുവകകളാണ് തർക്കത്തിൽ ഉൾപ്പെട്ടിരുന്നത്. ഇവയ്ക്കെല്ലാംകൂടി, ഇന്നത്തെ നിലയ്ക്ക് 100 കോടി രൂപായിലേറെ മതിപ്പുവില വരും. വസ്തുക്കളുടെ ആധാരങ്ങളും, വർഷങ്ങളായി കരമടച്ചുപോന്നതിന്റെ രസീതുകളും അവയുടെയെല്ലാം ഉടമസ്ഥത മഠത്തിന്റേതാണെന്നു തെളിയിക്കുന്നു. എന്നാൽ, പ്രശ്നത്തിന്റെ ഒരു ഘട്ടത്തിൽ ഞാറയ്ക്കൽ ഇടവകവികാരി ഫാ. പോൾ കല്ലൂക്കാരൻ, ഇടവകയുടെയും മഠത്തിന്റെയും വസ്തുക്കൾ ഏതൊക്കെയെന്ന് സർവ്വേ പ്ലാൻ തയ്യാറാക്കി എല്ലാ വിശദാംശങ്ങളോടുംകൂടി നിർണ്ണയിച്ചു തരണമെന്നാവശ്യപ്പെട്ട് കളക്ടർക്ക് ഒരു അപേക്ഷ സമർപ്പിച്ചു. അന്നത്തെ ജില്ലാ കളക്ടറായിരുന്ന ശ്രീ ഷേക് പരീത്, തഹസീൽദാരും സർവ്വേ സൂപ്രണ്ടുമടക്കം ബന്ധപ്പെട്ട എല്ലാ കക്ഷികളെയും വിളിച്ചുചേർത്ത് നാലുവട്ടം ചർച്ചകൾ നടത്തി. അവസാനം, തഹസീൽദാർ വിശദമായ ഒരു സർവ്വേ റിപ്പോർട്ട്, പ്ലാനും ബന്ധപ്പെട്ട റവന്യൂരേഖകളുംസഹിതം സമർപ്പിച്ചു. ആ സർവ്വേ റിപ്പോർട്ടും പ്ലാനും പ്രകാരം, മഠത്തിന്റെ ഉടമസ്ഥതയിലും കൈവശത്തിലുമിരിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം 3 ഏക്കർ 69 സെന്റാണ്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥലമത്രയും ഞാറയ്ക്കൽ ലിറ്റിൽ ഫ്ളവർ മഠത്തിന്റേതുമാത്രമാണെന്ന് ഒരു സംശയത്തിനുമിടവരാത്തത്ര വ്യക്തമായി കളക്ടർ പ്രഖ്യാപിച്ചു. അങ്ങനെ, അവയുടെ ഉടമസ്ഥത സംബന്ധിച്ച് ബിഷപ്പുമാരും വികാരിമാരും ഉന്നയിച്ചിരുന്ന അവകാശവാദങ്ങളെല്ലാം ആവിയായിപ്പോയി.

**തർക്കത്തിന്റെ കാതൽ**

ബിഷപ്പുമാരും വികാരിമാരും അവകാശപ്പെട്ടിരുന്നത് ഈ വസ്തുക്കളുടെയും സ്കൂളിന്റെയും ഉടമസ്ഥത തങ്ങൾക്കാണ് എന്നായിരുന്നു. അതുകൊണ്ട്, സ്കൂളും വസ്തുക്കളും അവർക്കു വിട്ടുകൊടുക്കുകയും കന്യാസ്ത്രീകൾ എന്നേയ്ക്കുമായി അവിടം വിട്ടൊഴിഞ്ഞുപോകുകയും ചെയ്യണമത്രെ! ഇത്ര നിഷ്ഠൂരവും അബദ്ധപൂർണ്ണവും അർത്ഥശൂന്യവുമായ ഒരു നിലപാട് അവർ എടുത്തതിനുപിന്നിൽ, ഞാറയ്ക്കലെ ഈ 6 പാവം കന്യാസ്ത്രീകൾ അവരെ പേടിച്ച് സർവതും രൂപതയ്ക്കു വിട്ടുകൊടുത്ത് ഓടിപ്പൊയ്ക്കൊള്ളും എന്നു ധരിച്ചായിരുന്നിരിക്കണം.

**തർക്കത്തിന്റെ ഉത്ഭവചരിത്രം**

90 വർഷംമുമ്പ്, കൂനമ്മാവിലെ കർമ്മലീത്താ കന്യാസ്ത്രീകൾ ഞാറയ്ക്കലിൽ 3 ഏക്കർ 69 സെന്റു സ്ഥലം വാങ്ങുകയും അതിൽ ഇപ്പോൾ കാണുന്ന മനോഹരമായ ഇരുനില കോൺവെന്റ് മന്ദിരം പണിയുകയുംചെയ്തു. അന്ന് 33 കന്യാസ്ത്രീകൾ ഈ വലിയ മഠത്തിൽ താമസിച്ചിരുന്നു. ദാരിദ്ര്യം അതിന്റെ മൂർദ്ധന്യത്തിലായിരുന്ന രണ്ടാം ലോകമഹായുദ്ധകാലത്ത്, ഞാറയ്ക്കൽ സെന്റ് മേരീസ് പള്ളി ഇടവകക്കാർ കോൺവെന്റ് കെട്ടിടത്തിൽ ഒരു പെൺപള്ളിക്കൂടം തുടങ്ങാൻ കന്യാസ്ത്രീകളുടെമേൽ നിർബന്ധംചെലുത്തി. അന്നത്തെ മദർ സുപ്പീരിയർ അതിനായി അപേക്ഷ സമർപ്പിക്കുകയും സ്കൂൾ തുടങ്ങാനുള്ള അനുവാദം നേടുകയുംചെയ്തു. 1945 മുതൽ 'ലിറ്റിൽ ഫ്ളവർ ഗേൾസ് ഹൈസ്കൂൾ' എന്ന പേരിൽ സ്കൂൾ പ്രവർത്തിച്ചുതുടങ്ങി. തന്റെ പേരിൽ സ്കൂളിന്റെ നിയുക്തമാനേജരായി (Nominee Manager) പ്രവർത്തിക്കാൻ മദർ സുപ്പീരിയർ ഞാറയ്ക്കൽ പള്ളിവികാരിയെ ചുമതലപ്പെടുത്തുകയുണ്ടായി. അക്കാലങ്ങളിൽ കന്യാസ്ത്രീകൾ മഠത്തിനു പുറത്തുപോകുന്നത് സാധാരണമല്ലാതിരുന്നതിനാലും, സ്കൂളുമായി ബന്ധപ്പെട്ടുള്ള നിരവധി കാര്യങ്ങൾക്കായി അടുത്തടുത്ത് സർക്കാർ ഓഫീസുകളിൽ പോകേണ്ടിയിരുന്നതിനാലും തന്റെ പേരിൽ സ്കൂളിന്റെ നിയുക്ത മാനേജരാകാൻ മദർ സുപ്പീരിയർ ഇടവക വികാരിയോട് അഭ്യർത്ഥിക്കുകയായിരുന്നു. തുടർന്നുള്ള 26 വർഷക്കാലം ഈ രീതി തുടർന്നുപോന്നു.

1971-ൽ ഒരു പുതിയ വിദ്യാഭ്യാസചട്ടം (Education Act) നിലവിൽ വന്നു. ഈ മാറ്റത്തിന്റെ പഴുതിൽ, അന്നത്തെ വികാരിയും സ്കൂൾ മാനേജരുമായിരുന്ന ഫാ. ജോസഫ് പഞ്ഞിക്കാരനും അസി. വികാരിയായിരുന്ന ഫാ. ആന്റണി ചിറപ്പണത്തുംചേർന്ന് ഒരു വ്യാജരേഖ ചമയ്ക്കുകയും റീജിയണൽ വിദ്യാഭ്യാസ ഡയറക്ടറെ സ്വാധീനിച്ച് സ്കൂളിന്റെ മാനേജ്മെന്റും വിദ്യാഭ്യാസ ഏജൻസിസ്ഥാനവും ഞാറയ്ക്കൽ സെന്റ് മേരീസ് പള്ളിയുടെ പേരിലേക്കു മാറ്റുകയും ചെയ്തു. സ്കൂളിനുമേലുള്ള തങ്ങളുടെ ഉടമസ്ഥത ഇല്ലായ്മചെയ്യാൻ നടത്തിയ ഈ തട്ടിപ്പുനടപടിയെക്കുറിച്ച് ഞാറയ്ക്കൽ കന്യാസ്ത്രീകൾ യാതൊന്നും അറിയുകയുണ്ടായില്ല. ഇതിനകം അവർ, സി.ബി.എസ്.ഇ. സിലബസ് പ്രകാരം, 'സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം പബ്ലിക് സ്കൂൾ' എന്ന പേരിൽ മറ്റൊരു വിദ്യാലയംകൂടി, അതേ പരിസരത്ത് സ്ഥാപിച്ച് പ്രവർത്തിച്ചുതുടങ്ങിയിരുന്നു.

2007-ൽ അന്നു വികാരിയായിരുന്ന ഫാ. ആന്റണി ചിറപ്പണത്ത്, സെന്റ് ജോസഫ് പബ്ലിക് സ്കൂൾ ആ സ്ഥലത്തുനിന്നു മാറ്റണമെന്നാവശ്യപ്പെട്ട്, എറണാകുളം അതിരൂപതയ്ക്ക് ഒരു പരാതി അയച്ചു. അതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾക്കു പരിഹാരം തേടി വിദ്യാഭ്യാസ വകുപ്പിനെ സമീപിച്ചപ്പോഴാണ്, വ്യാജരേഖ ചമച്ച് തങ്ങളുടെ സ്കൂളിന്റെ ഉടമസ്ഥത സെന്റ് മേരീസ് പള്ളിയുടേതാക്കി മാറ്റിയിരുന്നു എന്ന കാര്യം കന്യാസ്ത്രീകൾ അറിയുന്നത്. അവർ ഇതുസംബന്ധിച്ച് സർക്കാരിൽ പരാതിപ്പെടുകയും, സർക്കാർ ആവശ്യമായ അന്വേഷണനടപടികൾക്കും വിശദമായ തെളിവെടുപ്പുകൾക്കുംശേഷം 2008 സെപ്തംബർ 30-ന് സ്കൂളിന്റെ ഉടമസ്ഥത ഞാറയ്ക്കൽ മഠത്തിന്റേതാക്കി പുനഃസ്ഥാപിക്കുകയും ചെയ്തു. മദർ സുപ്പീരിയറായിരുന്ന സിസ്റ്റർ ജെസ്സി അന്നുതന്നെ സ്കൂൾ മാനേജരായി ചുമതലയേറ്റു. എന്നാൽ ഈ ഗവൺമെന്റ് ഓർഡറിനെതിരെ അന്നു വികാരിയായിരുന്ന ഫാ. ജോസഫ് കരിയാറ്റി ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു. ഹൈക്കോടതി ഡിവിഷൻ ബഞ്ച്, കന്യാസ്ത്രീകൾക്കനുകൂലമായിരുന്ന പ്രസ്തുത →

# പ്രതിഷേധാർഹമായ ചെറുവാണ്ടൂർ സംഭവം

ചെറുവാണ്ടൂർ ഇടവകാംഗമായ ജെയിംസ് കോതകുളത്തിനെ ദേവാലയവേദിയിൽനിന്നു പരസ്യമായി ശപിക്കുകയും, അദ്ദേഹത്തിന്റെ കുടുംബത്തെ ഒറ്റപ്പെടുത്തി മറ്റുള്ളവരുടെ നിന്ദാപാത്രമാക്കാൻ ശ്രമിക്കുകയും ചെയ്ത ഇടവക വികാരി വളരെ അപലപനീയമായ ദുർമാതൃകയാണു കാട്ടിയത്. ഈ സംഭവത്തെക്കുറിച്ച് അറിഞ്ഞയുടൻ ധാർമ്മികതയുടെപേരിൽ പ്രതിഷേധിക്കണമെന്ന് ഉപദേശിക്കുകയും വിവരം 'സത്യജ്വാല' പത്രാധിപരെ അറിയിക്കുകയും ചെയ്തു. ശ്രീ ജെയിംസിന്റെ ഭവനത്തിൽവച്ചുചേർന്ന യോഗത്തിൽ പങ്കെടുക്കാൻ എനിക്കു സാധിച്ചില്ല. എങ്കിലും കാര്യങ്ങൾ വേണ്ടതുപോലെ മുന്നോട്ടുപോകുന്നു എന്നു കാണുന്നതിൽ സന്തോഷിക്കുന്നു.

പത്തു വർഷത്തിലേറെക്കാലം സെമിനാരിയിൽ തിയോളജിയും ഫിലോസഫിയും പഠിച്ച ഈ വൈദികന് കർത്താവിന്റെ ഏറ്റം പ്രാധാന്യമേറിയ നിർദ്ദേശം പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. "നീ ബലി അർപ്പിക്കാൻ പോകുമ്പോൾ, നിന്നോട് ആർക്കെങ്കിലും വിരോധം ഉള്ളതായി മനസ്സിലായാൽ ബലിവസ്തു പീഠത്തിൽവച്ചിട്ട് പോയി സഹോദരനുമായി രമ്യപ്പെടുക. അതിനുശേഷം ബലി അർപ്പിക്കുക." ഈ നിർദ്ദേശം മാതൃകാപരമായി ഇടവകജനത്തിനു കാണിച്ചുകൊടുക്കാൻ ബാധ്യസ്ഥനായ ഒരു വൈദികനാണ് ഇടവകയിലെ ഒരു പ്രമുഖവ്യക്തിയെ പരസ്യമായി ശാപവാക്കുകൾകൊണ്ട് അഭിഷേകംചെയ്തത്! ഇതിനെതിരായി രൂപതാദ്ധ്യക്ഷനെ സമീപിച്ച ശ്രീ ജെയിംസിനു രൂപതയിൽനിന്നു നിതി ലഭിക്കണം. അതു ലഭിക്കാതെ വന്നാൽ കൂടുതൽ ഗുരുതരമായ ഭവിഷ്യത്തു സംഭവിക്കാനാണു സാധ്യത. ഒരു അന്വേഷണക്കമ്മീഷൻ ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

ചെറുവാണ്ടൂർ പണ്ടേ പ്രസിദ്ധമായ ഒരു ഇടവകയാണ്. പാവപ്പെട്ട നൂറു കണക്കിനു പെൺകുട്ടികൾക്ക് യൂറോപ്പിൽ ജർമ്മനി, സ്വിറ്റ്സർലണ്ട്, ബൽജിയം എന്നീ പഴയകാല ക്രിസ്ത്യൻകേന്ദ്രങ്ങളിലെ സന്ന്യാസിനീമന്ദിരങ്ങളിൽ പ്രവേശനം വാങ്ങിക്കൊടുത്ത് അതിന്റെപേരിൽ ലക്ഷങ്ങൾ പ്രതിഫലംപറ്റിയ ചെറുവാണ്ടൂർകാരൻ വൈദികന്റെപേരിൽ ആരോപണം ഉയർന്നു. ജേർണലിസ്റ്റുകളും എഴുത്തുകാരും അന്വേഷിച്ചു. ഇന്ത്യൻ പാർലമെന്റിൽ ആരോപണം ഉന്നയിക്കപ്പെട്ടു. കേരളകത്തോലിക്കാസഭയ്ക്കു വലിയ അപമാനം ഉളവാക്കിയ ഒരു വൻതട്ടിപ്പായിരുന്നു ചെറുവാണ്ടൂർ സ്വദേശിയായ ആ വൈദികൻ ചെയ്തത്. എന്നാൽ, ഏതു മാർഗ്ഗത്തിലൂടെയും പണം ഉണ്ടാക്കുന്നതിനെ സഭയുടെ നേട്ടമായി കരുതുന്ന സഭാധികാരികൾക്ക് ഇതൊന്നും ഒരു നാണക്കേടായി തോന്നുന്നില്ല. യൂറോപ്പിൽ ആളൊഴിഞ്ഞ മഠങ്ങളിൽ ദാസ്യവേലചെയ്യാൻ തങ്ങളുടെ പെൺമക്കളെ അയച്ചുകൊടുത്തവർ ആരോടും പരാതിപ്പെടാനില്ലാതെ ദുഃഖിക്കേണ്ടിവന്നു.

ഇന്നു ചെറുവാണ്ടൂരിൽ ഇടവകവികാരി ചെയ്തതു പരസ്യമായ എതിർസാക്ഷ്യമാണ്. ഈ സംഭവത്തെക്കുറിച്ചു പലരോടും ഞാൻ സംസാരിക്കുകയുണ്ടായി. അതിലൊരു വ്യക്തി ചെറുവാണ്ടൂർ ഇടവകയിൽ മുമ്പു വികാരിയായി സേവനം ചെയ്ത മാന്യനായ ഒരു വൈദികൻതന്നെയാണ്. ദേവാലയത്തിനുള്ളിൽവച്ച് ജെയിംസിനെയും കുടുംബത്തെയും പരസ്യമായി അധിക്ഷേപിക്കുന്നതിനുമുൻപ് ഒരു സ്നേഹചർച്ചയ്ക്കു തയ്യാറായിരുന്നെങ്കിൽ എത്ര നന്നായിരുന്നു! എന്തുചെയ്യും? കരു →

---

ഗവൺമെന്റ് ഓർഡർ തികച്ചും നിയമാനുസൃതവും സാധുവുമാണെന്ന് വിധിച്ചു. ഇതിനിടെ ഫാ. കരിയാറ്റി ദിവംഗതനാകുകയും പുതിയ വികാരിയായി ഫാ. പോൾ കല്ലൂക്കാരൻ മരണപ്പെടുകയും പുതിയ വികാരിയായി ഫാ. പോൾ കല്ലൂക്കാരൻ നിയോഗിതനാകുകയും ചെയ്തു. ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിക്കെതിരെ ഈ വികാരി സുപ്രീംകോടതിയെ സമീപിച്ചെങ്കിലും അവിടെയും വിധി കന്യാസ്ത്രീകൾക്കനുകൂലമാവുകയായിരുന്നു.

ഇതിനു പ്രതികാരമായി, സെന്റ് ജോസഫ് പബ്ലിക് സ്കൂളിന് എൻ.ഒ.സി (NOC) നൽകുന്നതിനെതിരെ വികാരി ഫാ. കല്ലൂക്കാരൻ പരാതികൾ ഫയൽ ചെയ്തു. 700-ലേറെ വിദ്യാർത്ഥിനീ-വിദ്യാർത്ഥികളും 30 അദ്ധ്യാപികാദ്ധ്യാപകരുമുള്ള തങ്ങളുടെ സ്കൂളിന് സി.ബി.എസ്.ഇ. അഫിലിയേഷൻ തുടർന്നും ലഭിക്കുന്നതിനായി കന്യാസ്ത്രീകൾക്ക് കഠിനമായി പരിശ്രമിക്കേണ്ടിവന്നു. എന്തായാലും NOC-യും അഫിലിയേഷനും നേടിയെടുക്കുന്നതിൽ, മാനേജർ സിസ്റ്റർ ജെസ്സിയും പ്രിൻസിപ്പൽ സിസ്റ്റർ ആനി ജയ്സും വിജയിച്ചു. (തുടരും)

# 'കക്ഷി'രാഷ്ട്രീയവും 'പക്ഷ'രാഷ്ട്രീയവും

അഹമ്മദ് അഷ്റഫ് മൂടിക്കൽ

**ക**ഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിൽ മത്സരിച്ച അഡ്വ. ഇന്ദുലേഖാ ജോസഫിനെക്കുറിച്ചും അവരെപ്പോലുള്ള മറ്റ് സ്വതന്ത്രസ്ഥാനാർത്ഥികളെക്കുറിച്ചും "നഷ്ടപ്പെട്ട മൂല്യങ്ങൾ രാഷ്ട്രീയത്തിലേക്കു തിരിച്ചുകൊണ്ടുവരാൻ കഠിനമായി പരിശ്രമിച്ചവർ" എന്നു ജൂൺലക്കം മുഖപ്രസംഗത്തിൽ പരാമർശിച്ചുവല്ലോ. നഷ്ടപ്പെട്ട 'മൂല്യങ്ങൾ', 'രാഷ്ട്രീയത്തിലേക്കു തിരിച്ചുകൊണ്ടുവരിക' എന്നു പറയുമ്പോൾ, മൂല്യങ്ങൾ/രാഷ്ട്രീയം എന്ന ഒരു ദ്വന്ദ്വകല്പന അതിൽ ഉള്ളടങ്ങിയിട്ടുണ്ട്. മൂല്യത്തെയും രാഷ്ട്രീയത്തെയും രണ്ടായിക്കാണലാണ് അത്; മൂല്യങ്ങൾ ഒന്നു വേറെ, രാഷ്ട്രീയം മറ്റൊന്ന് എന്ന മട്ടിൽ. രാഷ്ട്രീയാതീതമായി, രാഷ്ട്രീയേതരമായി 'മൂല്യങ്ങൾ' എന്ന ഒന്ന് ഇന്നു നിലനിൽക്കുന്നില്ല എന്നതാണു വാസ്തവം. മൂല്യങ്ങൾ എന്ന് ഇന്നു നാം കരുതുന്ന യാതൊന്നും ഇന്ന് രാഷ്ട്രീയത്തിനു വെളിയിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന വ്യവഹാരങ്ങളല്ല. വ്യക്തിപരവും സാമൂഹികവും നൈതികവും, ഏറെക്കുറെ മതപരവും ആയ എല്ലാ മൂല്യങ്ങളും ഇന്ന് ആത്യന്തികമായി രാഷ്ട്രീയമാണ്. സത്യം, സമത്വം, സാഹോദര്യം മുതൽ അവശ്യവിഭവലഭ്യതവരെ ഇന്നു രാഷ്ട്രീയമാണ്. വചനം, വായന, വിമർശനം, വ്യാഖ്യാനം, ആഖ്യാനം, ആവിഷ്ക്കാരംമുതൽ മതവേദ, വെളിപാടുകളുടെ വായനവരെ ഇന്നു രാഷ്ട്രീയമാണ്. അതുകൊണ്ടുതന്നെ, രാഷ്ട്രീയാതീതമായി, രാഷ്ട്രീയവിമർശനത്തിൽനിന്നൊഴിവായി, സ്വതന്ത്രമായി 'മൂല്യവിചാരം' അസാദ്ധ്യവും അപ്രസക്തവുമാണ്.

നിയമസഭാതെരഞ്ഞെടുപ്പുകളിൽ മത്സരിക്കുക എന്നു പറഞ്ഞാൽ, നിലനില്ക്കുന്ന രാഷ്ട്രീയത്തിൽ രാഷ്ട്രീയമായി ഇട

---

ണയുടെ മാർഗ്ഗം അവലംബിക്കാൻ വികാരിക്കു കഴിഞ്ഞില്ല.

ചെറുവാണ്ടൂർ സംഭവത്തിനു സമാനമായ ഒരു അനുഭവം എനിക്ക് ഇവിടെ കുടമാളൂരിൽ ഉണ്ടായിട്ടുണ്ട്. രണ്ടുവർഷം മുൻപുവരെ ഇവിടെയുണ്ടായിരുന്ന വികാരി നിർമ്മാണകാര്യങ്ങളിൽ ഏറെ തൽപരനായിരുന്നു. വലിയ കൊടിമരം, ദേവാലയത്തിനു ചുറ്റും കാഴ്ചമണ്ഡപങ്ങൾ, ടൈൽ വിരിച്ച മുറ്റം എന്നുവേണ്ട ഒരിഞ്ചു സ്ഥലംപോലും ശേഷിക്കാതെ നിർമ്മാണങ്ങൾ തുടരുന്നു. ഒടുവിൽ മൂന്നു കോടിയിൽപ്പരം രൂപാ കടമെടുത്ത് ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളും തുടങ്ങി. ഇടവകയുടെ സാമ്പത്തികസ്ഥിതി പരിഗണിക്കാതെ കോടികൾ ചെലവഴിക്കുന്നതിനെ ചോദ്യം ചെയ്തവരെ നിശ്ശബ്ദരാക്കാൻ ഇടവക പൊതുയോഗത്തിൽ പ്രത്യേകം ശിങ്കിടികളെ ഏർപ്പാടുചെയ്തു. എങ്കിലും ഞങ്ങൾ കുറച്ചുപേർ ഒരു വിശദമായ ലഘുലേഖ തയ്യാറാക്കി പ്രചരിപ്പിക്കുകയും മെത്രാസനത്തിന് എഴുതുകയും ചെയ്തു.

ഇടവകയുടെ ധാർമ്മികനിലവാരം തകർന്നു. ദുർവൃത്തരായ ഏതാനും ചില വ്യക്തികൾ പൊതുയോഗത്തിൽ പ്രമാണികളായി മാറി. ഇതിനിടയിൽ പ്രതിനിധിയോഗങ്ങൾതന്നെ തിരിഞ്ഞ് പരസ്പരം ചെളിവാരി എറിഞ്ഞു. ഒരു പ്രതിനിധി വികാരിയെ പരസ്യമായി ചീത്തവിളിച്ചു എന്നും കേട്ടു. ഇത്രയും ആയപ്പോൾ രൂപതയിൽനിന്നു അന്വേഷണം തുടങ്ങി. അന്വേഷണം തുടർന്നപ്പോൾ ചില സത്യങ്ങൾ രൂപതാദ്ധ്യക്ഷനു ബോധ്യപ്പെട്ടു. ഇടവക പ്രതിനിധിയോഗം പിരിച്ചുവിടപ്പെട്ടു. ഇതിൽ പ്രതിഷേധിക്കുവാനും രൂപതാധ്യക്ഷനെതിരായി പ്രക്ഷോഭണം നടത്താനും വികാരി ഒരു ശ്രമം നടത്തിയെങ്കിലും വിജയിച്ചില്ല. അച്ചന്റെ സ്ഥലംമാറ്റത്തോടെ കാര്യങ്ങൾ നേരെ ആയി. ഇപ്പോൾ പൂർണ്ണ സമാധാനം ഇടവകയിൽ ദൃശ്യമാണ്.

വികാരിയുടെ ഒത്താശയോടെ ചില ഗുണ്ടകൾ വിൻസെന്റ് ഡി പോൾ സൊസൈറ്റി യോഗത്തിൽ കടന്നു വരികയും ബഹളമുണ്ടാക്കുകയും ചെയ്തത് ഇടവകയുടെ ചരിത്രത്തിൽ കറുത്ത സംഭവമായിരുന്നു. 37 വർഷം തുടർച്ചയായി വിൻസെന്റ് ഡി പോൾ സൊസൈറ്റിയിൽ പ്രവർത്തനം നടത്തിയ എനിക്ക് അതിൽനിന്നു മാറിനിൽക്കേണ്ടതായി വന്നു. എങ്കിലും ഞാൻ ഇന്നു സംതൃപ്തനാണ്. അനീതി അവസാനിച്ചു എന്നതാണു സന്തോഷകാരണം.

ചെറുവാണ്ടൂർ ഇടവകയിലും നീതിയുടെ ഉദയം ഉണ്ടാകുമെന്നാണു ഞാൻ പ്രതീക്ഷിക്കുന്നത്. നീതിക്കു വേണ്ടിയുള്ള സമരത്തിനു 'സത്യജ്വാല' നൽകുന്ന നേതൃത്വത്തിലും സന്തോഷിക്കുന്നു. ആശംസകൾ!

ഫോൺ: 9847126316

പെടുക എന്നാണർത്ഥം. അവിടെ ഇടപെടുക (intervene) എന്നതുതന്നെയാണ് മൂല്യം. അവിടെ മറ്റ് മൂല്യങ്ങൾക്കു പ്രസക്തിയില്ല. രാഷ്ട്രീയം ഇന്നു ചെന്നുപെട്ടിരിക്കുന്ന 'ഇട'ത്തിൽ 'പെടു'ക എന്നതിന് രാഷ്ട്രീയ ഇടത്തിൽ (political space) ഇതിനകം നിലനിൽക്കുന്ന മൂല്യങ്ങളെത്തന്നെ കൂടുതൽ മൂല്യവത്ക്കരിക്കുക എന്നാണർത്ഥം. തെരഞ്ഞെടുപ്പിന്റെ സമയംവരെ നിലനിന്നിരുന്ന ഭരണരാഷ്ട്രീയമൂല്യങ്ങളെ രാഷ്ട്രീയമായി വിമർശിച്ചുകൊണ്ടല്ലാതെ ഇത് സാദ്ധ്യമാകില്ല. മുന്നണിരാഷ്ട്രീയത്തിന്റേതായ കേരളീയരാഷ്ട്രീയകാലാവസ്ഥയിൽ രാഷ്ട്രീയവിമർശനമെന്നാൽ, പ്രത്യേകിച്ച് തെരഞ്ഞെടുപ്പിന്റെ സമയത്ത്, നിലവിൽ ഭരണമുന്നണിയുടെ വിമർശനമല്ലാതെ മറ്റൊന്നുമല്ല. തെരഞ്ഞെടുപ്പിന്റെ സമയത്ത് അതുവരെ ഭരണചക്രം കൈയാളിയ യു.ഡി.എഫിനെ വിമർശിച്ചാൽ അത് എൽ.ഡി.എഫിന് അനുകൂലമാകും എന്നു തെറ്റായി ധരിച്ചുകൊണ്ട് രണ്ടു മുന്നണികളുടെയും ഇടയിൽപെടുക' (ഇടയിൽപ്പെട്ട് ഇല്ലാതാകുക) എന്ന സ്വാഭാവികപരിണതിയാണ് ഇന്ദുലേഖാ ജോസഫിന് സംഭവിച്ചത്. 'മൂല്യ'പരം അവിടെ സമദൂരപരവും നിഷ്പക്ഷവും അരാഷ്ട്രീയവുമായി മാറിയിട്ടുണ്ടാകാം എന്നാണ് ഇതെഴുതുന്നയാൾ വിചാരിക്കുന്നത്.

കേരളം ഇതിനകം കണ്ടിട്ടില്ലാത്തത്ര വ്യാപകവും ഹീനവുമായ അഴിമതിയും സ്വജനപക്ഷപാതവും പൊതുജനമുതലിന്റെ കവർച്ചയും നിർലജ്ജം കാഴ്ചവച്ച യു.ഡി.എഫിന്റെ കഴിഞ്ഞ അഞ്ചു വർഷത്തെ ഭരണത്തിന്റെ കർശനമായ വിമർശനമായിരുന്നു, തെരഞ്ഞെടുപ്പ് സമയത്ത് ഒരു സ്ഥാനാർത്ഥിയുടെ 'മൂല്യ'മായി ജനങ്ങൾ നിശ്ചയിച്ചത്. അത്തരം സന്ദർഭങ്ങളിൽ ജനം ആത്യന്തികമൂല്യമോ യഥാർത്ഥ മൂല്യമോ ആന്തരികമൂല്യമോ നോക്കില്ല. ജനങ്ങളെ സംബന്ധിച്ചിടത്തോളം മൂല്യം എന്നത് പ്രത്യക്ഷമൂല്യമാണ്.

രാഷ്ട്രീയത്തിലെ ആന്തരികമായ മൂല്യവൈരുദ്ധ്യങ്ങളിലേക്ക് സഞ്ചരിക്കാൻ നമുക്കു കുറുക്കുവഴികളില്ല, പ്രത്യക്ഷവൈരുദ്ധ്യങ്ങളല്ലാതെ. മൂല്യം എന്നത് രാഷ്ട്രീയത്തിന് ഒളിച്ച് ജീവിക്കാനുള്ള ഇടമല്ല. നവലിബറൽ - ആഗോളവത്ക്കരണത്തിന്റെയും ഉദാരവത്ക്കരണത്തിന്റെയും സ്വാകാര്യവത്ക്കരണത്തിന്റേയും കാലത്ത്, പടിപടിയായതും വർദ്ധമാനവുമായ ദാരിദ്ര്യവത്ക്കരണത്തിനെതിരെ ജനങ്ങളുടെ പക്ഷത്തു നില്ക്കുന്ന 'പക്ഷ'രാഷ്ട്രീയമല്ലാതെ മറ്റ് 'മൂല്യ'രാഷ്ട്രീയമുണ്ട് എന്ന് പറയുന്നവരുടെ 'മൂല്യം', അധീശശക്തികളുടെയും മൂലധനശക്തികളുടെയും മൂല്യമല്ലാതെ മറ്റൊന്നുമല്ല. "നിങ്ങൾ ആദ്യം അവന്റെ 'രാജ്യ'വും അവന്റെ 'നീതി'യും തേടുക എന്നത് രാഷ്ട്രീയവും നൈതികതയുമാണ് മൂല്യം എന്നതിന്റെ ദൈവികസാക്ഷ്യമാണ് എന്ന കാര്യത്തിൽ, ബൈബിൾ നിരന്തരം വായിക്കുന്ന ഒരാൾ എന്ന നിലയിൽ ഇതെഴുതുന്നയാൾക്ക് യാതൊരു സംശയവുമില്ല.

ഫോൺ: 9847250693

*- മതം സംഘടിതമാകുമ്പോഴും രാഷ്ട്രീയം സംഘടിതമാകുമ്പോഴും അവ ബുദ്ധികെട്ട ആൾക്കൂട്ട പ്രസ്ഥാനങ്ങളായി പരിണമിക്കുന്നുവെന്നും അതുമൂലമുള്ള വിപര്യങ്ങളാണ് ലോകമെമ്പാടും ഇന്നനുഭവപ്പെടുന്ന മൂല്യച്യുതിക്കു കാരണമെന്നും സമർത്ഥിക്കാനായിരുന്നു, ഞാൻ ആ മുഖക്കുറിയിലൂടെ മുഖ്യമായും ശ്രമിച്ചത്. മനുഷ്യവ്യക്തികളുടെ മതാത്മകതയെയും തന്മൂലം മൂല്യബോധത്തെയും സംഘടിതമതങ്ങൾ നിർവീര്യമാക്കുന്നതുപോലെതന്നെ, കക്ഷിരാഷ്ട്രീയമെന്ന സംഘടിതരാഷ്ട്രീയപ്രസ്ഥാനങ്ങൾ അവരുടെ രാഷ്ട്രീയബോധത്തെയും ജാഗ്രതയെയും, സ്വന്തം നിലയിൽ അപ്പപ്പോൾ (spontaniously) നീതിയുടെ പക്ഷംപിടിച്ചു പ്രതികരിക്കാനുള്ള ആർജ്ജവത്തെയും നിർവീര്യമാക്കുന്നുവെന്ന നിരീക്ഷണം ഈയിടെ നടന്ന ഇലക്ഷൻ പശ്ചാത്തലത്തിൽ മുന്നോട്ടുവയ്ക്കുകയാണു ഞാൻ ചെയ്തത്. പള്ളിഭക്തരല്ലാത്തവരെല്ലാം മതവിരുദ്ധരും നിരീശ്വരരുമാണെന്ന പുരോഹിതഭാഷ്യംപോലെതന്നെ, ഏതെങ്കിലും രാഷ്ട്രീയകക്ഷിയോടു ചേർന്നുനിൽക്കാത്തവരെല്ലാം അരാഷ്ട്രീയരാണെന്ന മട്ടിലുള്ള ഒരു 'രാഷ്ട്രീയ' കാഴ്ചപ്പാട് സമൂഹത്തിൽ ശക്തമായി നിലനിൽക്കുന്ന സാഹചര്യത്തിൽ, മറിച്ചാണു വസ്തുത എന്നു പറയുകയായിരുന്നു, ഞാൻ. കക്ഷിരാഷ്ട്രീയ പവർ പൊളിറ്റിക്സ്, ഒരു ജനകീയരാഷ്ട്രീയം ഉരുത്തിരിഞ്ഞുവരാനുള്ള സാധ്യതയെത്തന്നെ ഇല്ലായ്ചെയ്തു വിരാജിക്കുന്നതിന്റെ അപകടത്തിലേക്കു ശ്രദ്ധ ക്ഷണിക്കുകയായിരുന്നു, ലക്ഷ്യം. ഒരു ജനകീയ രാഷ്ട്രീയം ഉരുത്തിരിയിച്ചെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഉറക്കെ സംസാരിക്കാൻ ഇലക്ഷനിലിടപെട്ട അഡ്വ. ഇന്ദുലേഖയുടെ ലക്ഷ്യവും മറ്റൊന്നായിരുന്നില്ല. മുഖക്കുറി വായിച്ച് കക്ഷിരാഷ്ട്രീയത്തിന്റെ അപകടം എല്ലാവരും അംഗീകരിച്ചു കൈയടിക്കുമെന്നു ഞാനോ, തന്റെ വാക്കുകൾ കേട്ട് ഒരു സംശുദ്ധ രാഷ്ട്രീയത്തിനനുകൂലമായി തന്നെ ജനങ്ങൾ വോട്ടുചെയ്തു വിജയിപ്പിക്കുമെന്ന് ഇന്ദുലേഖയോ ഒരിക്കലും കരുതിയിട്ടില്ലല്ലോ...*

*അതുകൊണ്ട്, "യു.ഡി.എഫിനെ വിമർശിച്ചാൽ അത് എൽ.ഡി.എഫിന് അനുകൂലമാകും എന്നു തെറ്റിദ്ധരിച്ചുകൊണ്ട് രണ്ടു മുന്നണികളുടെയും 'ഇടയിൽപെടുക' (ഇടയിൽപ്പെട്ട് ഇല്ലാതാകുക) എന്ന സ്വാഭാവിക പരിണതിയാണ് ഇന്ദുലേഖാ ജോസഫിനു സംഭവിച്ചത്" എന്നും, "മൂല്യപരം അവിടെ സമദൂരപരവും നിഷ്പക്ഷവും അരാഷ്ട്രീയവുമായി മാറിയിട്ടുണ്ടാകാം" എന്നുമുള്ള ലേഖകന്റെ നിരീക്ഷണം അസ്ഥാനത്താണെന്നു പറയാതെവയ്യ. ലേഖകൻ അപലപിക്കുന്ന 'നവലിബറൽ ആഗോളവത്ക്കരണത്തിന്റെയും ഉദാരവത്ക്കരണത്തിന്റെയും സ്വകാര്യവത്ക്കരണത്തിന്റെയുമൊപ്പം നീങ്ങുന്ന ഒരേ തൂവൽപക്ഷികളാണ് ഇന്ന് ഈ രണ്ടു മുന്നണികളും ബി.ജെ.പിയുമെന്ന് അറിയുന്നവരെ സംബന്ധിച്ച് അത്തരം തെറ്റിദ്ധാരണകളോ 'ഇടയിൽപ്പെട'ലോ സമദൂരസമീപനമോ ഒന്നുമില്ല. ഇവയെല്ലാം ചേർന്നു സൃഷ്ടിച്ച അരാഷ്ട്രീയ* →

*ചെളിക്കുഴിയിൽനിന്നു കരകയറാനുള്ള, ഇനിയും ഉദയംകൊള്ളേണ്ടതായിട്ടുള്ള, ഒരു രാഷ്ട്രീയത്തെക്കുറിച്ചു സംസാരിക്കുമ്പോൾ അതെങ്ങനെ അരാഷ്ട്രീയതയാകും?*

*മുന്നണിരാഷ്ട്രീയത്തിന്റേതായ കേരളത്തിന്റെ ഇന്നത്തെ സാഹചര്യം ഒരിക്കലും മാറില്ല, അല്ലെങ്കിൽ മാറ്റേണ്ടതില്ല എന്നും, അടിസ്ഥാനപരമായ ഒരു മാറ്റത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള ഇടം (space) ഇവിടെയില്ല, അല്ലെങ്കിൽ അതിന്റെ ആവശ്യമില്ല എന്നും ലേഖകൻ വിശ്വസിക്കുന്നതുപോലെ തോന്നുന്നു. അതുകൊണ്ടായിരിക്കണം "അത്തരം (ഇലക്ഷൻ പോലുള്ള) സന്ദർഭങ്ങളിൽ ജനം ആത്യന്തികമൂല്യമോ യഥാർത്ഥ മൂല്യമോ ആന്തരികമൂല്യമോ നോക്കില്ല. ജനങ്ങളെ സംബന്ധിച്ചിടത്തോളം മൂല്യമെന്നതു പ്രത്യക്ഷമൂല്യമാണ്" എന്നദ്ദേഹമെഴുതിയത്. അനിവാര്യസന്ദർഭങ്ങളിൽ, 'ഇട'മില്ലാത്തിടത്ത് സ്വയം നഷ്ടപ്പെടുത്തിയിട്ടായാലും 'ഇട'മുണ്ടാക്കുവാൻ കഴിവുള്ളവനാണു മനുഷ്യൻ എന്നാണെന്റെ വിചാരം. കക്ഷിരാഷ്ട്രീയജന്മിത്വം സൃഷ്ടിക്കുന്ന അരാഷ്ട്രീയതയിൽനിന്നുണർത്തപ്പെട്ടാൽ, ആത്യന്തിക മൂല്യങ്ങളിലധിഷ്ഠിതമായ ഒരു നവരാഷ്ട്രീയത്തിലേക്കും ജനം ഉണരും എന്ന പ്രത്യാശയോടെയും, തങ്ങളെ ആരെങ്കിലും അംഗീകരിക്കും എന്ന പ്രതീക്ഷ വയ്ക്കാതെയും പ്രവർത്തിക്കുന്ന ഒരു ചെറു ന്യൂനപക്ഷം, ഭൂമിക്ക് ഉപ്പെന്നപോലെ, ഈ ലോകത്തിലുണ്ട് എന്ന കാര്യം അഹ്മ്മദ് അഷ്റഫിനെപ്പോലുള്ള ധിഷണാശാലികൾ കാണാതെ പോകരുതെന്നാണ് എന്റെ അപേക്ഷ. പ്രത്യക്ഷമൂല്യങ്ങൾക്കും താല്ക്കാലികലക്ഷ്യങ്ങൾക്കുമപ്പുറത്ത്, 'അവന്റെ രാജ്യവും അവന്റെ നീതിയും തേടുക'യെന്ന, മനുഷ്യന്റെ ജീവിതവ്യവസ്ഥയെ ആത്യന്തികമൂല്യങ്ങൾകൊണ്ടു നിറയ്ക്കുകയെന്ന, വിദൂരലക്ഷ്യംകൂടി ഉൾക്കൊണ്ടുള്ളതാണ് അവരുടെ പ്രവർത്തനവും ജീവിതവും. വ്യാവഹാരികരാഷ്ട്രീയത്തിൽ അവർ അംഗീകരിക്കപ്പെടാറില്ലെങ്കിലും, രാഷ്ട്രീയമേഖലയിലെ മൂല്യമാനദണ്ഡം തീർത്തും താഴ്ന്നുപോകാതിരിക്കാൻ അവരുടെ സാന്നിദ്ധ്യം ഉതകുന്നുണ്ട് എന്ന വസ്തുത ആർക്കും നിഷേധിക്കാനാവില്ല.*

*എല്ലാം ഏകം എന്ന സത്യബോധത്തിൽനിന്നാണ് എല്ലാ മാനുഷികമൂല്യങ്ങളും ഉദയംകൊള്ളുന്നത് എന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടാണ്, എല്ലാ മാനുഷികമൂല്യങ്ങളുടെയും സ്രോതസ്സ് ഉണ്മയെ സംബന്ധിച്ചു മനുഷ്യൻ സ്വരൂപിക്കുന്ന ആത്യന്തികകാഴ്ചപ്പാടായ മതമാണ്, എന്ന് ആവർത്തിച്ചു പറഞ്ഞുപോകുന്നത്. അതു ശരിയെങ്കിൽ, മൂല്യങ്ങൾ രാഷ്ട്രീയമുൾപ്പെടെ മനുഷ്യന്റെ എല്ലാ ജീവിതവ്യവഹാരങ്ങളിലും പ്രതിഫലിക്കുക മാത്രമാണുചെയ്യുന്നതെന്നും അതു രാഷ്ട്രീയാതീതവും രാഷ്ട്രീയേതരവുമാണെന്നും പറയേണ്ടിവരും.*

*മുഖക്കുറിയുടെ മുഖ്യപ്രമേയത്തെ അവഗണിച്ചുകൊണ്ടാണെങ്കിലും പ്രതികരിച്ചതിന് ശ്രീ അഹ്മ്മദ് അഷ്റഫിനു നന്ദി!*

*– എഡിറ്റർ*

# 'എന്റെ ദൈവത്തിന് അമ്മയില്ല' – ഒരു പ്രതികരണം

**എ.കെ.എ. റഹിമാൻ**
**(പ്രസിഡന്റ്, ഖുറാൻ സുന്നത്ത് സൊസൈറ്റി, കൊടുങ്ങല്ലൂർ)**

'സത്യജ്വാല' ജൂൺ ലക്കത്തിൽ, ഡോ. (ഫാ.) ജെ. വലിയമംഗലം എഴുതിയ ചെറുലേഖനത്തിലെ 'എന്റെ ദൈവത്തിന് അമ്മയില്ല' എന്ന അദ്ദേഹത്തിന്റെ പ്രസ്താവനയോടു പൂർണ്ണമായും യോജിക്കുന്നു. കാരണം, ദൈവത്തിന് ഉപരിയായി യാതൊന്നുമുണ്ടായിക്കൂടാ. അമ്മയുണ്ടെങ്കിൽ ആ അമ്മയായിരിക്കും ദൈവമാകുക. അതല്ലല്ലോ. ദൈവത്തിന് മനുഷ്യനാകുക സാധ്യമല്ലതന്നെ. ദൈവം ദൈവം, മനുഷ്യൻ മനുഷ്യൻ.

യേശുവിന്റെ യഥാർത്ഥ സ്ഥാനം മനുഷ്യനെന്നും പ്രവാചകനെന്നും ദൂതനെന്നുമാണ്. ദൈവമാണെങ്കിൽ ജനനവും മരണവും, ജനങ്ങൾക്കിടയിൽ വാസവും നടപ്പില്ല. ദൈവം അദൃശ്യനാണ്. മനുഷ്യ-സൃഷ്ടിജാലങ്ങളുടെ സ്വഭാവമാണല്ലോ, ജനനവും മരണവും ആഹാരവും ജീവിതപ്രക്രിയയുടെ വിവിധ ഘട്ടങ്ങളും. അതിനാൽ, ദൈവത്തിനു തുല്യനായി ആരുമില്ല. ദൈവം ആദ്യവും അന്തവുമില്ലാത്ത ഒരുവൻ, സർവ്വശക്തൻ.

## ഒരു തിരുത്ത്!

കഴിഞ്ഞ ലക്കം 18-ാം പേജിൽ, റ്റി.റ്റി. മാത്യു തകിടിയേലിന്റെ 'മതാതീത ആത്മീയത' എന്ന ഗ്രന്ഥത്തിന്റെ വില 200/- രൂപയെന്നു തെറ്റായി കൊടുത്തിരുന്നത് 100/- രൂപാ എന്നു തിരുത്തി വായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

–എഡിറ്റർ

# കാലാപെറുക്ക്!



## ഇപ്പൻ

**ഒ**രു വാർത്തകൊടുക്കാൻവേണ്ടി ദേശാഭിമാനിയിൽ കയറിച്ചെന്നതാണ്. അവിടത്തെ ചെറുപ്പക്കാരനായ റിപ്പോർട്ടർ എന്റെ നേർക്കൊരു ചോദ്യമെറിഞ്ഞു. 'ഇന്ദുലേഖയുടെ അപ്പാ, എന്താണു നിങ്ങളുടെ പ്രശ്നം?' മറുപടി എന്റെ നാവിൻതുമ്പത്ത് ഓടിയാണെത്തിയത്. 'അരവയർ നിറയാതെ കീറ ഉറക്കപ്പായിൽ കിടന്നു പിച്ചും പേയും പറയുന്ന ഭാരതമാതാവിന്റെ കോടിക്കണക്കിനു കുഞ്ഞുമക്കളുടെ നിലയ്ക്കാത്ത നിലവിളികൾ എന്റെ ഉറക്കം കെടുത്തുന്നു!' അത് അയാൾ ആഗ്രഹിച്ച മറുപടി ആയിരുന്നുവെന്നു തോന്നി. അയാളുടെ കണ്ണുകൾ സംതൃപ്തിയോടെ തിളങ്ങി.

കുഞ്ഞുങ്ങൾ പട്ടിണികിടക്കുന്ന ലോകം അസ്വതന്ത്രമാണ്. പോരാ, സർവ്വത്ര നന്മ പുലരുന്ന അവസ്ഥയാണ് സ്വാതന്ത്ര്യം. തിന്മകളോടേറ്റുമുട്ടാതെ 'മുക്തി തന്റെയാ സ്വർഗ്ഗരാജ്യ'ത്തെത്തിച്ചേരാനാവില്ല. നന്മയ്ക്കുവേണ്ടി തിന്മയോടേറ്റുമുട്ടണമെങ്കിൽ നന്മതിന്മകളെക്കുറിച്ചുള്ള തിരിച്ചറിവുണ്ടാകണം. അറിവ് ശാശ്വതമായ മാറ്റങ്ങളുണ്ടാക്കുന്ന സമർത്ഥമായ ആയുധമാണ്. അറിവ് ബുദ്ധിജീവിതലത്തിൽ ഒതുങ്ങിനിന്നാൽ പോരാ. അതു ജനകീയമാവണം. ആശയപ്രചാരണം സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിത്തീരുന്നതങ്ങനെയാണ്. ചുരുക്കിപ്പറഞ്ഞാൽ ആരോഗ്യകരമായ സാമൂഹികാശയങ്ങളുടെ പ്രചാരണം ഏറ്റവും ശ്രേഷ്ഠമായ രാഷ്ട്രീയപ്രവർത്തനമാണ്.

മതനവീകരണക്കാർ രാഷ്ട്രീയത്തിലിടപെടുന്നത് എന്തിനെന്ന് ഒരു ചോദ്യം ഉണ്ടാകാം; ഉണ്ടായിട്ടുമുണ്ട്. ജീവിതത്തെ നന്മയിലേക്കു നയിക്കുന്ന പ്രവർത്തനങ്ങളുടെ ആകെത്തുകയായി രാഷ്ട്രീയത്തെ കണ്ടാൽ ഏതു പ്രസ്ഥാനത്തിനാണ് രാഷ്ട്രീയത്തിൽനിന്ന് ഒഴിഞ്ഞുമാറാനാവുന്നത്? ഓടിമാറാൻ ശ്രമിക്കുന്ന വ്യക്തിയുടെ പോലും ജീവിതത്തെ അടിമുടി നിയന്ത്രിക്കുന്നത് രാഷ്ട്രീയമാണ്. മതസ്ഥാപകരുടെ പവിത്രമായ ആശയലോകത്തെ ഒഴിവാക്കി നിറുത്തിക്കൊണ്ട് ഇവിടെ നിർദ്ദയമായ ഒരു നിരീക്ഷണം നടത്തേണ്ടിയിരിക്കുന്നു. മലീമസമായ വ്യവസ്ഥിതിയെ സംരക്ഷിക്കുന്ന ബലിഷ്ഠമായ കോട്ട സംഘടിതമതമാണ്. അതുകൊണ്ട് ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയിലുള്ള സംഘടിതമതങ്ങളെ പൊളിച്ചടുക്കുക എന്നത് സ്വാതന്ത്ര്യസമരത്തിന്റെ–രാഷ്ട്രീയപ്രവർത്തനത്തിന്റെ–ഒന്നാം ഘട്ടമാണ്. അതുകൊണ്ട് മതനവീകരണവും രാഷ്ട്രീയപ്രവർത്തനംതന്നെ ആണെന്നുവരുന്നു.

കെ.സി.ആർ.എം. ഉൾപ്പെടെയുള്ള മതനവീകരണപ്രസ്ഥാനങ്ങൾ ഇലക്ഷനിൽ മത്സരിക്കണം എന്ന ആശയത്തെ മുൻനിർത്തി 'ചൊറിയിച്ചറിയിക്കണം' എന്ന ലേഖനം ഞാൻ മുമ്പെഴുതിയത് ഈയൊരു തിരിച്ചറിവോടെയാണ്. മെത്രാന്മാർക്കുള്ളതുപോലെ കനത്ത അക്കൗണ്ടില്ലെങ്കിലും നമുക്കും ഒരു ചെറിയ വോട്ടുബാങ്കുണ്ടെന്ന് തെളിയിക്കാൻ അത് ഉതകും. നിരന്തരമായി




ആശയപ്രചാരണവും തിരഞ്ഞെടുപ്പിടപെടലും തുടർന്നാൽ നമ്മുടെ അക്കൗണ്ട് ബാലൻസ് വർദ്ധിച്ചുവരും എന്നകാര്യത്തിൽ സംശയമില്ല. ഇവിടെ പ്രത്യാശാജനകമായ സംഗതി നമ്മുടെ അക്കൗണ്ടിൽ വന്നുവീഴുന്ന ഓരോ വോട്ടും ശത്രുക്കളുടെ വോട്ടുബാങ്കിൽ സുഷിരങ്ങളുണ്ടാക്കുന്നു എന്നതാണ്. അങ്ങനെ നമ്മളൊരു 'മല്ല നെക്കൊല്ലി' നിലയിലെത്തിക്കഴിയുന്നതോടെ മുഖ്യധാരാരാഷ്ട്രീയപാർട്ടികളുടെ കൊതിയൂറുന്ന കണ്ണുകൾ നമ്മെ തൊട്ടുഴിയാൻ തുടങ്ങുന്നു. ആ ഒരവസ്ഥയിലെത്താൻ ഒരു മൂവായിരം വോട്ടിന്റെ ആവശ്യമേയുള്ളൂ. ഒരു മുഖ്യധാരാ രാഷ്ട്രീയപാർട്ടി നമ്മളുമായി സഖ്യത്തിലേർപ്പെട്ടാൽ അതിന്റെ അർത്ഥം നമ്മുടെ ആശയങ്ങളെ അവർ ഭാഗികമായെങ്കിലും അംഗീകരിക്കുന്നുവെന്നാണ്. മുഖ്യധാരാരാഷ്ട്രീയപാർട്ടികൾ ദത്തെടുക്കുന്ന ആശയങ്ങളെ മുഖ്യധാരാമാധ്യമങ്ങൾക്ക് തമസ്കരിക്കാനാവില്ല. ഇതൊന്നും സംഭവിച്ചില്ലെങ്കിലും തിരഞ്ഞെടുപ്പ് നമ്മുടെ അസ്തിത്വം അറിയിക്കാനുള്ള ഒരു സുവർണ്ണാവസരമാണ്. ശാശ്വതമായ മാറ്റങ്ങൾ ആശയപ്രചാരണത്തിലൂടെ മാത്രമേ സംഭവിക്കൂ; കാലക്രമേണയെങ്കിലും. അതുകൊണ്ടാണ് സി.പി.ഐ.(എം.എൽ.) ഉൾപ്പെടെയുള്ള പാർട്ടികൾ മൂന്നക്കസംഖ്യകൾകൊണ്ടു തൃപ്തിപ്പെടേണ്ടിവരും എന്നറിഞ്ഞുകൊണ്ടുതന്നെ ഒരാചാരംപോലെ ഇലക്ഷനിൽ മത്സരിക്കുന്നത്.

ഇലക്ഷനിൽ ഇന്ദുലേഖ തോറ്റുതൊപ്പിയിട്ടു എന്നു പറയാത്തത്, തൊപ്പി വിജയിച്ച പി.സി.ജോർജിന്റെ ചിഹ്നമായതുകൊണ്ടുമാത്രമാണ്. ഈ തോൽവിയുടെ 'അധാർമ്മിക'മായ ഉത്തരവാദിത്വം മുഖ്യസൂത്രധാരനായ ഞാൻ അഭിമാനപൂർവ്വം ഏറ്റെടുക്കുന്നു. ശത്രുക്കളെയും വല്ലപ്പോഴുമൊക്കെ നമ്മൾ സന്തോഷിപ്പിക്കണമല്ലോ, വിശേഷദിവസം അതിർത്തിയിലെ ജവാന്മാർ മധുരം കൈമാറുന്നതുപോലെ.

ഇനിയെഴുതുന്നത് മിത്രങ്ങൾക്കുവേണ്ടിയാണ്. ഇലക്ഷൻ ആലോചനായോഗത്തിൽത്തന്നെ ഞാൻ ഒരുകാര്യം അസന്ദിഗ്ദ്ധമായി പറഞ്ഞിരുന്നു. ഒരൊറ്റ വോട്ടുപോലും കിട്ടിയില്ലെങ്കിലും മുൻകൂട്ടി ജയം നിശ്ചയിക്കപ്പെട്ട ഒരു ഇലക്ഷനാണിത് ഞങ്ങളെ സംബന്ധിച്ചെന്ന്. എന്നുവെച്ചാൽ ഇലക്ഷനു നിൽക്കുന്നതുതന്നെ ജയമാണ്. കിട്ടുന്ന ഓരോ

വോട്ടും വിജയത്തൊപ്പിയിലെ – അതൊരു പ്ലാവില ത്തൊപ്പിയാണെന്നു പരിഹസിച്ചോളൂ – പൊൻതൂവലുകളാണ്. ഞാൻ കോട്ടയം ബസിൽ കയറുന്നു. കണ്ടുനിൽക്കുന്നവർ ധരിക്കുന്നു ഞാൻ കോട്ടയത്തേക്കാണെന്ന്. എന്റെ ഉദ്ദേശ്യം പാലായിൽ ഇറങ്ങുക എന്നതാണ്. എന്റെ ലക്ഷ്യം സാധിച്ചു. ഇവിടെ തോറ്റത് ഞാനല്ല, ഞാൻ കോട്ടയത്തേക്കാണെന്നു തെറ്റിദ്ധരിച്ചവരാണ്.

ഇന്ദുലേഖയുടെ മുഖ്യലക്ഷ്യം അവൾ പ്രതിനിധാനംചെയ്യുന്ന ആശയങ്ങൾ പ്രചരിപ്പിക്കുക എന്നതായിരുന്നു. പൂഞ്ഞാർ മണ്ഡലത്തിലെ പ്രധാനകേന്ദ്രങ്ങളിലും കവലകളിലുമെല്ലാമെത്തി പ്രസംഗിക്കാൻ അവൾക്കു കഴിഞ്ഞു. വലുതും ചെറുതുമായി 80 പ്രസംഗങ്ങളെങ്കിലും അവൾ നടത്തി. ഈരാറ്റുപേട്ടയിലെ പൊതുയോഗം അതിഗംഭീരമായി. 50000 നോട്ടീസുകൾ വിതരണംചെയ്യാനായി. 80 യോഗങ്ങളിലായി 20000 പേരെങ്കിലും അവളെ ശ്രവിച്ചുകാണണം. മിത്രങ്ങളായതുകൊണ്ട് അപ്പൻ മകളെ പുകഴ്ത്തുന്നതു ക്ഷമിക്കുമല്ലോ. ഒരാൾ എന്നോടു പറഞ്ഞു: 'പ്രചാരണത്തിൽ പി.സി. ജോർജ്ജും പ്രസംഗത്തിൽ ഇന്ദുലേഖയുമായിരുന്നു ഒന്നാമത്.' അനൗൺസ്മെന്റുതന്നെ ആശയപ്രചാരണത്തിൽ പുതുമ സൃഷ്ടിച്ചു. ആശയങ്ങളൊക്കെ മുൻലക്കങ്ങളിൽ വന്നിട്ടുള്ളതുകൊണ്ട് വിസ്തരഭയത്താൽ ഒഴിവാക്കുന്നു. ഇലക്ഷൻ കമ്മീഷൻ അനുവദിച്ചിട്ടുള്ള ചെലവിന്റെ 15% കൊണ്ട് അപൂർവ്വമായ ഒരു പ്രചാരണം കാഴ്ചവെക്കാൻ കഴിഞ്ഞുവെന്ന് പൂഞ്ഞാറുകാർ സാക്ഷ്യപ്പെടുത്തും.

ഒരു സ്വതന്ത്രസ്ഥാനാർത്ഥിയെന്ന നിലയിൽ ഇന്ദുലേഖയെ കേരളത്തിലെ മാധ്യമങ്ങൾ പരമാവധി പ്രോത്സാഹിപ്പിച്ചെന്ന് നന്ദിപൂർവ്വം അനുസ്മരിക്കുന്നു. മാധ്യമങ്ങൾ ഒരുവ്യക്തിക്കു കൊടുക്കുന്ന പ്രശസ്തി അയാൾ പ്രതിനിധാനംചെയ്യുന്ന ആശയങ്ങൾക്കു കൊടുക്കുന്ന അംഗീകാരംകൂടിയാണ്. ഇന്ദുലേഖ പ്രതിനിധാനംചെയ്യുന്ന ആശയങ്ങൾ പതുക്കെപ്പതുക്കെയെങ്കിലും പ്രചരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് മാധ്യമങ്ങൾ തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു.

പ്രചാരണപരിപാടിയിൽ ഉടനീളം ആവേശകരമായ ജനകീയസ്വീകരണങ്ങൾ ഏറ്റുവാങ്ങിയ ഇന്ദുലേഖയ്ക്ക് എന്തേ വോട്ടുകളുടെ എണ്ണം ഇത്രകണ്ടു കുറയാൻ? ഇലക്ഷനുശേഷം കെ.സി.ആർ.എം. പ്രതിമാസപരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച ചർച്ചയിൽ പങ്കെടുത്തവരൊക്കെ അമ്പരപ്പോടെ ചോദിച്ച ഒരു ചോദ്യമാണിത്. ഇതിന് എനിക്കുള്ള എളിയ വിശദീകരണങ്ങൾ അക്കമിട്ടുതാഴെ കുറിക്കാം:

1. നമ്മൾ അമിതമായി പ്രതീക്ഷിച്ചതുകൊണ്ടാണ് കുറഞ്ഞുപോയെന്നു തോന്നുന്നത്. സ്വതന്ത്രരായി മത്സരിച്ചപ്പോൾ കൃഷ്ണയ്യർക്കും മാധവിക്കുട്ടിക്കും കിട്ടിയതിൽ കൂടുതലാണിത്. പൂഞ്ഞാറിൽ മത്സരിച്ച സി.പി.ഐ. (എം.എൽ.) നും എസ്.യു.സി.ഐ.യ്ക്കും പി.ഡി.പിക്കും വെൽഫെയർ പാർട്ടിക്കുമൊന്നും നാലക്കത്തിലെത്താൻ കഴിഞ്ഞില്ല.

2. സ്ഥാനാർത്ഥികൾ പ്രതിനിധാനംചെയ്യുന്ന ആശയങ്ങളുടെ തൂക്കത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളെല്ലാവരും വോട്ടുചെയ്യുകയെന്നത് ജനാധിപത്യത്തിന്റെ സഹസ്രദളശോഭാവസ്ഥയാണ്. നിർഭാഗ്യവശാൽ നമ്മുടെ ജനാധിപത്യം ഇനിയും വിടർന്നുതുടങ്ങിയിട്ടില്ലാത്ത ഒരു പൂമൊട്ടാണ്.

3. 99% ആളുകളും ജയിക്കുന്നവർക്കോ ജയിക്കാൻ സാധ്യതയുണ്ടെന്നു തോന്നുന്നവർക്കോ വോട്ടു ചെയ്യാൻ ഇഷ്ടപ്പെടുന്നവരാണ്. ഒഴുക്കിനനുകൂലമായി നീന്തുന്ന പൊതുജനമനഃശാസ്ത്രമാണ് ഇവിടെ പ്രവർത്തിക്കുന്നത്.

4. ഇന്ദുലേഖ നല്ല കുട്ടിയാണ്. കഴിവുണ്ട്. ആശയങ്ങൾ കൊള്ളാം. ആദർശങ്ങൾ കൊള്ളാം. ഇനിയും എത്രയോ അവസരങ്ങൾ കിടക്കുന്നു! അടുത്ത തവണ ഏതെങ്കിലും ഒരു മുന്നണി അവൾക്കൊരു ടിക്കറ്റു കൊടുക്കട്ടെ. ജയിപ്പിക്കുന്ന കാര്യം ഞങ്ങളേറ്റു.

5. ഇന്ദുലേഖ സംശുദ്ധരാഷ്ട്രീയത്തിന്റെ വക്താവാണ്. അശുദ്ധരാഷ്ട്രീയത്തിന്റെ പ്രയോക്താക്കളായിരിക്കെത്തന്നെ, അഭിസാരികയുടെ ചാരിത്രപ്രസംഗംപോലെ അഴിമതിവിരുദ്ധത ഛർദ്ദിക്കുന്നവരും ഇവിടെ മത്സരിക്കുന്നുണ്ട്. അങ്ങനെയുള്ളവരുടെ തോല്‌വിയാണ് പൂഞ്ഞാറിനെ സംബന്ധിച്ച് ഈ തെരഞ്ഞെടുപ്പിന്റെ മുഖ്യ അജണ്ട. മകളേ, ക്ഷമിക്കുക. കുഞ്ഞിനു തരുന്ന വോട്ടുപോലും പാഴായി വലിയ തിന്മകൾ വീണ്ടും തഴച്ചു വളരാൻ ഇടയാക്കിയാലോ?


6. കുത്തിയിട്ടും കൊന്നിട്ടും കട്ടിട്ടും ചെന്നാലും സംരക്ഷിക്കുന്ന നേതാക്കന്മാർ ഒരു വലിയ ആരാധകവൃന്ദത്തെ സൃഷ്ടിക്കും. അവരുടെ ബന്ധുമിത്രാദികളുംകൂടി ചേർന്നാൽ തരക്കേടില്ലാത്ത ഒരു വോട്ടുബാങ്കായി. നിയമം നിയമത്തിന്റെ വഴി സ്വീകരിക്കണമെന്ന നിലപാടുള്ള ഇന്ദുലേഖമാർ, മെത്രാന്മാർക്കുമാത്രമല്ല ഇവർക്കും ചതുർത്ഥിയായിരിക്കും.

7. പണവും മദ്യവും വാങ്ങി വോട്ടു ചെയ്യുന്നവരുണ്ട്. ഈ സാധുക്കൾ അവരുടെ വോട്ടിന്റെ വിലയറിയാത്തവരാണ്. പണത്തിനുവേണ്ടി സ്വന്തം സമർഥരായ കുഞ്ഞുങ്ങളെ വിൽക്കുന്നവരോട് ഇവരെ ഉപമിക്കാം. അറിവില്ലാത്തവർ; ദീർഘവീക്ഷണമില്ലാത്തവർ.

8. പൂഞ്ഞാറ്റിലെ പ്രധാന സ്ഥാനാർത്ഥികൾ ഇലക്ഷൻ കമ്മീഷൻ അനുവദിച്ച ചെലവിന്റെ പതിന്മടങ്ങ് വാരിക്കോരി ചെലവഴിച്ചു. ഒരാൾ കേരളത്തിലെ എല്ലാ സ്ഥാനാർത്ഥികളെയും കടത്തിവെട്ടിയിരിക്കണം. ഈ പണമൊക്കെ എവിടെനിന്ന്? 28 ലക്ഷത്തിൽക്കൂടുതൽ ചെലവഴിച്ചവരെല്ലാം സമൂഹമനസ്സാക്ഷിയുടെമുമ്പിൽ തോറ്റവരാണ്.

ചുരുക്കത്തിൽ, ഈ തെരഞ്ഞെടുപ്പനുഭവം →

# 'പൗരോഹിത്യം
## പരിശുദ്ധാത്മാവിന് എതിരായ പാപം'
# – ഒരു പ്രതികരണം



**സാമുവൽ കൂടൽ**

'പൗരോഹിത്യം പരിശുദ്ധാത്മാവിന് എതിരായ പാപം' എന്ന തലക്കെട്ടിൽ എന്റെ സ്നേഹിതൻ ജോർജ് മൂലേച്ചാലിൽ 2016 മെയ് ലക്കം 'സത്യജ്വാല'യിൽ എഴുതിയ എഡിറ്റോറിയൽ ഒരു മലങ്കര ക്രിസ്ത്യാനിയും വായിക്കാതെ പോകരുതേ.. "മനുഷ്യന്റെ വിശേഷ ബുദ്ധിയെയും അവിടെ കുടികൊള്ളുന്ന ദൈവത്തിന്റെ പരിശുദ്ധാരൂപിയെയും തടവിലാക്കിയിരിക്കുന്ന പൗരോഹിത്യമെന്ന സ്ഥാപനത്തെ നിഷ്ക്കാസനം ചെയ്തുകൊണ്ടുമാത്രമേ, മതത്തെയും മനുഷ്യനെയും അവനിലെ ദൈവികാരൂപിയെയും സ്വതന്ത്രമാക്കാനാവൂ. അതുകൊണ്ട്, മനുഷ്യവിരുദ്ധവും മതവിരുദ്ധവും ദൈവവിരുദ്ധവുമായ പൗരോഹിത്യത്തിനെതിരായും, മനുഷ്യനിലെ ബൗദ്ധികവും കാല്പനികവുമായ അന്വേഷണാത്മകതയെ തട്ടിയുണർത്തി അവനെ മനസ്സിന്റെ ആഴങ്ങളിലേക്കു നയിക്കുന്ന ആദ്ധ്യാത്മികാചാര്യത്വത്തിനനുകൂലമായും ഭാരതത്തിന്റെ തനതുരീതിയിൽ യേശുസൂക്തങ്ങളിലൂന്നിയുള്ള ഒരു ജ്ഞാനപ്രസ്ഥാനത്തിനു തുടക്കമിടാൻ ഇന്ത്യൻ ക്രൈസ്തവർക്കു കഴിയേണ്ടതുണ്ട്. അവർക്കേ അതിനു കഴിയൂതാനും" എന്ന അദ്ദേഹത്തിന്റെ വാക്കുകളിലെ സത്യത്തിന്റെ ശക്തി തിരിച്ചറിയാൻ ഇനിയും നാം വൈകരുതേ...

കർത്താവ് വെറുത്ത പുരോഹിതനെന്ന സാധനത്തെ ക്രിസ്ത്യാനികളായ നമുക്കെന്തിനാണ്? ക്രിസ്തു പോകരുതെന്ന് പറഞ്ഞ പള്ളി നാടായ നാടൊക്കെ നമ്മുടെ കാശുകൊണ്ടു പണിത് അതിൽ കൂദാശക്കച്ചവടം നടത്തി നമ്മെ ചൂഷണംചെയ്തു രാജകീയമായി സുഖിച്ചുവാഴുന്ന ഇവരെ നമുക്കെന്തിന്? നമ്മിലെ 'ഞാൻ' എന്ന ദൈവത്തെ കാണാൻ എന്തിനു മനസിനു വെളിയിൽ പുരോഹിതർ? നമ്മുടെ പിതാക്കന്മാർക്കു കൈമോശംവന്ന ഭാരതത്തിന്റെ വേദാന്തജ്ഞാനം നമുക്കും നേടണമെങ്കിൽ, പരിശുദ്ധാത്മാവിനെതിരായ പാപത്തിൽ വസിക്കുന്ന പുരോഹിതരെ ജീവിതത്തിൽനിന്നും അടർത്തി മാറ്റുക!

സൂര്യനല്ല നമുക്കു വെളിച്ചം തരുന്നത്; നമ്മിലെ ആത്മാവെന്ന ഉൾവെളിച്ചം ആണെന്നറിയുക! കണ്ണല്ല നമ്മെ കാണിക്കുന്നത്; കണ്ണിനും കണ്ണായ ആത്മനാണ്! മനസിന്റെ അടിത്തട്ടിൽ മനസിനെ ഉണർത്തുന്ന ബോധമായ, ചൈതന്യമായ, 'ആത്മാവി'നെ ഈ പോഴൻ പാതിരി, നമ്മുടെ മനസിനു വെളിയിലിരുന്ന് എങ്ങനെ നമുക്കു കാണിച്ചുതരും? തട്ടിപ്പ്! പുരോഹിതതട്ടിപ്പാണ് ലോകത്തിലെ ഏറ്റവും വലിയ തട്ടിപ്പ്.

"ആരുമാരുമാറിയാതെൻ ചേതസിന്നുള്ളിൽ നിത്യ–
ചേതനയായ് വാഴുമീശാ ആയിരം സ്തോത്രം;
മാനസത്തിൻ ഇടനാഴി മർമ്മരം കേൾക്കാൻ,
ചാരേ കാതു ചേർത്തോർത്തിരിക്കുന്ന സ്നേഹിതാ സ്തോത്രം!" എന്ന് എന്റെ 'സാമസംഗീത'ത്തിന്റെ ഒന്നാംപാട്ടിന്റെ പല്ലവിയായി എന്നെ പാടാൻ നിയോഗിച്ചതോർത്ത് ഉള്ളിൽ ഹർഷോന്മാദം!

ഫോൺ: 9447333494

---

എന്നെ പഠിപ്പിച്ച മുഖ്യപാഠം ഇതാണ്: ഭൂമിയിൽനിന്നു കാലുപറിക്കപ്പെട്ടാൽമാത്രം ശക്തി നഷ്ടപ്പെടുന്ന അക്കില്ലസ് മല്ലന്മാരാണു നമ്മുടെ നേതാക്കന്മാർ. ജനങ്ങളുടെ അജ്ഞതയുടെ വരണ്ട മണ്ണിലാണ് അവർ കാലുറപ്പിച്ചു നിൽക്കുന്നത്. അതുകൊണ്ട്, രാഷ്ട്രീയജീർണ്ണതയിൽനിന്നു മോചനം പ്രാപിക്കാനുള്ള ഏക പോംവഴി ജനങ്ങളെ അജ്ഞതയിൽനിന്നു മോചിപ്പിക്കലാണ്. പരാജയം എന്നെ ഒളിച്ചോടാനല്ല പ്രേരിപ്പിക്കുന്നത്. മറിച്ച്, കൂടുതൽ കർമ്മോന്മുഖനാകാനാണ്. ആഫ്രിക്കൻ യാത്രാവിവരണത്തിൽ പൊറ്റക്കാട് തദ്ദേശവാസികളെക്കുറിച്ച് എഴുതുന്നു. അവിടെ മാരിയേജ് മാർക്കറ്റിൽ ഏറ്റവും വില, താൻ കൊന്നുതിന്ന മനുഷ്യരുടെ ലിംഗം മുറിച്ചെടുത്തു വലിച്ചുനീട്ടി ഉണക്കിയെടുത്തു കോർത്തു കെട്ടിയ വലിയ മാലകൾ ധരിച്ചവർക്കാണ്. ഈ സാധുക്കളെ നോക്കി നമ്മൾ പരിഹസിച്ചു ചിരിക്കുന്നു. സത്യത്തിൽ നമ്മൾ ഇവരെക്കാൾ അപരിഷ്കൃതരാണ്! ഏറ്റവും കൂടുതൽ അഴിമതി നടത്തിയ നേതാവ് ഏറ്റവും സമർത്ഥൻ എന്നു സാക്ഷ്യപ്പെടുത്തുകയല്ലേ ഈ ഇലക്ഷനിൽ നമ്മൾ ചെയ്തത്?

'ലോലമാം ക്ഷണമേ വേണ്ടൂ ബോധമുള്ളിൽ ജ്വലിപ്പാനും
മാലണയ്ക്കും തമസ്സാകെ മാഞ്ഞുപോവാനും'

അജ്ഞാനത്തിന്റെ ഇരുട്ടു മായാനും വിജ്ഞാനത്തിന്റെ പ്രകാശം പരക്കാനും ഒരു ക്ഷണനേരം മതിയത്രേ! 'ആം ആദ്മി'യുടെ അട്ടിമറിവിജയം പ്രതീക്ഷ പകരുന്നു. ഇന്ദുലേഖയെ 'ആം ആദ്മി' ക്ഷണിക്കുന്നു. ഈ ഇലക്ഷന്റെ മുഖ്യഫലം അതാണെന്നു വരാം. ●

# സഭയിലെ മരിച്ചടക്കുപ്രശ്നം

ഫാ. ഡാർലി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി

**അ**ന്തരിച്ച നടൻ അഗസ്റ്റിൻ യാക്കോബായ സഭയിലെ അംഗമായിരുന്നുവെന്നത് (സത്യജ്വാല – ജൂൺ – പേജ് 33) ആദ്യ അറിവാണ്. അഗസ്റ്റിൻ, എന്ന പേര് യാക്കോബായ സഭയിലെ അംഗങ്ങളിൽ സർവ്വ സാധാരണമല്ല. മാർട്ടിൻ, ജസ്റ്റിൻ, അഗസ്റ്റിൻ മുതലായ പേരുകൾ കത്തോലിക്കാസഭയിലെ നാമങ്ങളായിട്ടാണ് പൊതുവെ അറിയപ്പെടുന്നത്. ഏതു സഭയിലാണെങ്കിലും 'മരിച്ചവരെ അടക്കുക എന്നത് പുണ്യകർമ്മം' തന്നെയാണ്. മാമ്മോദീസാ മുക്കിയ പള്ളിയിൽത്തന്നെ അന്ത്യവിശ്രമം അഗസ്റ്റിൻ ആഗ്രഹിച്ചതായി സംവിധായകൻ രഞ്ജിത്ത് പറയുന്നു. മാമ്മോദീസാ മുങ്ങിയവർ ജനിച്ചു വളർന്ന സഭയുടെ ചട്ടക്കൂടിനുള്ളിൽ, സഭയുടെ ആചാരാനുഷ്ഠാനങ്ങളിൽ വിശ്വസിച്ച് ഒരു സമർപ്പിതജീവിതം നയിക്കുവാൻ ബാദ്ധ്യസ്ഥരല്ലേ?

ജീവിതം ആസ്വദിക്കുന്ന പ്രായത്തിൽ തോന്നിയപോലെ തന്നിഷ്ടക്കാരനായി ജീവിക്കുകയും മരണാനന്തരം ഇടവകപ്പള്ളിയിൽ അന്ത്യനിദ്ര ആഗ്രഹിക്കുകയും ചെയ്യുന്ന ആത്മീയത വിരോധാഭാസമാണ്. അങ്ങനെയെങ്കിൽ, ഒരു സഭയ്ക്കും സംഘടനകൾക്കും നടപടിക്രമങ്ങൾ ആവശ്യമില്ലല്ലോ! പ്രിയങ്ക ചോപ്ര ഒരു സിനിമാനടി മാത്രമാണ്. പ്രിയങ്ക ഇന്ത്യാമഹാരാജ്യത്തിനുവേണ്ടി എന്തെങ്കിലും നന്മ ചെയ്തതായി കേട്ടറിവില്ല. പ്രിയങ്കയുടെ മുത്തശ്ശി എന്നത് ഏതെങ്കിലും പള്ളി ബഹുമാനിക്കേണ്ടതായ ഒരു പദവിയും അല്ല.

മേരി ജോൺ അന്യമതസ്ഥനെ വിവാഹം ചെയ്തുവെന്നത് തെറ്റല്ല. അതവരുടെ വ്യക്തിസ്വാതന്ത്ര്യമാണ്. വിവാഹംചെയ്ത പുരുഷനെ ക്രിസ്ത്യാനിയായി മാമ്മോദീസാ മുക്കി സ്വന്തം ഇടവകയിൽവച്ച്, ക്രിസ്തീയ ആചാരമനുസരിച്ച്, മേരി ജോൺ വിവാഹം നടത്തിയിരുന്നുവെങ്കിൽ ശവസംസ്കാരത്തർക്കം ഉടലെടുക്കുമായിരുന്നില്ല. ഭർത്താവിന്റെ മതാചാരപ്രകാരം വിവാഹം നടത്തുകയും 93 വയസ്സുവരെ ഭർത്താവിന്റെ വിശ്വാസത്തിൽ പങ്കാളിത്തം വഹിക്കുകയുംചെയ്ത മേരി ജോൺ ജീവിതസായാഹ്നത്തിൽ പള്ളിയിലേക്കു തിരിച്ചുവരവ് കാംക്ഷിച്ചതിന്റെ പൊരുൾ എത്ര ചിന്തിച്ചിട്ടും മനസ്സിലാകുന്നില്ല. സുബോധം നഷ്ടപ്പെടുന്ന ദുരവസ്ഥയിൽ മാതൃസഭയിലേക്ക് എന്തിനാണ് ഒരു മടക്കയാത്ര?

പരലോകമോക്ഷപ്രാപ്തിക്ക് മാമ്മോദീസാ മുങ്ങിയ പള്ളിയിലെ അന്ത്യവിശ്രമം അനിവാര്യമല്ല. എറണാകുളത്തെ അതിപ്രശസ്ത മനഃശാസ്ത്രജ്ഞനും ഇടതുപക്ഷ ചിന്താഗതിക്കാരനുമായ ഡോ. കെ. എസ്. ഡേവിഡ് എന്റെ സുഹൃത്താണ്. ഡോക്ടർ, കുന്നംകുളം ഓർത്തഡോക്സ് സഭയിലെ അംഗമാണ്. അദ്ദേഹത്തിന് എറണാകുളം ഓർത്തഡോക്സ് പള്ളിയുടെ വിലപേശൽ കാരണം ഭാര്യയുടെ മൃതദേഹം പച്ചാളം ശ്മശാനത്തിൽ ദഹിപ്പിക്കേണ്ടിവന്നു. പള്ളി 75,000 രൂപാ ആവശ്യപ്പെട്ടിടത്ത് കേവലം 450 രൂപയ്ക്ക് ദഹിപ്പിക്കൽ പ്രക്രിയ നടന്നു. ഇനിയുള്ള കാലം ഇതൊക്കെ മനുഷ്യർക്കു മാതൃകയാക്കാവുന്നതാണ്. മൃതദേഹം ദഹിപ്പിക്കുന്നതിന് തിരുവചനത്തിൽ തടസ്സമുള്ളതായി അറിവില്ല.

ശ്രീനാരായണ ഗുരുവിനോട് മൃതദേഹം എന്തു ചെയ്യണമെന്ന് ശിഷ്യന്മാർ ചോദിച്ചതായി വായിച്ചിട്ടുണ്ട്. കൊപ്രാ ആട്ടുന്ന ചക്കിലിട്ടാട്ടി തെങ്ങിന് വളമായി ഇടാനാണ് ഗുരു മൊഴിഞ്ഞത്. കുടുംബജീവിതത്തിന്റെ വസന്തകാലത്ത് പലപ്പോഴും പലരും വേരുകളെക്കുറിച്ച് ഓർക്കാറില്ല. സായന്തനമെത്തി ഞരമ്പുകൾ ക്ഷീണിച്ച്, കാഴ്ച മങ്ങിത്തുടങ്ങുമ്പോഴാണ് മേരി ജോൺ, അഗസ്റ്റിൻ എന്നിവരെപ്പോലുള്ളവർ കീഴോട്ടു നോക്കുന്നത്.

സാമൂഹികമാറ്റങ്ങൾ ക്രൈസ്തവസഭകളും ഇടവകകളും നേതൃത്വവും കണക്കിലെടുക്കേണ്ടതുണ്ട്. പാരമ്പര്യവും സംസ്കാരവുമെല്ലാം പിന്നോട്ടു മാറ്റപ്പെട്ടുകഴിഞ്ഞുവെന്നതാണ് യാഥാർത്ഥ്യം. മതേതര കല്യാണങ്ങൾ ഏറിവരുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. മേരി ജോൺ ഒരു ലക്ഷണവും സൂചനയുമാണ്. ഇത്തരം ശവസംസ്കാരപ്രശ്നങ്ങൾ ഇനിയും വരാനിരിക്കുന്നതേയുള്ളൂ. ഇത്തരക്കാർക്കായി സഭാനിയമങ്ങളിൽ കാലാനുസൃത മാറ്റം വരുത്താൻ സഭകൾക്കു കഴിയണം. വിവാഹവും മരിച്ചടക്കും ശബരിമല-മൂകാംബിക സന്ദർശനവുംമറ്റും പുതിയ വെല്ലുവിളികളാണ്. മേല്പറഞ്ഞവയെല്ലാം കണക്കിലെടുത്ത് പുതിയ പരിഷ്ക്കരണങ്ങൾക്കു തുടക്കംകുറിക്കാൻ സഭ വൈകരുതെന്ന മുന്നറിയിപ്പാണ് മേരി ജോൺ – അഗസ്റ്റിൻ സംഭവങ്ങൾ സൂചിപ്പിക്കുന്നത്.

ഫോൺ: 0481–2740515

*– ബഹു. ഫാ. ഡാർലി എടപ്പങ്ങാട്ടിൽ തന്റെ പ്രതികരണത്തിന്റെ അവസാനഖണ്ഡികയിൽ പ്രകടിപ്പിച്ചിരിക്കുന്ന അഭിപ്രായങ്ങളും, അതുവരെ എഴുതിയ അഭിപ്രായങ്ങളും തമ്മിൽ വല്ലാത്തൊരു വൈരുദ്ധ്യം അനുഭവപ്പെടുന്നതു ചൂണ്ടിക്കാണിക്കാതിരിക്കാൻ കഴിയുന്നില്ല. സഭാനിയമങ്ങളിൽ കാലാനുസൃതമായ മാറ്റം വരുത്താൻ സഭകൾക്കു കഴിയണം എന്നു പറയുന്ന അദ്ദേഹം, നടൻ അഗസ്റ്റിന്റെയും നടി പ്രിയങ്കാ ചോപ്രയുടെ മുത്തശ്ശി മേരി ജോണിന്റെയും അന്ത്യാഭിലാഷത്തെ പഴിക്കുകയും പരിഹസിക്കുകയുമാണു ചെയ്തത്.*

*'മാമോദീസാ മുങ്ങിയവർ ജനിച്ചുവളർന്ന സഭയുടെ*

*ചട്ടക്കൂടിനുള്ളിൽ, സഭയുടെ ആചാരാനുഷ്ഠാനങ്ങളിൽ വിശ്വസിച്ച് ഒരു സമർപ്പിതജീവിതം നയിക്കുവാൻ ബാധ്യസ്ഥരല്ലേ" എന്നും, "ജീവിതം ആസ്വദിക്കുന്ന പ്രായത്തിൽ തോന്നിയപോലെ തന്നിഷ്ടക്കാരനായി ജീവിക്കുകയും മരണാനന്തരം ഇടവകപ്പള്ളിയിൽ അന്ത്യനിദ്ര ആഗ്രഹിക്കുകയും ചെയ്യുന്ന ആത്മീയത വിരോധാഭാസമാണ്. അങ്ങനെയെങ്കിൽ ഒരു സഭയ്ക്കും സംഘടനകൾക്കും നടപടിക്രമങ്ങൾ ആവശ്യമില്ലല്ലോ" എന്നുമൊക്കെ അദ്ദേഹം എഴുതിയിരിക്കുന്നു! വിവാഹംചെയ്ത പുരുഷനെ ക്രിസ്ത്യാനിയായി മാമോദീസാ മുക്കാഞ്ഞതിലും, ഭർത്താവിന്റെ വിശ്വാസത്തിൽ പങ്കാളിത്തംവഹിച്ചു ജീവിച്ചതിലും മേരി ജോണിനെ കുറ്റപ്പെടുത്തിയിട്ടുമുണ്ട്, അദ്ദേഹം! പരലോകപ്രാപ്തിക്ക് പള്ളിയിലെ അന്ത്യവിശ്രമം അനിവാര്യമൊന്നുമല്ലെന്നു പറഞ്ഞ് ക്രൈസ്തവർക്ക് പൊതുശ്മശാനം ശിപാർശചെയ്യാനും അദ്ദേഹത്തിനു മടിയുണ്ടായില്ല!*

*വളർന്നുവന്ന സഭയുടെ ചട്ടക്കൂടിനുള്ളിൽ സഭയുടെ ആചാരാനുഷ്ഠാനങ്ങളിൽ വിശ്വസിച്ചുള്ള ജീവിതമാണ് സമർപ്പിതജീവിതവും ആത്മീയജീവിതവുമെന്ന ഒരു കാഴ്ചപ്പാടിൽനിന്നാണ് ബഹു. ഫാ. ഡാർലി ഈ വിഷയത്തെ സമീപിച്ചതെന്നു തോന്നുന്നു.*

*ക്രൈസ്തവസമൂഹം അവരുടെ അന്ത്യവിശ്രമത്തിനായി തങ്ങളുടെതന്നെ ചെലവിൽ പണിതീർത്തിട്ടുള്ളതാണ് ഓരോ പള്ളിയിലെയും സിമിത്തേരികൾ. അക്കാരണത്താൽത്തന്നെ അവിടെ അന്ത്യവിശ്രമംകൊള്ളാൻ അവർക്കും അവരുടെ പിൻതലമുറകളിലുള്ളവർക്കും അവകാശമുണ്ട്. ആർക്കെങ്കിലും ഈ അവകാശം നൽകേണ്ടെന്നു തീരുമാനിക്കാനുള്ള അവകാശം, സ്വാഭാവികനീതിയനുസരിച്ച് ആ ഇടവകസമൂഹത്തിനാണുള്ളത്; സഭയ്ക്കോ അതിലെ പുരോഹിതവിഭാഗത്തിനോ അല്ല.*

*ജന്മനാടു വിട്ടുജീവിക്കേണ്ടിവരുന്നവരെ സംബന്ധിച്ച്, ജനിച്ചുവളർന്ന സ്വന്തം നാടിനോടും ഇടവകയോടുമെല്ലാം ഗൃഹാതുരത്വപരമായ വികാരമാണുള്ളത്. അതു മാനുഷികമായതിനാൽ മാനിക്കപ്പെടേണ്ടതുമാണ്.*

*ദൈവം മനുഷ്യനു നൽകുന്ന താലന്തുകളാണ്, കലാപരവുംമറ്റുമായ സർഗ്ഗശേഷികൾ. അതു പലമടങ്ങായി വർദ്ധിപ്പിച്ചു (മത്താ. 14:39) ദൈവേഷ്ടം നിറവേറ്റുകയാണ്, ഒരു കലാകാരനിൽ അർപ്പിതമായ മുഖ്യകടമ. അല്ലാതെ, യേശു പറയാത്തതും പുരോഹിതസൃഷ്ടവുമായ ദൈവശാസ്ത്രസിദ്ധാന്തങ്ങളിൽ വിശ്വസിച്ചും അവരുടെ നിയമങ്ങളനുസരിച്ചും അനുഷ്ഠാനങ്ങൾ ആചരിച്ചും വീതിയേറിയ ആൾക്കൂട്ടവഴിയിലൂടെ ഒഴുകുകയെന്നതല്ല. ഏതായാലും കലാകാരന്മാരുടെ തനിമയും വ്യത്യസ്തതകളുമുണ്ടായേക്കാവുന്ന ജീവിതത്തെ, തോന്നിയപോലുള്ള തന്നിഷ്ടജീവിതമായി തരംതാഴ്ത്തിക്കണ്ടതു ശരിയായി എന്നു തോന്നുന്നില്ല. അതുപോലെ, സ്നേഹിച്ച പുരുഷനുവേണ്ടി സ്വന്തം നാടും സംസ്കാരവും ത്യാഗപൂർവ്വം മാറ്റിനിർത്തി, മതംമാറണമെന്ന വ്യവസ്ഥയൊന്നും വയ്ക്കാതെ, ഭർത്താവിനൊപ്പം അദ്ദേഹത്തിന്റെ സംസ്കാരത്തിൽ ജീവിക്കാൻ തയ്യാറാകുകയും ദീർഘകാലം കുടുംബജീവിതം നയിക്കുകയുംചെയ്ത മേരിജോണിന്റെ ജീവിതത്തെ താഴ്ത്തിക്കെട്ടിയതും ഉചിതമായി തോന്നിയില്ല.*

*ഇത്തരം ഓരോ സന്ദർഭത്തിലും യേശു എന്തു ചെയ്യുമായിരുന്നുവെന്ന് ഹൃദയപൂർവ്വകമായ ഒരന്വേഷണം നടത്തുവാൻ പ്രാപ്തരാകേണ്ടതുണ്ട്, എല്ലാവരും. അങ്ങനെയെങ്കിൽ, മനുഷ്യനിർമ്മിത നിയമങ്ങൾ മനുഷ്യനുവേണ്ടി മാറ്റിവയ്ക്കാനും നമുക്കു പ്രാപ്തിയുണ്ടാകും. എങ്കിൽ മാത്രമേ, അതിനു കഴിയൂതാനും.* ●

**രസഗുള തുടർച്ച....**

ടുത്തു: ഫൊറോനയിൽനിന്നു നിഷ്കാസിതനായ വല്യച്ചൻ, കണ്ണടച്ചുതുറക്കുംമുമ്പേ, മാളിയേക്കനെ തള്ളി താഴെയിട്ട്, പോങ്ങുമ്മൂട്ടിലെ സീറോ പള്ളിയുടെ 'മാർപ്പാപ്പ' ആയി സ്വയം അവരോധിച്ചു. മാളിയേക്കന് തൽക്കാലത്തേക്കെങ്കിലും തസ്തികയില്ലാതായി. ആത്യന്തികമായ ദൈവികനീതി അങ്ങനെ നടപ്പാക്കപ്പെട്ടു. അടുത്ത ഊഴം വല്യച്ചനാണ്. അത് ഇതിലും ഭീകരമായിരിക്കും. ദൈവം വലിയവനാണ്. ഏതു പാപ്പായെക്കാളും വലിയവൻ.

അതിനിടയിൽ പ്രസിഡന്റിനുവേണ്ടി കനത്ത തിരിച്ചടി കൊടുത്തതു സാക്ഷാൽ മജീഷ്യൻ മുതുകാട്. ഭൗതികസമ്പത്തിന് ആർത്തിപൂണ്ടോടുന്ന പുരോഹിതവർഗ്ഗത്തിന്റെ പ്രതിനിധി, പള്ളിക്കുപിന്നിലെ ഭൂമി വാങ്ങാൻ പിരിച്ച പണം തികയാതെ വന്നപ്പോൾ, താൻ കാലുവാരിയ പ്രസിഡന്റിന്റെ കാലിൽത്തന്നെ വീണു: 'രക്ഷിക്കണം, മജീഷ്യൻ മുതുകാടിനെ കൊണ്ടുവന്നു പണം പിരിച്ചു തരണം.' പിതാവേ, ഇവരോടു പൊറുക്കേണമേ എന്നു കുരിശിൽക്കിടന്ന് പ്രാർത്ഥിച്ച നേതാവിനെ ഓർത്ത് പ്രസിഡന്റ് അതിനുള്ള ഏർപ്പാടുകൾ ചെയ്തു. മുതുകാട് എത്തുമെന്നായപ്പോൾ, സംഘാടകർ തനിസ്വഭാവം വീണ്ടും പുറത്തെടുത്തു. സഹായിച്ചവനെ കറിവേപ്പിലയാക്കി തള്ളി. അതെല്ലാം കേട്ടറിഞ്ഞ മുതുകാട്, തന്റെ മഹേന്ദ്രജാലവേദിയിൽ നന്ദികെട്ടവന്മാർ നയിച്ച വൻസദസ്സിനോടു പറഞ്ഞു: 'ഞാൻ ഇന്ന് ഇവിടെ ലക്ഷങ്ങൾ ഇളവു നൽകി ഈ പരിപാടി ഗംഭീരമാക്കിയത് നിങ്ങളുടെ പ്രസിഡന്റിനോടും കുടുംബത്തോടുമുള്ള ചിരകാല സ്നേഹവും കടപ്പാടും കൊണ്ടുമാത്രം. അതിനാൽ നന്ദിയുള്ളവരായിരിക്കുവിൻ!' (വാലാട്ടി നായ്ക്കളെപ്പോലെ നന്ദിയുള്ളവരായിരിക്കുവിൻ എന്നു നന്ദികെട്ടവരോടു പറയാതിരുന്നത്, മുതുകാട് സംസ്കാരസമ്പന്നനായതുകൊണ്ടുമാത്രം. നന്ദി എന്ന രണ്ടക്ഷരം അച്ചൻ-കന്യാസ്ത്രീ വർഗ്ഗത്തിന്റെ നിഘണ്ടുവിൽ ഒരിക്കലും ഉണ്ടാവില്ലെന്ന കാര്യം മഹാമാന്ത്രികന് അറിയില്ലല്ലോ!) ●

# രസഗുള

## കുഴിച്ചുമൂടപ്പെട്ട
# ഒരു പിതൃവേദിയുടെ കഥ

**പോ**ങ്ങുമ്മൂടു 'സീറോ'പള്ളിയിൽ പിതൃവേദിക്കു തുടക്കമിട്ടത്, കഴക്കൂട്ടം രൂപതയുടെ സഹായമെത്രാനാകാൻ കുപ്പായം തയ്പ്പിച്ച, മാർക്കറ്റിങ്–പി.ആർ. വിദഗ്ധനായ ചൂടൻ കത്തനാർ, ഐസക് മുണ്ടുനടയ്ക്കൽ വികാരിയായിരുന്നപ്പോൾ. അംഗങ്ങളുടെ യോഗം വിളിച്ചുകൂട്ടി സർവസമ്മതപ്രകാരം രൂപവൽക്കരിച്ച കമ്മിറ്റി ചുമതലയേറ്റു. താമസിയാതെ ചൂടനു സ്ഥലം മാറ്റം. തൽസ്ഥാനത്തു തണുപ്പനായ ജോസഫ് കൊല്ലത്തുപറമ്പിൽ വികാരിയാകുന്നു. അൽമായസംഘടന അൽമായർ നടത്തട്ടെ എന്നതായിരുന്നു കൊല്ലത്തുപറമ്പന്റെ നയം. പിതൃവേദിക്കു പ്രതിമാസ പൊതുസമ്മേളനങ്ങൾ, ശരണാലയ–ജയിൽസന്ദർശനങ്ങൾ, വീഡിയോ ചിത്രപ്രദർശനം, വായനശാല, വാർത്താപത്രിക, ഇൻഡോർ സ്പോർട്സ്, പച്ചക്കറിവിത്തു വിതരണം, യോഗാപ്രകടനം... അങ്ങനെ നിരന്തരമായ പ്രവർത്തനം! ഇടവകയിലെ കുടുംബങ്ങൾക്കെല്ലാം ഉത്തേജനംനൽകുന്ന പരിപാടികൾ! പ്രഗൽഭരായ എഴുത്തുകാരും പ്രഭാഷകരും മനഃശാസ്ത്രജ്ഞരും കലാകാരന്മാരും പിതൃവേദിയോഗങ്ങളിൽ പ്രസംഗിക്കാനെത്തി. ഓണാഘോഷം, നവവത്സരാഘോഷം അങ്ങനെ എല്ലാവർക്കും ഹരം നൽകിയ ഏർപ്പാടുകൾ. പണപ്പിരിവില്ല, പിഴിച്ചിലില്ല, ആവശ്യങ്ങൾക്കുമാത്രം സംഭാവന സ്വീകരിക്കുന്ന ശൈലി.

ഈ നേട്ടങ്ങളെല്ലാം വിറളിപിടിപ്പിച്ചത്, അന്നു ഫൊറോനാ വികാരിയും വികാരിജനറലുമായിരുന്ന നമ്മുടെ വല്യച്ചനെ. കറവപ്പശുവായ പോങ്ങുമ്മൂട് ഇടവകയിലെ മണ്ടന്മാർക്കു ബുദ്ധിയുദിക്കുമെന്ന നിലയിലായി കാര്യങ്ങളെന്ന തോന്നൽ. പോങ്ങുമ്മൂടിന്മേൽ തന്റെ ഗ്രിപ്പു നഷ്ടപ്പെടുമെന്ന ഭീതി. ഇടവകയുടെ ഉടമകളായ അൽമായരുടെ മേൽ അവരുടെ ശമ്പളക്കാരനായ അച്ചനു ഗ്രിപ്പ് അവകാശപ്പെടാൻ എന്തു കാര്യം? ഇതിനു വളംനൽകാൻ കുരുട്ടുബുദ്ധിക്കാരനായ കപ്യാരും കച്ചകെട്ടി ഇറങ്ങി. തന്റെ തട്ടിപ്പുകൾ പിതൃവേദിവഴി പുറത്തുവരുമെന്ന ഭീതിയായിരുന്നു കപ്യാർക്ക്. 'പള്ളിച്ചെലവിന്' എന്ന പേരിൽ പതിനായിരങ്ങൾ തട്ടിയെടുക്കുന്നവന്, മടിയിൽ കനമുള്ളവന്, പേടിക്കണമല്ലോ. വല്യച്ചൻ പള്ളിയിൽവന്ന് പിതൃവേദിയിലെ 'നാരകീയശക്തികൾ'ക്കെതിരേ പ്രസംഗിച്ചു. തെരുവുനായ കുരയ്ക്കുന്നതിനുതുല്യം അത് അവഗണിക്കപ്പെട്ടു. പിതൃവേദി വിജയകരമായി മുന്നേറി.

അതിനിടെ കൊല്ലത്തുപറമ്പൻ നേർച്ചക്കോഴിയുടെ റോളിൽ ജർമ്മനിയിലേക്കു നാടുകടത്തപ്പെട്ടു. അവിടെ നശിച്ചു നാരായണക്കല്ലു തല്ലിയ ലത്തീൻ കത്തോലിക്കരെ നന്നാക്കാൻ 'സീറോ'സഭയുടെ ബലിയായി ഒരു നേർച്ചക്കോഴി! കനത്ത പ്രതിഫലം കിട്ടും; ലക്ഷക്കണക്കിൽ. രൂപതയ്ക്ക് അതു മതി. 'രൂപ താ' എന്നതാണല്ലോ മുദ്രാവാക്യം. കരഞ്ഞുകൊണ്ടാണ് നേർച്ചക്കോഴി യാത്രയായത്. പകരം വന്നതാകട്ടെ, സൂത്രശാലിയായ ഒരു കുറുക്കൻ. ആ ദിവ്യദേഹത്തിനായിരുന്നു പിതൃവേദിയെ കുഴിച്ചുമൂടാനുള്ള ദൗത്യം. വേദിയുടെ എല്ലാ പ്രവർത്തനങ്ങളും, കമ്മിറ്റിയെ ഒരു വാക്കുപോലും അറിയിക്കാതെ നിരോധിച്ച മാത്യു മാളിയേക്കൽ എന്ന വികാരി, ഇടയ്ക്കിടെ 'വെള്ളാന'സിനിമയിലെ കുതിരവട്ടം പപ്പുവിനെപ്പോലെ 'ഇപ്പ ശര്യാക്കാം, ഇപ്പ ശര്യാക്കാം' എന്നു ജപിച്ചുകൊണ്ടിരുന്നു. അതിനിടെ പിതൃവേദി പ്രസിഡന്റ് ഒരു സാഹസകർമ്മം കാണിച്ചു. പ്രസിദ്ധീകരണത്തിനു തയ്യാറാക്കിയിരുന്ന ഇടവക ഡയറക്ടറി, ഫൊറോനായിലെ സൃഗാലക്കത്തനാരെയും കള്ളക്കപ്യാരെയും അറിയിക്കാതെതന്നെ, കുറഞ്ഞ ചെലവിൽ അച്ചടിപ്പിച്ച് ഇടവകക്കാർക്കെല്ലാം ഫ്രീയായി എത്തിച്ചുകൊടുത്തു. ഇന്നും ഇടവകക്കാരെപ്പറ്റി വിശദമായറിയാൻ ഉള്ള ഒരേയൊരു റഫറൻസ്ഗ്രന്ഥം അതാണ്. അതോടെ അഗ്നിപർവതം പൊട്ടിത്തെറിച്ചു. നേരേ നിന്ന് പ്രസിഡന്റിനെ എതിർത്താൽ വിവരമറിയും എന്ന് മാളിയേക്കനും കപ്യാർക്കും അറിയാമായിരുന്നതിനാൽ വേറൊരു വളഞ്ഞ വഴിക്കു നീങ്ങി. പിതൃവേദി കമ്മിറ്റിയോഗം എന്നുപറഞ്ഞ് പ്രസിഡന്റിനെ പള്ളിയിലേക്കു വിളിപ്പിച്ചു. അവിടെയെത്തുമ്പോൾ, മൂന്നുപേർ, കമ്മിറ്റിയംഗങ്ങളല്ലാത്ത മൂന്നുപേർ, ഹാജർ. മുണ്ടു തോമ്മ, പാന്റു തോമ്മ, പാറത്തോമ്മ (പാറത്തോമ്മാ എന്നും വിളിക്കാം) എന്നിങ്ങനെ വിളിപ്പേരുകളുള്ള മൂന്നു 'സീറോ' ഗുണ്ടകൾ. മുണ്ടു തോമ്മ, പള്ളിഫണ്ടിൽ കൈയിട്ടുവാരുന്നവൻ. പാന്റു തോമ്മ, കത്തനാരന്മാരുടെ കാലുതിരുമ്മി. പാറത്തോമ്മ, സ്വകാര്യ ബ്ലേഡ്ബാങ്കു 'കമ്മീഷ'നർ. മൂന്നുംകൂടി, പ്രസിഡന്റിനുമേൽ കോരിച്ചൊരിഞ്ഞ ഏകപക്ഷീയ അസഭ്യവർഷം അച്ചടിക്കാനോ പുറത്തുപറയാനോ കൊള്ളാത്ത ഭാഷയിൽ. പൗവ്വത്തിൽ മെത്രാൻ കൂദാശചെയ്ത ജോൺപോൾ ഹാളിൽ മുഴങ്ങിയ ഈ തെറിവാക്കുകൾക്ക് മൗനാനുവാദം നൽകിയ മാളിയേക്കൻ ബൈക്കിൽ കയറി സ്ഥലംവിട്ടു. ഒരക്ഷരം തിരിച്ചുപറയാതെ പ്രസിഡന്റ് സ്ഥലം കാലിയാക്കി. ആകമാന ശുദ്ധമാന കത്തോലിക്കാപള്ളിയുടെ വിജയക്കൊടി അങ്ങനെ പോങ്ങുമ്മൂടിനുമേൽ പാറിപ്പറന്നു. അരമണിക്കൂർ കഴിഞ്ഞപ്പോൾ, മാളിയേക്കൻ പ്രസിഡന്റിനെ ഫോണിൽ വിളിച്ചു: 'എന്തു ചെയ്യാനാ സാറേ, അവർ രണ്ടുംകൽപ്പിച്ചായിരുന്നു. ഏതായാലും വലിയ കഷ്ടമായിപ്പോയി!'

ഇടവകയ്ക്കും ഇടവകജനത്തിനുംവേണ്ടി ഒരു വർഷക്കാലം ശാരീരികവും ബുദ്ധിപരവുമായി അദ്ധ്വാനിച്ച, രക്തം വിയർപ്പാക്കി നേടിയ പണം പതിനായിരക്കണക്കിൽ അതിലേക്കു ചെലവഴിച്ച, ഒരു 'കുഞ്ഞാടി'നെ ഈ വിധത്തിൽ അധിക്ഷേപിച്ചവർക്ക് താമസിയാതെ അൽഫോൻസാമ്മ നേരിട്ട് ചുട്ട അടികൊ

(ശേഷം 33–ാം പേജിൽ)

സംസാരിച്ച ഇന്ദുലേഖ 396 സാധാരണ വോട്ടും പിന്നെ ഒരു പോസ്റ്റൽ വോട്ടുമാണ് തനിക്കു ലഭിച്ചതെന്നുപറഞ്ഞു. വോട്ടു ചെയ്ത 397-പേരും ബുദ്ധിശക്തിയും ചിന്താശേഷിയുമുള്ള 397 സിംഹക്കുട്ടികളാണ് എന്നവർ അഭിപ്രായപ്പെട്ടു. പുരോഗമനപരമായി ചിന്തിക്കുന്നവരുടെ പിന്തുണയാണ് തനിക്കു ലഭിച്ചിരിക്കുന്നത്. അതിൽ KCRM-നും അഭിമാനിക്കാവുന്നതാണ്. ഇനി വരുന്ന തിരഞ്ഞെടുപ്പുകളിൽ മറ്റാരെങ്കിലുമൊക്കെ മത്സരിക്കണമെന്ന് അവർ നിർദ്ദേശിച്ചു. നമ്മുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് ധൈര്യമായി ഉപയോഗിക്കാവുന്ന ഒരു വേദിയാണ് തിരഞ്ഞെടുപ്പ്. 17 സ്ഥാനാർത്ഥികൾ മത്സരിച്ചതിൽ 8-ാം സ്ഥാനം ലഭിച്ചുവെന്നുള്ളത് ചെറിയ കാര്യമായി കരുതുന്നില്ലെന്നും, അവർ പറഞ്ഞു.

പിന്നീട് ഇന്ദുലേഖ സംസാരിച്ചത്, സിസ്റ്റർ മേരി സെബാസ്റ്റ്യന്റെ പ്രശ്നവുമായി ബന്ധപ്പെട്ട കാര്യങ്ങളായിരുന്നു. നിയമോപദേശം തേടുന്നതിന് സിസ്റ്റർ തന്നെ സമീപിച്ചിരുന്നുവെന്നും, പ്രതികരിക്കുന്ന സ്വഭാവമുള്ളവരെ ഉൾക്കൊള്ളാൻ മഠത്തിലെ അധികാരികൾക്കു കഴിയാത്തതാണു പ്രശ്നമെന്നു മനസ്സിലായെന്നും അവർ പറഞ്ഞു. സർക്കാർ സഹായത്തോടെ നടത്തുന്ന മന്ദബുദ്ധികൾക്കായുള്ള സ്ഥാപനത്തിൽ നിയോഗിക്കപ്പെട്ട കന്യാസ്ത്രീകൾ ജോലിചെയ്യാതെ ശമ്പളം ഒപ്പിട്ട് വാങ്ങുന്നതിനെതിരായും, കോടിക്കണക്കിനു രൂപയുടെ പ്രോജക്ട് അയച്ചുകൊടുത്ത് ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി വിദേശഫണ്ട് സ്വരൂപിച്ചിട്ട് മറ്റു കാര്യങ്ങൾക്കായി അതു വിനിയോഗിക്കുന്നതിനെതിരായും, ബാലഭവനിലെ കുട്ടികളോട് കന്യാസ്ത്രീകളുടെ വളരെ മോശമായുള്ള പെരുമാറ്റത്തിനെതിരായുമെല്ലാം സിസ്റ്റർ പ്രതികരിച്ചതാണ് അവർക്കു പ്രശ്നമായിത്തീർന്നത്. അതോടെ, പല തരത്തിലുള്ള ആരോപണങ്ങൾ സിസ്റ്ററിന്റെമേൽ ഉന്നയിക്കപ്പെട്ടു തുടങ്ങി. അവിഹിതബന്ധം ആരോപിച്ചും മാനസിക രോഗിയാക്കി ചിത്രീകരിച്ചും ഒറ്റപ്പെടുത്താൻ ശ്രമിച്ചു. സിസ്റ്റർ മഠത്തിൽ സുരക്ഷിതയാണോയെന്ന് സംശയിക്കണമെന്നും അഡ്വ. ഇന്ദുലേഖ പറഞ്ഞു. അധ്യാപികയായി ജോലിചെയ്തതിന്റെ ശമ്പളം മുഴുവൻ കഴിഞ്ഞ ഒക്ടോബർവരെ സിസ്റ്റർ മഠത്തിൽ കൊടുക്കുകയായിരുന്നു. മഠത്തിൽനിന്നു പിരിഞ്ഞുപോകാൻ 30 ലക്ഷം രൂപ ആവശ്യപ്പെട്ടിരിക്കുകയാണ് അവർ. മഠാധികാരികൾക്ക് വക്കീൽ നോട്ടീസയയ്ക്കാൻ തീരുമാനിച്ച വിവരവും ഇന്ദുലേഖ സദസിനെ അറിയിച്ചു. സിസ്റ്ററിന്റെ സുരക്ഷിതത്വത്തിനുവേണ്ടി മാധ്യമങ്ങളുടെ സഹകരണം തേടണമെന്നും ഇന്ദുലേഖ അഭിപ്രായപ്പെട്ടു.

പിന്നീട് JCC സംസ്ഥാന പ്രസിഡന്റ് ശ്രീ ജോസഫ് വെളിവിലാണു സംസാരിച്ചത്. ഇന്ദുലേഖ തിരഞ്ഞെടുപ്പിൽ മത്സരിച്ചത് ആശയപ്രചരണം എന്ന ലക്ഷ്യത്തോടെയായിരുന്നുവെന്നും അതു പൂർണ്ണമായും വിജയിച്ചുവെന്നും അദ്ദേഹം പറഞ്ഞു. 397 വോട്ട് ഒരു കുറഞ്ഞ വോട്ടല്ല. സമാപനസമ്മേളനത്തിലെ ജനക്കൂട്ടം നമ്മളെ കേൾക്കാൻ ജനങ്ങൾ തയ്യാറാണ് എന്നുള്ളതിന്റെ തെളിവാണ്. പിന്നീട് സംസാരിച്ച





വർഗീസ് പറമ്പിൽ നിർദ്ദേശിച്ചത്, ഇന്ദുലേഖ 'ആം ആദ്മി പാർട്ടി'ക്കു സമാനമായ ഒരു പ്രസ്ഥാനത്തിനു രൂപംനൽകണമെന്നാണ്. മുഖ്യമന്ത്രി പങ്കെടുത്ത UDF-മീറ്റിംഗിനെക്കാളും LDF-മീറ്റിംഗിനേക്കാളും ജനസഞ്ചയം ഈരാറ്റുപേട്ടയിലെ സമ്മേളനത്തിനുണ്ടായിരുന്നു എന്നും അദ്ദേഹം പറഞ്ഞു.

എന്തുകൊണ്ട് തിരഞ്ഞെടുപ്പിലിടപെട്ടു എന്ന ചോദ്യത്തിനുത്തരമായി ഇപ്പൻസാർ പറഞ്ഞത്, 'യുദ്ധം ചെയ്യുക എന്നതിനാണ് പ്രാധാന്യം, ജയിക്കുക എന്നതല്ല' എന്നാണ്. ഒരാൾക്കു ലഭിക്കുന്ന പ്രശസ്തി ആശയങ്ങളുടെ പ്രശസ്തിയാണ്. ആശയപ്രചരണത്തിനാണ് പ്രാധാന്യം. ഫലം എന്നെങ്കിലും ലഭിക്കും. 'ആം ആദ്മി പാർട്ടി' ഇന്ദുലേഖയെ ക്ഷണിച്ചിട്ടുണ്ട്. ആ ക്ഷണം സ്വീകരിക്കണമോ എന്നതിനെക്കുറിച്ച് ആലോചിക്കണം. ഇന്ദുലേഖയെ സ്വീകരിക്കുകയെന്നാൽ നമ്മുടെ ആശയങ്ങളെ സ്വീകരിക്കുകയെന്നാണ്. നല്ലനല്ലയാളുകളെ രാഷ്ട്രീയ രംഗത്തേക്കു കൊണ്ടുവരാൻ പ്രേരിപ്പിക്കുവാനും ഈ ഇടപെടലുകൊണ്ടുദ്ദേശിച്ചിരുന്നു, അദ്ദേഹം പറഞ്ഞു. പിന്നീടു സംസാരിച്ച പ്രൊഫ: പി.സി. ദേവസ്യ, ഇപ്പന് എങ്ങനെ ഇന്ദുലേഖയെ സമൂഹത്തിനുവേണ്ടി ഇപ്രകാരം സമർപ്പിക്കാൻ സാധിക്കുന്നുവെന്ന് അത്ഭുതപ്പെട്ടു. ഇന്ദുലേഖയുടെ പ്രവർത്തനങ്ങൾ തുടരണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. അതിനുശേഷം സംസാരിച്ച കെ.കെ. ജോസ് അഭിപ്രായപ്പെട്ടത് KCRM-ന്റെ ലേബലും 'സത്യജ്വാല'യും തെരഞ്ഞെടുപ്പുരംഗത്ത് നമുക്കു ദോഷംചെയ്തോ എന്നു പഠിക്കണമെന്നാണ്. ചർച്ച ഉപസംഹരിച്ചുകൊണ്ട് അധ്യക്ഷൻ നടത്തിയ പ്രസംഗത്തിലും, 'സത്യജ്വാല'യുടെ വിതരണം ഇലക്ഷനിൽ ദോഷംചെയ്തോ എന്നു സംശയം പ്രകടിപ്പിക്കുകയുണ്ടായി.

തിരഞ്ഞെടുപ്പ് അവലോകനത്തിനുശേഷം, കോട്ടയം രൂപത വിശ്വാസികളുടെമേൽ അടിച്ചേല്പിച്ചിരിക്കുന്ന സ്വവംശവിവാഹനിഷ്ഠയ്ക്കെതിരെ, 'ക്നാനായ കത്തോലിക്കാ നവീകരണസമിതി' (KCNS) നൽകിയിട്ടുള്ള കേസിനെക്കുറിച്ച് യോഗം ചർച്ചചെയ്യുകയും, KCRM അതിൽ കക്ഷിചേരാൻ തീരുമാനിക്കുകയും ചെയ്തു. ശ്രീ ജോസാന്റണി മൂലേച്ചാലിൽ യോഗത്തിൽ കൃതജ്ഞത പറഞ്ഞു.

Regd. No: M2-14438/12
RNI Regd. No: KERMAL/2013-52182
Published on 15-07-2016

July 2016
**Sathyajwala**
Price Rs. 15.00

Registered: KL/KTM/133/2014-16
Licence No. KL/CR/KTM/WPP-10/2014-16
Licensed to Post Without Prepayment.

## KCRM പ്രോഗ്രാം റിപ്പോർട്ട്

# ഇലക്ഷനിലെ ഇടപെടൽ ആശയപ്രചാരണത്തിനുവേണ്ടി

**ഷാജു ജോസ് തറപ്പേൽ**






**ക**ഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പിൽ മത്സരിച്ച KCRM-ന്റെ സജീവപ്രവർത്തകയായ അഡ്വ: ഇന്ദുലേഖാ ജോസഫിന്റെ തിരഞ്ഞെടുപ്പു പ്രചരണത്തെയും ഫലത്തെയും സംബന്ധിച്ച വിലയിരുത്തലായിരുന്നു, മെയ്മാസപരിപാടി. മെയ് 25-ന് ചെയർമാൻ ശ്രീ കെ. ജോർജ് ജോസഫിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ശ്രീ ജോർജ് മൂലേച്ചാലിൽ സ്വാഗതം പറഞ്ഞു. ഇലക്ഷൻ വിലയിരുത്തലിനുപുറമേ, KCRM-ന്റെ ചില പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടിംഗ്കൂടി ഈ യോഗത്തിലുണ്ടാകണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. അതുമാനിച്ച്, ശ്രീ കെ. ജോർജ് ജോസഫ്, തന്റെ അധ്യക്ഷപ്രസംഗത്തിൽ KCRM ഏറ്റെടുത്ത ചില പ്രശ്നങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിച്ചു:

പാലാ സി.എം.സി. കോൺവെന്റിൽ നടന്ന സിസ്റ്റർ അമലയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് തെളിവ് നശിപ്പിച്ചവർക്കെതിരെ നടപടിയെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പാലാ പോലീസിൽ KCRM കൊടുത്ത പരാതിക്ക് ഇതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ലെന്നും തുടർനടപടികളെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം അറിയിച്ചു. ചെറുവാണ്ടൂർ പ്രശ്നത്തിൽ വികാരിക്കു വക്കീൽ നോട്ടീസ് അയച്ചിട്ടുണ്ടെന്നും അതിന്റെ ഫലമായി അനുരഞ്ജനത്തിന് പലരും ജയിംസ് കോതകുളത്തിലിനെ സമീപിക്കുന്നുണ്ടെന്നും അദ്ദേഹം പ്രസ്താവിച്ചു. ശ്രീ ജയിംസ് കോതകുളം അതുസംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തു. ചേർപ്പുങ്കൽ സി.എം.സി. മഠത്തിലെ സിസ്റ്റർ മേരി സെബാസ്റ്റ്യനുമായി ബന്ധപ്പെട്ടുണ്ടായിരിക്കുന്ന പ്രശ്നം സംബന്ധിച്ചു വിശദീകരിക്കുകയും, മഠം വിട്ടുപോകാൻ അവർ അധികാരികളോട് 30 ലക്ഷം രൂപ ആവശ്യപ്പെട്ടിട്ടുള്ളതായി അറിയിക്കുകയും ചെയ്തു. പള്ളികൾ കൂദാശ ചെയ്തുകഴിഞ്ഞാൽ മെത്രാന്റേതാണെന്നുള്ള ഹൈക്കോടതിവിധിയുടെ പശ്ചാത്തലത്തിൽ, നമ്മുടെ പ്രതിഷേധം അറിയിക്കുന്നതിനും മേൽ നടപടികളെക്കുറിച്ച് ആശയങ്ങൾ പങ്കുവയ്ക്കുന്നതിനുംവേണ്ടി JCC-മായി ചേർന്ന് ജൂലൈ 11-ന് ജസ്റ്റീസ് കെ.ടി. തോമസിനെ പങ്കെടുപ്പിച്ചുകൊണ്ട് കോട്ടയത്ത് ഐ.എം.എ. ഹാളിൽ ഒരു സെമിനാർ നടത്താൻ തീരുമാനിച്ച കാര്യവും അദ്ദേഹം അറിയിച്ചു. ഇതേതുടർന്നാണ്, ഇലക്ഷൻ അവലോകനപരിപാടി ആരംഭിച്ചത്.

അഡ്വ: ഇന്ദുലേഖാ ജോസഫിന്റെ തിരഞ്ഞെടുപ്പ് കമ്മിറ്റി കൺവീനറായിരുന്ന ശ്രീ മാത്യു എം. തറക്കുന്നേലാണ് ആദ്യം സംസാരിച്ചത്. ആശയപ്രചരണം എന്ന നമ്മുടെ ലക്ഷ്യം വലിയൊരളവോളം സാധിച്ചു എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. എല്ലാ സ്ഥലങ്ങളിലും ആയിരക്കണക്കിന് ആൾക്കാർ പ്രസംഗം കേൾക്കാനുണ്ടായിരുന്നു. ഇലക്ഷൻ പ്രചരണത്തിൽ ഇന്ദുലേഖയോടൊപ്പം മുഴുവൻസമയവും പങ്കെടുത്ത ഈ ലേഖകനാണ് തുടർന്നു സംസാരിച്ച്, അനുഭവങ്ങൾ പങ്കുവച്ചത്. അതിനുശേഷം

Printed & Published by George Moolechalil, Vallichira P.O , Kottayam -686574, owned by ‘Kerala Catholic church Reformation Movement (KCRM), Tharakunnel bldg, Pala P.O., Kottaym, Kerala-686 575, and Printed at Print House, Opp. St.Thomas HSS, Pala, Pala P.O., Kottayam-686 575. Editor : George Moolechalil, Vallichira P.O.,Kottayam, Kerala-686 574.